കോ: ത—കുററമെന്താണെന്നു മഹാരാജാവിനല്ലാതെ ആക്കും അറിഞ്ഞുകൂടാ. പ്രതിവിധി കൈകേയിയുടെ രണ്ടു വരങ്ങളാണ്.

ഒന്നു രാജ്ഞിയെ ഉപേക്ഷിക്കണം. രണ്ടു്, ഇവിടുന്നുമായുള്ള കത്തിടപാടുകൾ നിർത്തി എവിടെയെങ്കിലും പൊയ്ക്കൊള്ളണം.

യു: രാ—എന്നെ ത്യജിക്കുന്നതിൽ സന്തോഷമേയുള്ളു. ആത്മരക്ഷയ്ക്കല്ലേ? എന്നാൽ ഞാൻ കോയിപ്പണ്ടാലയെ നിരസിക്കുന്നകാലം പക്ഷിയടക്കമൂക്കിലേക്കു യാത്രയാകുന്ന കാലത്തേയുണ്ടാവൂ. തടിയേൽ നരശാസനമിരിക്കുമ്പോൾ കേരളകാര്യാർത്ഥമായി സപ്തസമുദ്രങ്ങളും കതിക്കുവാൻ സന്നദ്ധനാണ് ഈ വിശാഖൻ; ദശരഥപുത്രന്റെ "സത്യം കരോമ്യഹം സത്യം കരോമ്യഹം സത്യം മനോക്തം മറിച്ചു രണ്ടാമതാ" എന്നശപഥത്തിൽ സ്ഖലിതങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ എന്റെ പ്രതിജ്ഞയ്ക്കും പഴുതുണ്ടായേക്കാം.

ഇത്രയും ഗദ്ഗദാക്ഷരത്തിൽ പറഞ്ഞവസാനിപ്പിച്ചിട്ട് അശ്രുധാരയോടുകൂടി കോയിത്തമ്പുരാനെ കെട്ടിപ്പുണന്നു. ഒടുവിൽ 'എന്റെ കരുത്തേടത്തിനെ ഇന്നു തന്നെ കാണണം' എന്നുപറഞ്ഞു കോയിത്തമ്പുരാൻ പ്രാർത്ഥനാഭാവത്തിൽ യാത്രയായി.

കോയിത്തമ്പുരാന്റെ വണ്ടിയുടെ ശബ്ദം കേൾക്കാതാകുന്നതുവരെ യുവരാജാവു വെളിയിലേക്കു നോക്കിക്കൊണ്ടിരുന്നു. അനന്തരം മുറിയിൽ തൂക്കിയ രണ്ടു പടങ്ങളിൽ ഓടിച്ചു നോക്കി. രക്തമയമായ ആണിപ്പഴുതുകളോടുകൂടി യേശുക്രിസ്തുവിന്റെ പടം ഒരു ഭാഗത്തും പ്രസാദമയമായ കോയിത്തമ്പുരാന്റെ മുഖം എതിർവശത്തും കണ്ടു ദൃഷ്ടി പ്രസ്തുത ഛായകളിൽ ഉറപ്പിച്ചു. കുരിശു വഹിക്കുന്ന ഭാരം തന്റെ ആത്മമിത്രത്തിനുണ്ടായേക്കുമോയെന്ന ചിന്തയിൽ വ്യാകുലനായി. ആരുടേയോ കാൽപെരുമാററം കേട്ടതുപോലെ തോന്നി വാതുക്കലേക്കു നോക്കിയപ്പോൾ പട്ടക്കാരന്റെ തല യവനികയിൽകൂടി കണ്ടു.

ഒരു പോററി മുഖം കാണിപ്പാൻ വന്നിരിക്കുന്ന വിവരം പട്ടക്കാരൻ തിരുമനസ്സറിയിച്ചു. വിളിക്കട്ടെ എന്നു കല്പിച്ചയുടനേ പോററി തിരുമുമ്പിൽ ഹാജരായി.

പോററി:--തിരുമനസ്സുകൊണ്ടു!

യു: രാ--ഉം! എന്താണ്?

പോററി:--തിരുവെഴുത്തുകണ്ടു ഇങ്ങോട്ടു പുറപ്പെട്ടതാണ്.

യു: രാ--എവിടുന്നാണ്?

പോററി:—അരിപ്പാട്ട് ശാന്തി-കാരാഴ്മ, തിരുവുള്ളം!

യു: രാ—ഓഹോ! മനസ്സിലായി. കണ്ടതു സന്തോഷം. പൂർവ്വീകം.

പോററി:—മങ്കലമ്പുരം.

യു: രാ – അരിപ്പാട്ടുവന്നിട്ട് എത്ര കാലമായി?

പോററി—അഞ്ചുമാസം

യു: രാ-മലയാളം നല്ലവണ്ണം പഠിക്കണം. കേട്ടുവോ?

പോററി—കല്പനപോലെ.

യു: രാ—വിശേഷാൽ ശമ്പളം തരുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ടു.

പോററി—തിരുമനസ്സ്!

യു: രാ—ഞാൻ അടിയറവെച്ചിട്ടുള്ള മയിൽകോഴി നല്ലവണ്ണം വളരുന്നുണ്ടോ?

പോററി—അബാധകമില്ല.

യു: രാ—ഇണങ്ങിത്തുടങ്ങിയോ? നല്ലവണ്ണം ആടുന്നുണ്ടോ?

പോററി—ഉണ്ട്.

യു: രാ—ശേഷമെല്ലാം ഇതിൽ എഴുതിയിട്ടുണ്ട്. നല്ലവണ്ണം മനസ്സിരുത്തി പഠിക്കണം. ഈ പട്ടക്കരെ തൽക്കാലം ഇരിക്കട്ടെ. പിന്നെക്കാണാം.

യുവരാജാവ് അന്നു സവാരിയെഴുന്നള്ളിയില്ല. മനഃക്ലേശത്തോടുകൂടി വെളിയിലിറങ്ങി നടക്കാവുകളിൽ ലാത്തിക്കൊണ്ടിരുന്നു. അല്പം കാററു കൊണ്ടപ്പോൾ കുറേശ്ശ ഉന്മേഷം തോന്നി. അനന്തശയനം കൊട്ടാരത്തെ ആവരണം ചെയ്തിരിക്കുന്ന അഗ്നിഭയക്കോട്ടയെ തകർത്തു നിരത്തുന്നതിനു വലിയ തോക്ക കാണാതെ പതുങ്ങി. കേരളകണ്ഠത്തിൽ വീഴുവാൻ പോകുന്ന കാലപാശം ഖണ്ഡിപ്പാൻ മൃത്യുഞ്ജയസേവ ആരംഭിക്കണമെന്നു തീർച്ചയാക്കി.

പുരാണനായകന്മാക്കൊപ്പം കോയിത്തമ്പുരാനും ഈ ആപൽക്കാലത്തിൽ ബുദ്ധിമതിയേ ഇണ്ടാകുകയുള്ളു വെന്ന ബോധത്താൽക്രൂ

താത്ഥനായി. ഇരവിയൻതമ്പിയുടെ ഇഹലോകപരിണാമം കേട്ടറിയുന്നതിന് ആശപെരുത്ത ബന്ധുവിയോഗം എത്രത്തോളം ദുസ്സഹമായിരിക്കുമെന്നു വിചാരിപ്പാൻകൂടി മനസ്സുവന്നില്ല. വഞ്ചിരാജകുടുംബത്തെ കന്മഷകലുഷമാക്കിത്തീർക്കുന്ന കലിയുടെ പ്രതാപം വർദ്ധിച്ചുവരത്തക്കവണ്ണം സുകൃതക്ഷയം എങ്ങനെയുണ്ടായെന്നറിയാഞ്ഞിട്ടു വ്യസനിച്ചു. ശ്രീദേവിയുടെ കേളീരംഗമായ തൃപ്പൂണിത്തുറക്കൊട്ടാരത്തിനോട്ട് അസൂയതോന്നി. "ശ്രീ വാഴുംകോട്ട" 'ധമ്മരാജ്യം' ഇങ്ങനെയുള്ള ശബ്ദങ്ങൾ നിന്ദാസ്തുതിയായി വ്യാഖ്യാനിച്ചു. മുഗൾരാജധാനിയിലുണ്ടായിരുന്ന പക്ഷപ്രതിപക്ഷകലഹങ്ങളുടെ ദുഷ്ടബീജം വഞ്ചിരാജ്യത്തു മുളയ്ക്കുവാൻ അനുവദിച്ച മഹാകണ്ടകൻ നരകമുഖത്തിലേക്കു പായുന്നതു മനോദൃഷ്ട്യാ കണ്ടുകൊണ്ടിരുന്നു.

ഇങ്ങനെ ഓരോ മനോരാജ്യങ്ങളെക്കൊണ്ടു യുവരാജാവു ഉത്സാഹരഹിതനായി വളരെനേരം നടന്നുകഴിച്ചപ്പോൾ പട്ടക്കാരൻ ദിവാൻജിയുടെ ഒരുകത്തു തൃക്കൈയിൽ സമർപ്പിച്ചു. തിരുമനസ്സുകൊണ്ടു കത്തുപൊളിച്ചുപ്രകാരം വായിച്ചു.

പത്മവിലാസം.

൨൫-൩-൭൭.

ശ്രീ.

ലക്ഷദീപം കഴിഞ്ഞയുടനേ മഹാരാജാവു കല്ക്കത്താവിലേക്കു എഴുന്നള്ളുന്നുണ്ട്. വൈസ്രായിയുടെ ക്ഷണനമനുസരിച്ചാണു പോകുന്നതു്. മടങ്ങി എഴുന്നള്ളുന്നതിനു മുമ്പുതന്നെ പള്ളിക്കെട്ടു കഴിക്കണമെന്നു കല്പനയായിരിക്കുന്നു. പേഷ്കാർ നാണുപിള്ളയെ അതിനായി സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിച്ചുകഴിഞ്ഞു. എനിക്കും നാണുപിള്ളയ്ക്കും ഏർപ്പെട്ടിരിക്കുന്ന ധർമ്മസങ്കടത്തിൽനിന്നു രക്ഷിപ്പാൻ അവിടുന്നല്ലാതെ മററാരുമില്ല. ഞങ്ങൾക്കു മുഖംകാണിപ്പാൻ സമയം തരണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

എന്ന്, അവിടുത്തെ ദാസൻ

ശേഷയ്യാശാസ്ത്രി (ഒപ്പ്)

പിറേറദിവസം രാവിലെ എട്ടുമണിക്കു കാണ്മാൻ സൌകര്യമാണെന്നു ദിവാൻജിക്കു ഉടനെ മറുപടിയയച്ചു. ദിനചര്യകളെല്ലാം ബദ്ധപ്പെട്ടുനടത്തിയിട്ടു പള്ളിയറയിൽ എഴുന്നള്ളി തേവാരത്തുകോയിക്കൽകൊട്ടാരത്തിലെ കഥമാത്രം ആലോചിച്ചു രാത്രി ഉന്തി

വപ്പ

ത്തള്ളിയയച്ചുവെന്നു പറഞ്ഞാൽ മതി. തിരുമനസ്സിലെ ആലോചനകളിൽ മുഖ്യമായവ ചുവടേ ചേർത്തുകൊള്ളുന്നു.

“എന്റെ തേവാരത്തുകോയിക്കൽ കൊട്ടാരമേ! വേണാട്ടുരാജകുടുംബത്തിലെ മഹാലക്ഷ്മിയായി നീ പ്രകാശിച്ചുതുടങ്ങിയിട്ട് ഇരുന്നൂറു സംവത്സരത്തിനുമേലായി. നിന്റെ പൂർവ്വജന്മമായ പുത്തൻകോട്ട അനുഭവിച്ച ദുഃഖങ്ങൾ രക്തത്തിൽ നാലുചുവരിന്മേലും എഴുതിവെച്ചിരിക്കുന്നതു കാണുന്നില്ലേ? നിന്റെ അഞ്ചുകുഞ്ഞുങ്ങളെ സൂത്രത്തിൽ കവർന്നുകൊണ്ടുപോയി കളിപ്പാൻകുളത്തിൽ മുക്കിക്കൊന്നുകളഞ്ഞില്ലേ? അവരുടെ ഘാതകന്മാരായ എട്ടരയോഗക്കാരുടെയും രാമനാമഠം പ്രഭൃതികളായ എട്ടുവീട്ടിൽപിള്ളമാരുടെയും അന്നത്തെ കഠിനകൃത്യം വിസ്മരിച്ചുകളയാവുന്നതാണോ? നിന്നെ പലേ ആപത്തുകളിൽനിന്നു രക്ഷിച്ച കേരളവർമ്മരാജാവിനെയും ആ കാളസർപ്പങ്ങൾ സംഹരിച്ചുകളഞ്ഞില്ലേ? ഈ ഘോരകൃത്യങ്ങളെല്ലാം നിന്റെ മാതാവായ ഉമയമ്മറാണിയുടെ അധഃപതനത്തെ ഉദ്ദേശിച്ചാണല്ലോ ചെയ്തിട്ടുള്ളത്. എന്നാൽ വന്ദ്യമഹതിയായ ആ മാതാവു ദുഷ്ടപ്പരിഷകൾക്കു കീഴടങ്ങാതെ കഷ്ടങ്ങൾ ക്ഷമയോടും ധൈര്യത്തോടും അനുഭവിച്ചുതീർത്തില്ലേ? വഞ്ചിരാജ്യം ഭരിച്ചില്ലേ? അഭിമാനം രക്ഷിച്ചില്ലേ?

ഇരുന്നൂറു സംവത്സരത്തിനു മുമ്പു നടന്ന കലാപങ്ങൾ തീർന്നുപോയി; പുത്തൻകോട്ടയ്ക്കും വംശത്തിനും വിസ്താരമായി; എന്നൊക്കെ എല്ലാവരും സമാധാനത്തോടുകൂടി ഇരുന്നുവന്നുവല്ലോ. എന്നാലിപ്പോഴോ? തേവാരത്തു കോയിക്കൽ കൊട്ടാരത്തിന്റെ ദുർദ്ദശ ആവർത്തിച്ചിരിക്കുന്നു. ഉമയമ്മറാണിയുടെയും കേരളവർമ്മരാജാവിന്റെയും പിൻവാഴ്ചക്കാരായ ലക്ഷ്മീഭായിറാണിക്കും കേരളവർമ്മ വലിയകോയിത്തമ്പുരാനും യോഗക്കാരുടേയും പിള്ളമാരുടേയും പുതിയ സൈന്യത്തെ എതിർത്തു നില്പാൻ കാലംവന്നു. യുദ്ധതന്ത്രക്രമത്തിനു മാത്രം കാലാനുസൃതമായ വ്യത്യാസം കാണുന്നുണ്ട്. സ്വപക്ഷഭയം ജനിപ്പിച്ചു മഹാരാജാവിനെ അവരുടെ ആയുധമാക്കി സ്വീകരിച്ചു ഫലപ്പെടുത്തി വരുത്തണമെന്നാണു ഈ ഖലന്മാർ ബുദ്ധിപൂർവ്വം നിശ്ചയിച്ചിരിക്കുന്നതു്. ജ്യേഷ്ഠനു പുത്തൻകോട്ടയുടെ ചരിത്രം അറിവാൻ ക്ഷമയുണ്ടെങ്കിൽ വാസ്തവം ക്ഷണത്തിൽ മനസ്സിലാകുകയില്ലേ? പക്ഷേ, അദ്ദേഹം ഇവരുടെ കുടുക്കിൽ തല കൊടുത്തുകഴിഞ്ഞു. ഇനി ആരുടെ ഉപദേശമാണ് അദ്ദേഹം കേൾപ്പാൻ പോകുന്നതു്? കഷ്ടം! അനുഭവിക്കേണ്ട കാലത്തു അനുഭവിച്ചല്ലേ കഴിയൂ.

"കോയിപ്പണ്ടാലയെ ആമം വെക്കുവാൻ തീർച്ചയാക്കി; അതു രാജകീയകാരണങ്ങളാൽ ന്യായമാണെന്നിരിക്കട്ടെ; സഹിക്കാമെന്നിരിക്കട്ടെ. പിന്നത്തെ സാഹസം അന്യായത്തിലും അന്യായം, ആൎക്കു സഹിപ്പാൻ കഴിയും? മാനഹാനിയോടുകൂടി പ്രാണഹാനിയും നിശ്ചയം; തിരുവിതാംകൂർ രാജകുടുംബത്തിൽ അമ്മാമന്റെ അതിക്രൂരമായ നിർബന്ധംകൊണ്ടു അനന്തിരവൾ മഹാരാജ്ഞി ആത്മഹത്യ ചെയ്യുവെന്നു എന്നെന്നേക്കും മാഞ്ഞുപോകാത്തതായ അപകീർത്തിയുണ്ടാകുമല്ലോ, പത്മനാഭാ! രാജകല്പന തുല്യം ചാർത്തിവച്ചും വച്ചു രാജാവും മറുശീമക്കു മുഹൂർത്തം നോക്കി ഓടുവാൻ ഭാവിക്കുന്നു! മഹാരാജ്ഞിയുടെ പ്രാണസങ്കടം കണ്ടുകൊണ്ടിരിപ്പാൻ എനിക്കു ശക്തിപോരാ. പണ്ടേതന്നെ എനിക്കു ദേഹത്തിനു കെല്പില്ല. മനസ്സു വേദനിക്കുന്നതുകൊണ്ടു എന്റെ രോഗവും കലശൽ കൂട്ടുന്നു. ഒരു ചുമകൊണ്ടു തീരാനുള്ള സാധനമാണു ഞാൻ

"കോയിപ്പണ്ടാല ഇന്നേവരെ വിവരമൊന്നും അറിഞ്ഞിട്ടില്ല. കഴിയുന്നേടത്തോളം പ്രസ്താവങ്ങൾ ഓരോന്നുണ്ടായിക്കൊണ്ടിരുന്നതു ഞാൻ മാച്ചുവച്ചിരുന്നു- എന്നാൽ വിവാഹമുഹൂർത്തംകൂടെ നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നതിനാൽ അദ്ദേഹവും ഇപ്പോഴേക്കു അറിയാതിരിക്കുമോ? പിന്നെ നടക്കുന്നതു!—ആരാലും തടുപ്പാൻ വയ്യാത്തതാണു. ആദ്യത്തെ ശിക്ഷ കോയിപ്പണ്ടാല തൃപ്തിയോടേ അനുഭവിച്ചേക്കും ഇതു സഹിക്കുന്നതിനു വിപുലഹൃദയനായ അദ്ദേഹത്തിനും സാദ്ധ്യമല്ല. നാളെ രാവിലെ എണീക്കുമ്പോൾ കോയിപ്പണ്ടാലയുടെ സ്വർഗ്ഗാരോഹണമായിയെന്നായിരിക്കുമോ ആദ്യം കാതിൽ കേൾക്കുന്നതു? അഹോ! അതിരുകടന്ന സാഹസം! അതിരുകടന്ന ക്രൌര്യം! അതിരുകടന്ന ദുഃഖം! അതിരുകടന്ന മാനക്ഷയം! അതിരുകടന്ന ധർമ്മക്ഷയം! കുലശേഖരപ്പെരുമാളിന്റെ അന്ത്യകാലം!

"അനേകരാജാക്കന്മാരെ ബലാൽക്കാരമായി പിടിച്ചു കീഴടക്കിയ പാപം വേണാട്ടുകുടുംബത്തിനു കഴുകിക്കളയാവുന്നതാണോ? തൃപ്പടിദാനംകൊണ്ടു തീരുപോകുന്നതാണോ? പാപത്തിന്റെ കൂലി മരണമാകുന്നു. ഇദംപ്രഥമമായി 'മഹാരാജ'പട്ടം ലഭിച്ച ആയില്യംതിരുനാളിന്റെ കാലത്തു വേണം നാശമെന്നായിരിക്കും ഭവിഷ്യൽപുരാണം. ആനന്ദേ നന്ദനേ വർഷേ ധർമ്മരാജ്യം വിനശ്യതി എന്നാരോ ചൊല്ലി കേട്ടിട്ടുണ്ടു'.

"ആറ്റിങ്ങൽ രാജ്ഞിമാരുടെ കുടുംബകാര്യം അന്വേഷിക്കുന്നതിനു പെരുമാക്കന്മാൎക്കു എന്താണാവോ അധികാരം? ഇവിടുത്തെ

ക്കും ബ്രിട്ടീഷ് കോയ്മക്കും തമ്മിലുള്ള ഉടമ്പടിപോലെ മൈത്രിയെ ഉദ്ദേശിച്ച് ഒരു കരാറു മാത്രമേയുള്ളു രണ്ടു രാജകുടുംബങ്ങൾക്കും തമ്മിലുള്ള ബന്ധം. 'അമ്മാമൻ', 'അമ്മാമൻ' എന്നു സ്നേഹം കൊണ്ടു വിളിച്ചുവരുന്നതല്ലാതെ സാധാരണ തറവാടുകളിലുള്ളതു പോലെ അമ്മാമന്റെ ആജ്ഞയ്ക്കു കീഴ്പെട്ടു നടക്കണമെന്നു ആറ്റുങ്ങൽ മൂത്തതമ്പുരാൻ ഏറ്റിട്ടില്ല. അവർക്കു വേണ്ടുന്ന സ്വാതന്ത്ര്യം ഉണ്ടെന്നാണു തോന്നുന്നത് നിയമവിരുദ്ധമായ അധികാരം പ്രവർത്തിപ്പാൻ തുടങ്ങിയാൽ മഹാരാജ്ഞി ചെറുക്കാതിരിക്കയില്ല. ജ്യേഷ്ഠൻ തലതാഴ്ത്തി കൈകടിക്കേണ്ടിവരും.

"ജ്യേഷ്ഠനു മൂന്നാലുവർഷം മുമ്പു തന്നെ ഇങ്ങനെ ഒരാലോചന ഉണ്ടായിരുന്നതാണ്. പ്രധാന കാര്യബോധനശക്തിയുള്ള വന്ദ്യനായ എന്റെ ഗുരുനാഥൻ ദിവാനായിരുന്നകാലത്ത് അദ്ദേഹത്തോടു ഗുണദോഷം ചോദിച്ചില്ലേ? അവർ തമ്മിൽ പിണങ്ങാനും സംഗതി ഇതുതന്നെയായിരുന്നു. പതിന്നാലുസംവത്സരം ദിവാനായിരുന്നതിന്റെശേഷം രസക്ഷയത്തോടുകൂടി അദ്ദേഹം ഉദ്യോഗം രാജിവച്ചുംവച്ചു പോകണമെങ്കിൽ തക്കതായ കാരണം വേണ്ടേ? തിരുവിതാംകൂർ മാതൃകാരാജ്യം ആയതു എന്റെ ഗുരുനാഥൻ സർ. ടി. മാധവരായരുടെ കാലത്താണ്. "ഞാൻ നിങ്ങളെ ഗുരുവായി സ്വീകരിച്ചിരുന്നില്ല; എന്റെ വാദ്ധ്യാർ കോട്ടയം ശങ്കരമേനവൻ ആയിരുന്നു. അനുജന്റെ പള്ളിവായനയിൽ മാത്രമേ നിങ്ങൾ ശ്രദ്ധിച്ചിരുന്നുള്ളു. നമ്മൾ തമ്മിൽ അഭിപ്രായവ്യത്യാസം വന്നതുകൊണ്ടു നിങ്ങൾ രാജിവച്ചിട്ടു പോകുന്നതിനു വിരോധമില്ല" ഇങ്ങനെയല്ലേ ജ്യേഷ്ഠൻ അദ്ദേഹത്തോടു പരുപരുത്ത വാക്കുകൾ പറഞ്ഞതു? അദ്ദേഹത്തിന്റെകൂടെ രാജ്യത്തെ ലക്ഷ്മിയും യാത്രപറഞ്ഞു. കഷ്ടം! ജ്യേഷ്ഠന്റെ സ്വൈരക്കേടു വർദ്ധിച്ചതു അതിൽപിന്നെയാണ്. ഇപ്പോൾ അതിന്റെ പരമാവസ്ഥയായി

"ഞങ്ങൾ സഹോദരങ്ങൾ നാലുപേരുള്ളതിൽ രണ്ടാൾക്കു കഠോരബുദ്ധിഭ്രമം. ജ്യേഷ്ഠനും അവരെ അനുഗമിക്കുകയാണോ? എന്നാൽ രാജ്യഭാരം ഒഴിയുന്നതിനു കാലം അതിക്രമിച്ചിരിക്കുന്നു. ഞാനിപ്പോൾ ഇതുപറയുന്നതു അദ്ദേഹം കേട്ടിരുന്നുവെങ്കിൽ "അനുജാ! ഇതുതന്നെയാണ് എന്റെ സ്വാപേക്ഷയും" എന്നുടനേ തീരുമാനിക്കും. എനിക്കു ഭരിക്കണമെന്ന് അശേഷം ആഗ്രഹമില്ല. അദ്ദേഹം ആയുരാരോഗ്യത്തോടുകൂടി വളരെനാൾ സ്വയത്നംകൊണ്ടു സമ്പാദിച്ച "മാതൃകാരാജ്യ"ത്തിന്റെ മഹിമയെ നിലനിർത്തിക്കൊണ്ടുപോകണമെന്നാണ് എന്റെ പ്രാർത്ഥന. പക്ഷെ, അന്യായം കണ്ടാൽ അദ്ദേഹത്തിന്റെ മുൻപാകെനിന്നു എതിർവാദം ചെയ്യാൻ എനിക്കു മടിയില്ല.

"അദ്ദേഹം ഇങ്ങനെ ഭ്രാന്തുകാണിക്കുന്നതിന്റെ ഉദ്ദേശം എന്താണ്? തറവാട്ടിൽ സന്തതിയില്ലെന്നുള്ള കാരണം ആയിരിക്കുകയില്ല. നാലു പുരുഷസന്താനങ്ങളെ പ്രസവിച്ച ഇളയതമ്പുരാന് പെൺകുട്ടികൾ ഉണ്ടാകാതിരിക്കുമോ? മൂന്നാം തമ്പുരാന്റെ വയസ്സ് ഇരുപത്താറേയുള്ളൂ. പ്രസവിക്കുകയില്ലെന്നു പറവാൻ കാലമായോ? ഞാൻ നോക്കീട്ടൊന്നും കാണുന്നില്ല. ജ്യേഷ്ഠൻ ചിരഞ്ജീവിയല്ലെന്നു വരികയാണെങ്കിൽ കോയിപ്പണ്ടാല തിരിച്ചു വരുന്നതുമല്ലേ. പൂർവ്വസുഖം പ്രാപിക്കുമല്ലോ; തന്റെ ഉദ്ദേശം നിഷ്ഫലമായിപ്പോകുമല്ലോ; ഇതാണു ജ്യേഷ്ഠന്റെ ഭയം. ഇങ്ങനെയൊരു കാര്യംകൂടി ചെയ്തുവെച്ചാൽ എന്നെന്നേക്കും കോയിപ്പണ്ടാല തെരുവിൽനിന്നു തപിക്കുമല്ലോ; തന്റെ ആഗ്രഹം പൂർത്തിയായല്ലോ; എന്നല്ലേ മഹാരാജാവു വ്യോമസൌധം തീർത്തുവെച്ചിരിക്കുന്നതു? അദ്ദേഹത്തെ ഭരിക്കുന്ന ഈശ്വരൻ ഒരാളുണ്ടെന്നു മറന്നുപോയതാണ് ആശ്ചര്യം. ശ്രീകുമാരന്റെ പര്യായശബ്ദത്തിനു ഞാൻ അർഹനാണെങ്കിൽ ഈ നീചസംരംഭം മുടക്കിപ്പോകും. അൻപത്തഞ്ചാമാണ്ടിടവമാസത്തിൽ ചന്ദ്രാംഗദൻ മടങ്ങിവരുമെന്നു ഉള്ളൂർ സ്വാമിയുടെ അരുളപ്പാടുണ്ടായില്ലേ? അതിനു നീക്കം വരുന്ന കാലമുണ്ടോ?

"പുഷ്കരാജനെക്കൊണ്ടു ഭൈമീനളന്മാരുടെ ജന്മം പാഴായോ? മഹാരാജ്ഞിക്ക് ഒൻപതു വയസ്സും കോയിപ്പണ്ടാലയ്ക്കു പതിന്നാലു വയസ്സും ഉണ്ടായിരുന്നപ്പോൾ പള്ളിക്കെട്ടു നടന്നതാണ്. അന്നുമുതൽ ആ കുട്ടികൾ വസിഷ്ഠാരുന്ധതികളായി ഇരുന്നുവന്ന സ്ഥിതിക്കു തുല്യംചാർത്തിയ ഒരു കടലാസുകഷണം അവരുടെ പ്രണയപാശം ഖണ്ഡിപ്പാനൊരുമ്പെട്ടാൽ നടക്കുന്നതാണോ? അരുണോദയം തടുത്ത ശീലവതിക്കു ഒരു ചെറിയ രാജാവിന്റെ അക്രമം നിരോധിപ്പാൻ പ്രയാസമുണ്ടോ? പാതിവ്രത്യത്തിനു ശക്തി അന്നുമിന്നും ഒന്നുതന്നെയാണെന്നു മഹാരാജാവു വിസ്മരിച്ചതു മനുഷ്യബുദ്ധിയുടെ അല്പതമെന്നേ പറയേണ്ടു.

"കോയിപ്പണ്ടാല ചമയുവാൻ പുറപ്പെട്ടിരിക്കുന്ന പുരുഷരത്നം ആരാണോ? പണ്ടത്തെ ശോഭവർമ്മനായിരിക്കുമോ? എന്നാൽ ഈ നാടകം കാണ്മാൻ എനിക്കും ആഗ്രഹമുണ്ട്. ജ്യേഷ്ഠൻതമ്പുരാനേയും ശോഭവർമ്മനേയും ആദ്യം അനുമോദിക്കുന്നതു ഞാനായിരിക്കും. പക്ഷെ, ശോഭവർമ്മനെ തിരഞ്ഞെടുക്കത്തക്കവണ്ണം ബുദ്ധിഹീനനാണോ മഹാരാജാവു? പുനർവിവാഹം ആലോചിപ്പാൻ ബുദ്ധിതോന്നിയ ആളിനു എവിടെയെങ്കിലും ഒരിടത്തു ഇളിഭ്യം നേരിടാതിരിക്കയില്ല സംശയമില്ല. ശുദ്ധനായ കോയിപ്പണ്ടാലയെ

ദ്രോഹിപ്പാൻതുനിഞ്ഞതിനു മഹാരാജാവിനും ഒരപമാനം ഉണ്ടാവട്ടെ പരിണാമം ഇങ്ങനെവന്നു സംഭവിച്ചാലേ ശേഷംപേൎക്കു സമാധാനമുണ്ടാകുകയുള്ളൂ.

"മഹാരാജാവ് ഈ സമയത്തു കല്പുത്തരയെഴുന്നള്ളുന്നതെന്തിനാണു? മൂപ്പത്തെട്ടിലെ സന്നദ് പരിഷ്കരിക്കാനായിരിക്കുമോ? മേൽകോയ്മയുടെ അനുമതികൂടാതെ ഭേദപ്പെടുത്തുക്കാമെന്നു സന്നദു ലഭിച്ചതുകൊണ്ടുമാത്രം ജ്യേഷ്ഠനു തൃപ്തിയായില്ലെന്നു തോന്നുന്നു. ആറുങ്കൽ തമ്പുരാക്കന്മാരുടെ സമ്മതം കൂടാതെ പള്ളിക്കെട്ടു കഴിക്കാനും അധികാരമുണ്ടെന്നു സന്നദിൽ ചാൎത്തി വാങ്ങാൻ തന്നെയാണ് ഈ തീൎത്ഥയാത്രയുടെ ഉദ്ദേശം. ഉത്രംതിരുനാൾ അമ്മാവന്റെ കാലത്തു നടന്നതു് ആറാമത്തെ ഭേദമാണ്. ജ്യേഷ്ഠൻ ഇപ്പോൾ ചെയ്യുന്ന പാപകൎമ്മത്തിന്റെ ഫലംകൊണ്ട് ഏഴാമതൊന്നുകൂടി വേണ്ടിവന്നേക്കും. ഇതു വല്ലതും മൂപ്പനു വിചാരമുണ്ടോ?"

നേരം പ്രഭാതമായി. തിരുമനസ്സിലെ ചിന്തകൾക്ക് അൎദ്ധവിരാമമിട്ടു. നീരാട്ടു, കാപ്പിയമൃതേത്തു മുതലായതുകഴിച്ചു ലക്ഷ്മീദാസന്റെ സന്ദേശമെടുത്തു വായിച്ചുകൊണ്ടിരുന്നു. കൃത്യം എട്ടുമണിക്കു ദിവാൻ ശേഷയ്യാശാസ്ത്രിയും പേഷ്കാർ നാണുപിള്ളയും മുഖം കാണിച്ചു.

യു: രാ – നിങ്ങളുടെ എഴുത്തിൽ കണ്ട സംഗതിയുടെ വിവരം നല്ലവണ്ണം മനസ്സിലായില്ല. എന്താണു നടന്നതു്?

ശേ: ശാ—നാണുപിള്ളയെ വിശേഷാൽ ജോലിക്കു നിയമിച്ചിരിക്കുന്നു. ഞങ്ങളുടെ മേൽനോട്ടത്തിൽ ഒരു പള്ളിക്കെട്ടു നടത്തണമെന്നു കൊട്ടാരത്തിൽ നിന്നു കല്പിച്ചിരിക്കുന്നു.

യു; രാ—പള്ളിക്കെട്ട് ഒന്നു നടത്താനുണ്ടായിരുന്നതു മൂപ്പത്തെഴിൽ കഴിഞ്ഞില്ലേ? ഇനി കുട്ടികളില്ലല്ലോ.

നാ; പി—ഉണ്ടോ ഇല്ലയോ, അടിയനറിഞ്ഞുകൂടാ. കോപ്പുകൾ അടിയൻ കൂട്ടിത്തുടങ്ങിക്കഴിഞ്ഞു.

യു: രാ - പുതിയ സന്നദനുസരിച്ച് ഒരു തമ്പുരാട്ടിയെക്കൂടെ ദത്തെടുക്കാൻ ഭാവമുണ്ടായിരിക്കും.

ശേ: ശാ അതൊന്നും കേട്ടില്ല. അങ്ങനെ വല്ലതും ആലോചനയുണ്ടെങ്കിൽ ഞാൻ അറിയാതിരിക്കുമോ?

നാ. പി—ആ ജാതിയിൽ ഒരുജനശ്രുതിപോലുമില്ല.

യു: രാ — പിന്നെയെന്താണു മഹാരാജാവിന്റെ ഉദ്ദേശം?

ശേ: ശാ — ഞങ്ങൾ ഉദ്യോഗസ്ഥന്മാർ ഗവമ്മെണ്ടുകാര്യങ്ങളന്വേഷിപ്പാനല്ലാതെ രാജകുടുംബത്തിലെ സംഗതികൾ എന്തറിയാം?

നാ: പി — അടിയനു കല്പനയനുസരിക്കണമെന്നല്ലാതെ ഗുണദോഷവിവേചനത്തിനവകാശമുണ്ടോ?

ശേ: ശാ — കുടുംബകാര്യങ്ങൾ അവിടുത്തേക്കു നിശ്ചയമുണ്ടായിരിക്കുമല്ലോ? ഞങ്ങളുടെ ധർമ്മസങ്കടത്തിൽ നിന്നും ഒഴിയുവാൻ അവിടുന്നു വഴികാണിച്ചുതരണം.

യു: രാ — നിങ്ങൾക്കെന്താണു ബുദ്ധിമുട്ട്. പഴയ പടിത്തരം അനുസരിച്ചു കോപ്പുകൂട്ടണം. അത്രയല്ലേ ഉള്ളൂ.

ശേ: ശാ — പടിത്തരത്തിൽ കാണുന്ന ആഡ്യത്തെ ചടങ്ങുപോലും ഞങ്ങളെക്കൊണ്ടു നിർവഹിപ്പാൻ പ്രയാസമായിരിക്കുന്നു

യു: രാ — അത്ര പ്രയാസമാണെങ്കിൽ രാജിവച്ചു പൊയ്ക്കൊള്ളുക:

ശേ: ശാ — എനിക്കീയുദ്യോഗം ഭരിക്കണമെന്നുള്ള മോഹം പണ്ടേയ്ക്കുപണ്ടേ തീർന്നുപോയി. എന്നാൽ രാജിവയ്ക്കണമെന്നു താല്പര്യമില്ലതാനും.

യു: രാ — ബഹുഭേഷ്! നാണുപിള്ള കാത്തുകൊണ്ടിരിക്കുകയാണ്. അയാൾക്കു ക്ഷണത്തിൽ ദിവാനുദ്യോഗം കിട്ടിക്കൂടെന്നാണോ? മനുഷ്യരായാൽ അസൂയ അരുതേ.

നാ: പി — ഇദ്ദേഹം പോയിട്ടു സ്ഥാനം അപഹരിക്കണമെന്നു അടിയനു കാംക്ഷയില്ല.

ശേ: ശാ — നാണുപിള്ളയ്ക്കുവേണ്ടി എന്തും ചെയ്യാൻ ഞാൻ സന്നദ്ധനാണ്. പക്ഷേ, എനിക്കിപ്പോഴുള്ള സങ്കടം അയാളെക്കൊണ്ടു അനുഭവിപ്പിക്കണമെന്നു ദുർബുദ്ധി തോന്നുന്നില്ല. അതുകൊണ്ടാണു പോവാൻ മടിക്കുന്നതു്.

നാ: പി — ഈ സന്ദർഭത്തിൽ ഇദ്ദേഹം ഒഴിയുന്നപക്ഷം എന്റെ തലയിൽ കെട്ടിവച്ചാലും കൂടെ ഞാൻ കൈയേൽക്കുകയില്ല. എനിക്കുള്ള രാജഭക്തി അതിനനുവദിക്കുന്നില്ല. എന്റെ കാലത്തു രാജകുടുംബത്തിലേക്കു ഒരപവാദമുണ്ടായാൽ അതിന്റെ പാ

പമെല്ലാം അനുഭവിക്കേണ്ടവർ എന്റെ കുഞ്ഞുകുട്ടിപരാധീനങ്ങളാണു. നാണുപിള്ളയമ്മാവൻമൂലം തറവാട്ടേക്കു ഒരു കളങ്കം വന്നുവെന്നു് അവരെക്കൊണ്ടു പറയിപ്പാൻ ഞാൻ ഇടവരുത്തുകയില്ല. മഹാജനങ്ങൾ എന്റെ തറവാട്ടിനെ നോക്കി പഴിക്കുകയില്ലേ? ആകാശഭൂമികളുള്ള കാലത്തോളം ആ പാതിത്യം വിട്ടുപോകുമോ? വിദേശിയരായാൽ അവർക്കും ഒന്നും പറവാൻ കാണുകയില്ല

യു: രാ — എന്നാൽ ശാസ്ത്രികളേ, ഞാനൊരുപായം പറവാൻ പോകുന്നു. വെമ്പാകം ഭടമയ്യങ്കാർ സമർത്ഥനല്ലേ? അദ്ദേഹത്തിനു വിഷമഘട്ടങ്ങളിൽ ബുദ്ധിചാതുര്യം കൂടുമെന്നാണല്ലോ കേൾക്കുന്നതു്. അദ്ദേഹത്തിനെ വരുത്തുവാൻ ജ്യേഷ്ഠനെ ഗുണദോഷിക്കുന്നതോ? അല്ലെങ്കിൽ ആരെ വേണമെങ്കിലും വരുത്തിക്കൊള്ളട്ടെ. നിങ്ങളൊഴിഞ്ഞുപോയാൽ നിങ്ങളുടെ ഭാരം തീർന്നില്ലേ?

ശേ. ശാ — മഹാരാജാവിനോടുള്ള ഭക്തികൊണ്ടാണു അങ്ങനെ ചെയ്യാൻ മനസ്സുതോന്നാത്തതു്.

യു: രാ — ഉം! അതെന്താണു? വിവരം പറയു.

ശേ: ശാ — ഭരണതന്ത്രാധിശാരദന്മാരിൽ അഗ്രഗണ്യനായ ഒരു ദിവാൻ പിണങ്ങിപ്പോയി. ഞാനും അങ്ങനെ ചെയ്താൽ മഹാരാജാവിനു എന്തോ തകരാറുണ്ടെന്നു ശങ്കിക്കുകയില്ലേ? സർവ്വോന്മുഖമായ ഗുണസമ്പത്തുള്ള മഹാരാജാവിനു അല്പമെങ്കിലും കേൾവിദോഷം ഞാൻമൂലം ഉണ്ടാകാമൊ?

നാ: പി — പൊന്നുതമ്പുരാന്റെ യശസ്സിനെ പരിപാലിച്ചു പോരേണ്ടതു ഞങ്ങളുടെ ഭാരമല്ലേ? ഇല്ലെങ്കിൽ രാജഭക്തിയുള്ളവരെന്നു ഭാവിക്കുന്നതെന്തിനു്? ഇദ്ദേഹം ഇപ്പോൾ പോകുന്നതു എനിക്കു അപകടമാണു്. പുതുതായി വരുന്ന ആൾ എത്ര സമർത്ഥനായാലും രാജ്യസ്ഥിതി അറിയാത്തവനല്ലേ? എനിക്കൊന്നുമറിഞ്ഞുകൂടാ. ഞാൻ പരിജ്ഞാനമില്ലാത്തവനാണു്, നാണുപിള്ളയുടെ ഗുണദോഷം കേട്ടു ഞാൻ പ്രവർത്തിച്ചു; ഉത്തരവാദി അയാളാണു, എന്നുപറഞ്ഞു പുതിയ ദിവാൻ ഒഴിഞ്ഞുകളയാതിരിക്കുമോ? പഴിയെല്ലാം എന്റെ മേൽ ചാരിക്കളയും. അതുകൊണ്ടു തിരുമനസ്സുകൊണ്ടുതന്നെ വേണം വലയ്ക്കു് ഉത്തരംപറയുവാൻ.

യു: രാ — സിംഹത്തെ രക്ഷിപ്പാൻ ചുണ്ടെലി വേണമെന്നാണു പറയുന്നതു്, അല്ലേ? ആദ്യത്തെ ചടങ്ങെന്താണു്?

ശേ: ശാ — പ്രധാനന്മാർക്കു കണക്കുകൾ അയയ്ക്കുന്നതാ

ൺറ്, ആർക്കാണു പള്ളിക്കെട്ട്, ആരാണു നടത്തുന്നത്, എന്നൊന്നു മറിയാതെ എങ്ങനെയാണു വട്ടോലകൾ തയ്യാറാക്കുന്നത്?

യു: രാ—മുഹൂർത്തമെങ്കിലും അറിയാമോ?

ശേ: ശാ—ജനുവരിമാസം പതിമ്മൂന്നാംതിയതി അസ്തമിച്ച് ആറുനാഴികയ്ക്കുമേൽ പത്തുനാഴികയ്ക്കകമുള്ള ശുഭമുഹൂർത്തത്തിൽ അടിയന്തിരം!

യു: രാ—കല്പനയായെഴുന്നള്ളത്ത്?

നാ: പി—അന്നുതന്നെ പകൽമൂന്നുമണിക്ക്.

യു: രാ—ലക്ഷദീപംകഴിഞ്ഞ് ഒരു വാരത്തിനുശേഷം മുഹൂർത്തം! ശരി! കത്തുകൾ ഇപ്പോഴേ അയയ്ക്കുന്നുമോ?

നാ: പി—കല്പന അങ്ങനെയാണ്.

യു: രാ—വലിയകൊട്ടാരത്തിൽ വിവരം ചോദിക്കരുതോ?

ശേ: ശാ—മഹാരാജാവിനു സുഖമില്ലാത്തതുകൊണ്ടു ഉപദ്രവിച്ചുകൂടെന്നു കല്പനയുണ്ട്.

യു: രാ—കല്പനയായെഴുന്നള്ളത്തുപ്രമാണിച്ചു ചില വിശേഷങ്ങൾ നടത്തുന്നുണ്ടെന്നു എഴുതിഅയയ്ക്കുക. തൽക്കാലം അങ്ങനെ നില്ക്കട്ടെ. ഇതു ഒരു ഭാരമേറിയ ജോലിയാണ്. നമ്മളായിട്ടു ഇതൊന്നും പറഞ്ഞുവയ്ക്കേണ്ടാ. അതിഥികളോടു മഹാരാജാവുതന്നെ സമാധാനം പറഞ്ഞുകൊള്ളും. മുഹൂർത്തം മാററിവയ്ക്കുവാൻ കൌശല്യമൊന്നുമില്ലേ?

ശേ: ശാ—ഞാൻ നോക്കീട്ടു ഒന്നും കാണുന്നില്ല.

യു: രാ—നാണുപിള്ളയ്ക്കും ബുദ്ധിതോന്നുന്നില്ലേ?

നാ: പി—അടിയനൊന്നു തോന്നുന്നുണ്ട്. മകയിരംതിരുനാൾ നാടുനീങ്ങീട്ടു ഒരുകൊല്ലം തികഞ്ഞിട്ടില്ല.

യു: രാ—അതു ഞാൻ വിചാരിച്ചതുതന്നെ. ശാസ്ത്രികൾക്കു തിരുവിതാംകൂർചരിത്രം നിശ്ചയംപോരാ.

ശേ: ശാ—എൻെറ പരിജ്ഞാനക്കുറവു സമ്മതിച്ചിരിക്കുന്നു.

യു: രാ—കുടുംബസമ്പ്രദായം അറിയേണ്ടാ, പോട്ടെ. നിയമപരിജ്ഞാനം കുറവില്ലല്ലോ.

ശേ. ശാ—നിയമവിരുദ്ധമായിച്ചെയ്യാൻ ശക്തിയുള്ള രാജ്യത്തു നിയമത്തിന്റെ ആവശ്യമില്ലല്ലോ.

യു: രാ—ഇല്ലെങ്കിലും പരീക്ഷിക്കതന്നെ.

ശേ: ശാ—എന്താണു ചെയ്യേണ്ടതു്? പറഞ്ഞുതരിക.

യു: രാ—തിരുവിതാംകൂർ റാണിമാരുടെ പേരെന്താണു നാണുപിള്ളെ?

നാ: പി—ആററുങ്ങൽ.

യു: രാ—അതുകൂടാതെ വേറെയുണ്ടോ?

നാ: പി—ഇല്ല.

യു: രാ—അപ്പോൾ ദിവാൻ ഒരുകാര്യം ചെയ്യുക. തിരുവിതാംകൂർ ചരിത്രത്തിന്റെ ഒരു പ്രതി വലിയ കൊട്ടാരത്തിലേക്കു അയച്ചുകൊടുക്കുക. അതുമതി. മററുള്ളതെല്ലാം ഞാൻ നോക്കിക്കൊള്ളാം. നിങ്ങൾക്കു അപായം വരാതെ സൂക്ഷിച്ചുകൊള്ളാം. പിന്നെയാകട്ടെ. നാണുപിള്ള സ്വല്പം കൂടെ കഴിഞ്ഞു പോയാൽ മതി. സ്വകാര്യം ചിലതു പറവാനുണ്ടു്.

ദിവാൻ യാത്രയായി. അച്ഛൻനമ്പൂതിരിയും ഒരു ബാലനും വന്നിരിക്കുന്നതായി പട്ടക്കാരൻ അറിയിച്ചു.

യു: രാ—വേറെ ചിലരു വന്നിരിക്കുന്നു. എന്നാൽ നാണുപിള്ള ചെല്ലുക. നാളെ ഈ സമയത്തു കാണണം.

നാ: പി—അടിയൻ.

അച്ഛൻനമ്പൂതിരിയും ചെമ്പകനും പ്രവേശിച്ചു.

യു: രാ—ഈ കുട്ടി ആരാണു്?

അ: ന—ചെമ്പകൻ എന്റെ സ്വന്തത്തിലുള്ളവനാണു്. ഇംഗ്ലീഷും മലയാളവും ഒരുവിധം നല്ലപ്പായിട്ടുണ്ടു്. കോയിപ്പണ്ടാലയുടെ കൂടെ നിർത്താമെന്നാണു നിശ്ചയിച്ചിരിക്കുന്നതു്.

യു: രാ—വളരെ നന്നായി. ഞങ്ങൾ ഒരാളെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. കോയിപ്പണ്ടാലയെ കണ്ടുവോ?

അ: ന—ഇപ്പോൾ അവിടന്നാണു വരുന്നതു്.

യു: രാ—കോയിപ്പണ്ടാലയുടെ ശതകം അനുഭവിച്ച ദുരിതമെല്ലാം അറിഞ്ഞില്ലേ?

അ: ന—ഉവ്വ്.

യു: രാ—കോയിപ്പണ്ടാലയുടെ പയ്യനെ ബോധിച്ചുവോ?

അ: ന—ഉവ്വ്, ചെമ്പകാ എഴുത്തു കൊടുക്ക്.

യുവരാജാവ് എഴുത്തു വാങ്ങി വായിക്കുന്നു.

ശ്രീപാദം.
26-6-51.

ശ്രീ.

അവിടുന്ന് ഉദ്ദേശിച്ചിരിക്കുന്ന കാര്യത്തിന് ഇവൻ മതിയെന്നു തോന്നുന്നു. എനിക്കു വളരെ ബോധിച്ചു. അച്ഛൻനമ്പൂതിരിയുടെ സ്വാന്തമായതുകൊണ്ടു വേറെ ഒന്നും നോക്കാനില്ല വിശ്വസിക്കാം. അടങ്ങാട്ടയയ്ക്കുന്നു.

എന്നു്, കേരളവർമ്മ.

യു: രാ—ചെമ്പകാ, കണ്ടതു സന്തോഷമായി.

ചെമ്പകൻ അടിയൻ.

യു: രാ—ഇതാ, ഈ കടലാസിൽ കണ്ടതെല്ലാം നല്ലവണ്ണം വെളിയിൽ പോയിരുന്നു പഠിച്ചിട്ടുവരൂ.

ചെമ്പകൻ—എറാൻ.

യു: രാ—(ചെമ്പകൻ പോയതിന്റെ ശേഷം) രാജ്ഞിയെ സംബന്ധിച്ചു വല്ല വിശേഷവും കേട്ടുവോ?

അ: ന—കേട്ടു; ഞാൻ അതു വിശ്വസിക്കുന്നില്ല.

യു: രാ—വിവരം കോയിപ്പണ്ടാല അറിഞ്ഞുവോ?

അ: ന—ഇല്ലെന്നാണ് എന്റെ നിശ്ചയം, അറിഞ്ഞെങ്കിൽ പറയാതിരിക്കില്ല.

യു: രാ—അവ്വ. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ മനഃസ്ഥിതിക്ക് ഈ വർത്തമാനം അറിഞ്ഞാൽ വളരെ അപകടമാണ്.

അ: ന—അറിയിക്കാതിരിപ്പാൻ ഞാൻ ആവോളം ശ്രമിക്കുന്നുണ്ട്. രണ്ടിലൊന്നറിയുന്നതുവരെ വെളിയിൽ പോകരുതെന്നാജ്ഞാപിച്ചിട്ടുണ്ട്.

യു: രാ—നന്നായി. അവിടുന്നെങ്ങനെയാണ് അറിഞ്ഞതു്?

തമ്പിയുടെ ഗൃഹത്തിൽനിന്ന് അറിഞ്ഞ വിവരമെല്ലാം യുവരാജാവിനെ ധരിപ്പിച്ചു.

യു: രാ—എന്തു്? മഹാരാജ്ഞി ഗോദവർമ്മനെ സ്വീകരിക്കുവാൻ സമ്മതിച്ചുവോ?

അ: ന—അങ്ങനെയാണ് ഗോദവർമ്മൻ തമ്പിയോടു പറയുന്നകേട്ടതു?

യു: രാ—അയാൾ പറയുന്നതു വിശ്വസിക്കുകയോ? മുപ്പത്തുനാലാമാണ്ടുതുടങ്ങി ഹർജിയും കൊടുത്തു കാത്തുനില്ക്കുന്നവനാണ്.

അ: ന—അവിടെ വിസ്തരിച്ച വർത്തമാനം പറഞ്ഞുവെന്നേയുള്ളു. വിശ്വസിപ്പാൻ തരമുണ്ടോ? അയാൾ എവിടുത്തുകാരനാണ്?

യു: രാ—അതും നിശ്ചയമില്ല. കോലത്തുനാട്ടുകാരനെന്നാണ് ഊഹം.

അ: ന—അയാൾ ഇവിടെവരുവാൻ സംഗതി?

യു: രാ—കോലത്തുനാട്ടിൽനിന്ന് ഇവിടെ പലേതവണ ദൂതെടുത്തിട്ടുണ്ട്. ആ ചാർച്ചയിൽ വന്നതായിരിക്കണം.

അ: ന—അയാളെ കാണേണ്ടവേഷംതന്നെ. ഇവിടുന്നു കണ്ടിട്ടുണ്ടോ?

യു: രാ—എത്രതവണ! ഈ നാടകം അവസാനഘട്ടംവരെ നടക്കണമെന്നാണ് എന്റെ ആഗ്രഹം

അ: ന—വളരെ നേരംപോക്കുള്ളതാണ്.

പട്ടക്കാരൻ ഝടിതിയിൽ വന്ന് ഒരു കത്തു തിരുമനസ്സിലെ കൈയിൽ കൊടുത്തു. അച്ഛൻനമ്പൂതിരിയെ ഉടനെ അന്വേഷിക്കണമെന്നു കോയിപ്പണ്ടാല എഴുതിയിരുന്നതായിരുന്നു

യു: രാ—നമ്മൾ വിചാരിച്ച ആപത്തു വന്നുവെന്നാണുതോന്നുന്നതു്. വേഗത്തിൽപോയി പാവത്തിനെ സമാധാനപ്പെടുത്തുക.

അന — ഛേയി! സാരമില്ല. ഇതുകൊണ്ടൊന്നും കോയിപ്പണ്ടാല പരിഭ്രമിക്കുന്ന ആളല്ല. അപായമില്ലാതെ ഞാൻ നോക്കിക്കൊള്ളാം. പയ്യനെ സൌകര്യംപോലെ അങ്ങോട്ട് അയച്ചേക്കുക.

യു: രാ — അവനെ അകത്തേക്കു വിളിക്കുക. (ചെമ്പകൻ വന്നപ്പോൾ) എന്താണു വായിച്ചുപഠിച്ചുവോ?

ചെമ്പകൻ — എറാൻ. അടിയൻ ഈവക വിദ്യകൾ അല്പം പരിശീലിച്ചിട്ടുണ്ട്.

യു: രാ — കണക്കെട്ടത്തിരിക്കുന്നതും ആകൃതിയും മററും മതിയോ?

ചെമ്പകൻ — അടിയന്റെ അഭിപ്രായം അവിടവിടെ കുറിച്ചിട്ടുണ്ട്. തിരുമനസ്സിലേക്കു ബോധിച്ചുവെങ്കിൽ അടിയനു തൃപ്തിയായി.

യു: രാ — (കടലാസു വാങ്ങി നോക്കിട്ടു) സമർത്ഥൻ! ഇന്നുതുടങ്ങി നിന്നെ വിശചകന്മാരെന്നു വിളിക്കാൻപോകുന്നു. സമ്മതമാണോ?

ചെ — ഇത്ര വളരെ പ്രശംസയ്ക്കൊന്നും അടിയൻ അർഹനല്ല. തിരുമനസ്സറിഞ്ഞു 'അണ്ണാൻകുഞ്ഞും തന്നാലായതു' പ്രവർത്തിച്ചാൽ ഭാഗ്യമായി.

യു: രാ — കോയിപ്പണ്ടാലയുടെകൂടെ ഇരിക്കുന്നതു സുഖമായിട്ടു തോന്നുന്നുണ്ടോ? കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വന്നേക്കാം-

ചെ — അടിയന്റെ ആഗ്രഹംസമസ്തം അതാണു്. വിദ്യാർത്ഥികൾക്കു ഈവക സംഗതികളിൽ അഹങ്കാരം അധികമുണ്ടെന്നു് ഇവിടുത്തേക്കറിയാമല്ലോ.

യു: രാ — നീ നന്നായിവരും. ശേഷമെല്ലാം നീലകണ്ഠനോടു ചോദിച്ചു മനസ്സിലാക്കിക്കൊള്ളുക.

ചെ — എറാൻ.

അദ്ധ്യായം ൧൬.

സുഗ്രീവസഖ്യം.

"നാരീമണിയായജാനകീദേവിയെ
ആരാഞ്ഞറിഞ്ഞുതരുന്നുണ്ടുനിർണ്ണയം
ഏതുമിതുനിരൂപിച്ചുദുഃഖിക്കരു-
താധികളൊക്കെയകററുവൻനിർണ്ണയം".

പപ്പൻപിള്ളയും ചെമ്പകനും റോട്ടിൽകൂടി കുറെദൂരം നടന്നപ്പോൾ കട്ടൻതമ്പിയേയും വേറേ അഞ്ചാറുമുറാളന്മാരെയും കണ്ടു.

ഇരവിയൻതമ്പിയുടെ മുൻകരുതൽപ്രകാരം ഇവരെ കാലേകൂട്ടി സങ്കേതസ്ഥലത്തു തെയ്യാറാക്കിനിർത്തിയിരുന്നു. ചെമ്പകനെ കണ്ടയുടനെ ഈ കാട്ടാളന്മാർ വ്യാഘ്രത്തെപ്പോലെ അവന്റെനേരേ പാഞ്ഞു; കിഴിയും പാഴിച്ചിലും അധികം നടത്തി- ഒട്ടു ശാന്തമായപ്പോൾ കട്ടിയെ കൂട്ടിക്കെട്ടി വണ്ടിയിലെടുത്തിട്ടു തമ്പിയുടെ ഭവനത്തിൽ കൊണ്ടുപോയി അടയ്ക്കുകയുംചെയ്തു.

അച്ഛൻനമ്പൂതിരിയെ അടച്ചിരുന്ന നിലവറയുടെ നേരേ മുകളിലുള്ള മുറിയിലാണു ചെമ്പകൻ ബന്ധനസ്ഥനായതു്. അവനെ കൊണ്ടുവന്നു മുറിയിലാക്കിയ സമയത്തിനല്പംമുമ്പേ അച്ഛൻനമ്പൂതിരിയും ചിരുതേവിയമ്മയുടെ തന്ത്രത്താൽ അതേമുറിയിൽ പ്രവേശിച്ചു. പുതിയ റാണൊപ്പുള്ളിയെ കൊണ്ടുവരുന്ന ബഹളം കണ്ടു ബേരന്നു അച്ഛൻനമ്പൂതിരി തിരിയെ നിലവറയിൽതന്നെ ചെന്നൊളിഞ്ഞിരുന്നു.

ഇതെല്ലാംനടന്നു രണ്ടുമൂന്നു നാഴികകഴിഞ്ഞതിന്റെ ശേഷമാണു ജാനകിക്കുട്ടിയും തമ്പിയും വണ്ടിയിൽനിന്നിറങ്ങിയതും ജാനകിക്കുട്ടി മുററത്തു മോഹിച്ചുവീണതും. പപ്പൻപിള്ളയും കിങ്കരന്മാരും ഓചന്ത് അങ്ങത്തെ ഉത്തരവിൻപ്രകാരം അവളെ ശയനമുറിയിൽ അലങ്കരിച്ചു തെയ്യാറാക്കിയിട്ടിരുന്ന പരഴിക്കട്ടിലിൽ കൊണ്ടുപോയി കിടത്തി.

പുതിയ സംഭവത്താൽ തന്റെ രക്ഷാമാർഗ്ഗം അടഞ്ഞുപോയതുകൊണ്ടു് അച്ഛൻനമ്പൂതിരി നിലവറയിൽതന്നെ രാത്രി കഴിച്ചുകൂട്ടാമെന്നുറച്ചു. ഗോദവർമ്മൻ സ്വസ്ഥാനത്തുതന്നെ ഇരിക്കുന്നുണ്ടായിരുന്നു. അച്ഛൻനമ്പൂതിരിക്കു വേറൊന്നും തൽക്കാലം തോന്നായ്കയാൽ ഗോദവർമ്മനെത്തന്നെ വിടവിടകൂടി സൂക്ഷിച്ചു

കൊണ്ടിരുന്നു. ചിത്രതേവിയമ്മ എവിടെപ്പോയെന്നു രൂപമുണ്ടായിരുന്നില്ല.

ആദ്യം കണ്ട സ്ഥിതിയിൽതന്നെയാണു ഗോദവർമ്മൻ ഇരുന്നിരുന്നതു്. ഒന്നു മരങ്ങതിരിയുകപോലും ചെയ്തിട്ടില്ല. അവയവങ്ങൾക്കെല്ലാം ഒരു ചേഷ്ടയും കാണ്മാനില്ലായിരുന്നു. വികാരസ്മരണയോ പിന്നെ ചോദിക്കാനില്ലല്ലോ. ചത്തു വെറുങ്ങലിച്ച പ്രേതാകൃതിയിലുള്ള ഈ വിഗ്രഹം! സർവത്ര ശൂന്യതയുടെ മന്ദിരമെന്നേ പറയേണ്ടു.

അച്ഛൻനമ്പൂതിരി ഗോദവർമ്മനെ അംഗപ്രതി വിശകലനം ചെയ്തു പഠിച്ചുകൊണ്ടിരുന്നപ്പോൾ ഇരവിയൻതമ്പി അയാളുടെ മുറിയിൽ കടന്നുവന്നു. ഉടനേ ഗോദവർമ്മനു ജീവൻ വീണു. എഴുന്നേററു കൈയെടുത്തു തമ്പിയെ തൊഴുതു ഓച്ഛാനിച്ചു നിലകൊണ്ടു- അത്യത്ഭുതം! തൽസമയത്തു പ്രേതത്തിനു ചലനശക്തി എവിടെനിന്നുണ്ടായോ? തമ്പിയുടെ കുടിലവൈഭവം ആയിരിക്കാം. ശിവ! ശിവ!! ഗോദവർമ്മൻ പിന്നെയും സ്തബ്ധനായി. തമ്പി ഇരുന്നു. ഗോദവർമ്മൻ നിന്നു; നിന്ന നിലയിൽ മരംപോലെ നിന്നു. മുമ്പേ കസേരയിൽപ്രതിഷ്ഠിച്ചിരുന്ന മനുഷ്യപ്രതിമ അച്ചിലിട്ടു നീട്ടിയതുപോലെ അല്പം ദീർഘമായി ഭവിച്ചുവെന്നല്ലാതെ വേറെ വ്യത്യാസമൊന്നും വന്നിട്ടില്ല. തമ്പിയങ്ങുന്നിനെയുള്ള ഭയംകൊണ്ടു പഞ്ചശ്വാസമടക്കി നില്ക്കുകയായിരിക്കുമെന്നു അച്ഛൻനമ്പൂതിരി അനുമാനിച്ചു.

അങ്ങനെ സംസാരിപ്പാൻ തുടങ്ങി. ഗോദവർമ്മൻ വാതുറക്കുന്നുണ്ടോയെന്നു സംശയം; ശബ്ദം പുറപ്പെടുന്നുണ്ടോയെന്നു സംശയം, ഉണ്ടെങ്കിൽ അവയ്ക്കർത്ഥമുണ്ടായെന്നു അതിലേറെ സംശയം. എന്നാൽ ഒന്നു തീർച്ചതന്നെ. ഗോദവർമ്മൻ അല്പഭാഷിയല്ല; മിതഭാഷിയല്ല; അതിഭാഷിയല്ല; ഊമയല്ല; അധികപ്രസംഗിയല്ല. പിന്നെ? ഒററപ്പദപ്രയോഗി. അവരുടെ സംഭാഷണം ശ്രദ്ധിക്കുക.

തമ്പി. – ഗോദവർമ്മൻ വന്നിട്ടു വളരെ നേരമായോ?

ഗോ. വ — ആയി.

തമ്പി:— പറഞ്ഞതു കൊണ്ടുവന്നിട്ടുണ്ടോ?

ഗോ. വ — ഉണ്ടു്.

തമ്പി. – തന്നേക്കു.

ഗോ. വ ഇതാ.

തമ്പി: — എത്ര? സ്വരൂപവുമുണ്ടോ?

ഗോ: വ — ഉണ്ട്.

തമ്പി — പാഠങ്ങളെഴുതിത്തന്ന കടലാസെവിടെ?

ഗോ: വ — ഇവിടെ.

തമ്പി — (ഹാസ്യരസത്തിൽ) തനിക്കെന്തു ബുദ്ധി വരും?

ഗോ: വ — ഉവ്വ്.

തമ്പി — പറഞ്ഞുതന്നതു വല്ലതും പഠിച്ചോ, പൂവാ?

ഗോ: വ — ഉണ്ട്.

തമ്പി — സംഭോഗാസുരവേളയിൽ, ചൊല്ലൂ; കേൾക്കട്ടെ.

ഗോ: വ — സംഭോഗാസുരസേവയിൽ —

തമ്പി — തനിക്കു ബുദ്ധിയുണ്ട്.

ഗോ: വ — ഉണ്ട്.

തമ്പി: — ശേഷം പറയൂ.

ഗോ: വ — തരുണിയാലാണോ മയാസ്സാഹസം-

തമ്പി: — താൻ ഈ വിധത്തിൽ പഠിച്ചുതുടങ്ങിയാൽ ചൂലടി വേഗംതന്നെകിട്ടും. തരുണനാലത്രേ സുധാസമ്പാദിതം എന്നു പറക്കാൻ ഇത്ര പ്രയാസമുണ്ടോ?

ഗോ: വ — ഇല്ല.

തമ്പി — തരുണിയെക്കൊണ്ടു വലിയ സാഹസം തന്നെ അല്ലേ?

ഗോ: വ — അതേ.

തമ്പി — മരുന്നു സേവിക്കുന്നുണ്ടോ?

ഗോ: വ — ഉണ്ട്.

തമ്പി — പുംസകമായോ?

ഗോ: വ — പുംസവനം കഴിഞ്ഞു.

തമ്പി — തന്നെക്കൊണ്ട് ഈ വേലയ്ക്കു കൊള്ളുകയില്ല.

ഗോ: വ — ഇല്ല.

തമ്പി — എനിക്കു വേറെ ജോലിയെങ്കിലും തട്ടിയെടുക്കു.

ഗോ: വ—ആവാം.

തമ്പി—എല്ലാവരുടേയും സമ്മതം കിട്ടിയോ?

ഗോ: വ—ഉവ്വ്.

തമ്പി—ഞാൻ പഠിപ്പിക്കേണ്ടതൊന്നുമില്ലേ?

ഗോ: വ—ഉണ്ട്.

തമ്പി—അതങ്ങേററം ഇന്നു കഴിക്കാൻ ധൈര്യം തോന്നുന്നുണ്ടോ?

ഗോ: വ—ഉണ്ട്.

തമ്പി—പരീക്ഷിക്കട്ടെ. പിഴവെന്തു വന്നാൽ തന്റെ തലയിലെഴുത്തു

ഗോ: വ—റാക്കാം.

തമ്പി—എനിക്കു വേറെ അല്പം ജോലിയുണ്ട്. സമയമാകുമ്പോൾ വിളിക്കാം. ഇവിടെ തന്നെ ഇരുന്നുകൊള്ളണം

ഗോ: വ—ആകട്ടെ.

തമ്പി പോയി വളരെനേരം കഴിഞ്ഞു ഗോദവർമ്മൻ സ്വസ്ഥാനത്തിൽ ഇരുന്നു. സരസസംഭാഷണത്തിൽ അദ്ദേഹം അത്ര സമർത്ഥനല്ലെങ്കിലും ചില സന്ദർഭങ്ങളിൽ പോരാതെയില്ല. തമ്പിയുടെ സന്നിധിയിൽ മാത്രം എന്തോ വലിയ ഭയമാണ്. പറയണമെന്നു മനസ്സിലുറപ്പിച്ച സംഗതികൾകൂടി വെളിയിലേക്കു പുറപ്പെടുകയില്ല. അങ്ങുന്നിന്റെ ആജ്ഞാവൈഭവം കൊണ്ടാണെന്നേ പറയാവൂ.

അച്ഛൻനമ്പൂതിരിക്കു പിന്നീട് ഗോദവർമ്മൻ രസാത്മകമായ വിഷയമാണെന്നു തോന്നായ്കയാൽ സ്വകാര്യചിന്തകളിൽ വിഹരിക്കുവാൻ തുടങ്ങി. "ആ ദുഷ്ടന്റെ ദുർബോധത്തികൊണ്ടു എല്ലാവരെയും വിശ്വസിച്ചു; അതുകാരണം എന്റെ കുട്ടികൾക്കു അളവററ ദുഃഖങ്ങൾ അനുഭവിപ്പാൻ ഇടയായി. എന്റെ സംരക്ഷണയിൽനിന്ന് ഒരു ദുഷ്ടൻ അതുങ്ങളെ അപഹരിക്കുവാനും തുടങ്ങുന്നു. കഴിഞ്ഞുപോയ പിടിപ്പുകേടിനെക്കുറിച്ചു അനുശോചിച്ചതുകൊണ്ടു മാത്രം ശരിയായ പ്രായശ്ചിത്തം ആയില്ല. തക്കതായ പ്രതിശാന്തി ചെയ്യാൻ സാധിച്ചാലേ ഈ പാപം നീങ്ങുകയുള്ളൂ. തമ്പിയുടെ ദുരുദ്ദേശങ്ങളെ തടുക്കുവാൻ നിവൃത്തി ഇപ്പോൾതന്നെ കണ്ടുപിടിക്കണം.

"എന്റെ സ്നേഹിതനോട ചെയ്തിട്ടുള്ള പ്രതിജ്ഞയ്ക്കു ഭംഗം വന്നാൽ കരുത്തേടം ഇരുന്നിട്ട പ്രയോജനമിണ്ടോ? അതും മരണസമയത്തുള്ള വാഗ്ദത്തം. നിർവ്യാജമായി നിറവേററിയില്ലെങ്കിൽ എനിക്ക സുകൃതക്ഷയം വന്നുപോകും.

"എന്റെ ചിരുതെ! എന്റെ ജന്മസമ്പത്തുക്കളെല്ലാം എഴുതിത്തരണമെന്നാവശ്യപ്പെട്ടിരുന്നാൽ ഞാൻ തരുമായിരുന്നുവല്ലൊ. നീ ചോദിച്ചതെല്ലാം പത്തിന്ന ഇരുപതായി ഞാൻ തന്നില്ലേ? എന്നട്ട ഇവിധം നീ എന്നോട്ട ചെയ്തല്ലൊ; എന്റെ കുട്ടികളോട്ട കഴിയുന്ന ദ്രോഹം നീ ചെയ്തില്ലേ? നിനക്ക കണക്കിലാവാതെ പോകട്ടെ.

"എന്റെ കാര്യസ്ഥന്മാർപോലും എന്നെ ചതിച്ചതാണാശ്ചര്യം. അവരെ എന്തിന്ന കുററം പറയുന്നു? ഇവളെപ്പോലെയുള്ള ശൂർപ്പണഖയുടെ മുൻപിൽ രാമലക്ഷ്മണന്മാരും മയങ്ങിപ്പോകും. ഒരു നാഴികയ്ക്കുള്ളിൽ എന്നാടുതന്നെ എത്ര പിട്ടങ്ങിക്കഴിഞ്ഞു! പണത്തിലാശപെരുത്താൽ നാശഹേതുവാണ്. നിന്റെ അവസാനം എങ്ങനെയോ? 'പണംതുളെക്കെല്ലി'യാണെങ്കിൽ നിനക്ക ചേന്ന അനുഭവം വന്ന സംഭവിക്കാതിരിക്കില്ല.

"കരിഞ്ഞുപൊരിഞ്ഞിട്ടെങ്കിലും എന്റെ കുട്ടികൾ ഇത്രത്തോളം വളൻവന്നതു് ഈശ്വരാധീനം. എന്നെപ്പിഴിഞ്ഞതിപ്പാൻ മേലിൽ ശേഷിക്കുമില്ലെന്ന കരുതിയിട്ടാണോ പൊന്മൊട്ടയിടുന്ന താറാവിനെ കൊന്നുകളയണമെന്നുദ്ദേശിക്കുന്നതു്? നിന്റെ ദുരാഗ്രഹം നടക്കണമെങ്കിൽ ഈശ്വരൻകൂടെ സമ്മതിക്കണ്ടയോ?

"തമ്പി വന്നുവല്ലോ. കുട്ടികൾ എവിടെയാണ? അയാൾ കണ്ടില്ലെന്ന വന്നേക്കുമോ? കുഞ്ഞുങ്ങൾ മഠത്തിലേക്ക പോയിരിക്കുമോ? എനിക്കറിവാൻ നിവൃത്തിയില്ലല്ലോ. ശങ്കരൻ സ്വബുദ്ധികൊണ്ടാലോചിച്ചു് ഒന്ന ചെയ്യുന്ന കാലമുണ്ടാവില്ല. പറയുന്നതിൽനിന്ന ഒരടി അങ്ങട്ടോ ഇങ്ങട്ടോ മാററിവയ്ക്കുന്നസ്വഭാവവും അവനു കാണുന്നില്ല. അതിനാൽ ഈ സമയത്തു് എന്നെ അന്വേഷിച്ചു പുറപ്പെടണമെന്ന അവന്ന തോന്നുവാൻ തരമില്ല. നാളെ രാവിലേവരെ ഇവിടെ കഴിച്ചുകൂട്ടുകതന്നെവേണം. കുഞ്ഞുങ്ങൾ രക്ഷപ്പെട്ടുവെങ്കിൽ എനിക്ക സമാധാനമായി. പിന്നെ എത്ര നേരം വേണമെങ്കിലും ഇവിടെ കിടപ്പാൻ തയ്യാറാണ്.

"മേലത്തെ മുറിയിൽ എന്തന്നോകൊണ്ടുവച്ചു പൂട്ടിയിട്ടിണ്ട്, വിരുന്നിന്ന വേണ്ടുന്ന സംഭാരങ്ങളായിരിക്കാം, എന്നാൽ വേറെ അ

നക്കൊന്നും കേൾപ്പാനില്ല. പക്ഷെ, ജാനകിയെ പിടികിട്ടാത്തതുകൊണ്ട് അടിയന്തിരം വേണ്ടെന്നു വെച്ചുവോ? തമ്പിയുടെ മുഖഭാവം കണ്ടിട്ട് ഉദ്ദേശിച്ചകാൎയ്യം നടന്നില്ലെന്നാണ് തോന്നുന്നതു. അയാൾക്കു ഇച്ഛാഭംഗം എന്തോ സംഭവിച്ചിട്ടുണ്ടു്. രാമവൎമ്മന്റെ ബുദ്ധിഹീനതകൊണ്ടല്ലെന്നു തീൎച്ചതന്നെ. അയ്യാളുടെ പണത്തിനോടല്ലാതെ ആളിനോടു സ്നേഹമുള്ളതായി തമ്പിയുടെ നാട്യംകൊണ്ടു വെളിവാകുന്നില്ല."

രണ്ടുപേർ അടുത്ത മുറിയിൽ താന്ന സ്വരത്തിൽ സ്വകാൎയ്യം പറയുന്നതു കേട്ടു് അച്ഛൻനമ്പൂരി അഴിക്കിടയിൽക്കൂടി പതുക്കെ എത്തിനോക്കി. തക്ഷകസംഘത്തിന്റെ ഹോമപ്പുരയിലായിരുന്നു വൎത്തമാനം കേട്ടതു്. ഹോമകുണ്ഡങ്ങൾ എല്ലാം കെട്ടുപോയി. അവിടെ മുമ്പേകണ്ട കാട്ടാളസിൽബന്തികളും ഇല്ലായിരുന്നു. മങ്ങിക്കത്തിക്കൊണ്ടിരുന്ന ഒരു കൈവെളക്കിന്റെ പ്രകാശമേയുണ്ടായിരുന്നുള്ളു. സ്വകാൎയ്യം പറഞ്ഞുകൊണ്ടിരുന്നവർ തമ്പിയും ചിരുതേവിയമ്മയും ആയിരുന്നു

തമ്പി:—ചിരുതെ, പതുക്കെ പറ. നമ്പൂരി കേട്ടേക്കും.

ചി: അ—(നമ്പൂതിരി പോയിരിക്കുമെന്നു വിചാരിച്ച്) അയ്യാളെ എവിടെയാ അടച്ചൂട്ടതു്? ഇവിടെല്ലാം നോക്കിയിട്ടാ കണ്ടയില്ല.

തമ്പി:—മടയി! അപ്പുറത്തെ [illegible]ലവറയിൽ നോക്കിയില്ലേ?

ചി: അ—മാടമ്പ്രാന്തിക്കുള്ളേല ഒളിച്ചൂട്ടാൽ ചിരുത അറിയോ? അങ്ങുന്നു് എന്തിനു പറയാണ്ടുപോയ? മുറികളായ മുറിയെല്ലാം പൊരട്ടിനോക്കി. കണ്ടില്ല.

തമ്പി:—കണക്കായിപ്പോയി. പെണ്ണുങ്ങളല്ലായാൽ ബുദ്ധി വേണം. വേണ്ടടത്തു മാത്രം നോക്കാൻ ഇതുവരെ തോന്നിയില്ലല്ലോ. ഞാൻ താന്ന പോയി അയാളുടെ കടം തീൎത്തുവെക്കാം

ചി: അ—ങ്ങെ! ചിരുത അറിഞ്ഞേകി എത്രയെത്ര തട്ടാൻ. വങ്കൻ ചോദിക്കണതു തരുല്ലാന്നോ?

തമ്പി:—താക്കോലിങ്ങോട്ടുതാ. ഞാൻ പോയിക്കൊണ്ടുവരുന്നു നോക്കട്ടെ.

ചി: അ—താക്കോലില്ല.

തമ്പി:—ങേ! കളിക്കുന്നോ?

ചി: അ — അങ്ങുന്നേക്ക ദേഷ്യാണോ?

തമ്പി.—കഴയാത്ത തരുന്നുണ്ടോ?

ചി: അ — നോക്കണ്ണം കണ്ടേലാന്ന.

തമ്പി:—പിന്നെ എവിടെ? വേഗം പറ

ചി: അ — ഇവിടെ ഒരു വല്യങ്ങുന്നില്ല്യേ? അയാടെ കയ്യിൽ,

തമ്പി:—എനിക്ക ദേഷ്യം വരുന്നേ. ഇനി ക്ഷമിക്കയില്ല.

ചി: അ — പപ്പണൻ വാങ്ങി.

തമ്പി:—എന്തിന്ന കൊടുത്തു?

ചി: അ—ചെമ്പകത്തിന്റെ മുറി തൊറക്കാൻ.

അ: ന— ഒ—വ്വ!

തമ്പി:—എന്നിട്ട്?

ചി. അ—തിരിച്ചു തന്നില്ല. പപ്പണനെ വിളിക്കണം.

തമ്പി അവൻ ഇവിടെയില്ല. ചാലക്കടയിൽ പോയിരിക്കയാണ്. അങ്ങെ മുറിയിലേക്ക കടക്കാനെന്താ വിദ്യ?

ചി: അ — എന്തിനു കടക്കണു?

തമ്പി—ഇത്ര വരെയും കേട്ടു കൊതിക്കൊണ്ടല്ലേ? ആ പൂങ്കുയിൽക്കിടാത്തിയെ കാണ്മാൻ.

അ: ന—(ആത്മഗതം) എന്തിനാണെടോ കാണുന്നതു? ചിരുതതന്നെ എനിക്ക അസ്വസ്ഥയായിരിക്കുമ്പോൾ തന്നെക്കൊണ്ടു വല്ലതും സാധിക്കേ. അധികം ബുദ്ധിയുള്ള പൂച്ചയ്ക്കു കാടിക്കഴിയിലാണുപായം.

ചി: അ — നമ്പൂരിച്ചനോ?

തമ്പി:—ആ! അയാളെത്തന്നെ.

ചി: അ—അയാളെ പപ്പണൻ മോട്ടിച്ചോണ്ടുപോയി.

അ- ന—(ആത്മഗതം) ചതിച്ചതെ! നീതന്നെ പെണ്ണ്. എന്നാൽ എന്റെ കുഞ്ഞുങ്ങൾക്കും എനിക്കും മേലിൽ നിന്നെ കണികാണാൻ സംഗതിയാവരുതേ!

തമ്പി:—ഏ! എന്തുണ്ടായെന്നു? വേഗം പറ.

ചി: അ—പപ്പണൻ വല്യങ്ങുന്നല്ല്യോ? അങ്ങേരോട് ചോദിക്കണം. ചിരുതേ, ചുമ്മാ കോവിച്ചില്ല്യോ?

തമ്പി—എന്റെ പൊന്നേ. നീ തന്നെ പറയുമോ? ആ കൃതഘ്നകെട്ടവനെ ഇന്നുതന്നെ തുലച്ചേച്ചേക്കാം.

ചി: അ—അങ്ങുന്നിന്റെ ചോററിലല്ല്യോ മണ്ണിടാൻ തൊടങ്ങിയതു്? ചിരുത അവനെപ്പോലെ നന്ദികെട്ടതല്ല.

തമ്പി—സ്വാമിദ്രോഹികൾക്ക ഗുണംപിടിക്കുമോ? കണ്ടേത നീ എങ്ങനെയറിഞ്ഞു?

ചി: അ—ചിരുതയ്ക്കു അപ്പവേ സംശ്യം തോന്നി. കാണാതെ ഇതിനകത്തു വന്നിരുന്നു. അണ്ണൻ നമ്പൂരിച്ചനോട് ഒത്തിരി പറഞ്ഞോണ്ടിരുന്നു. അങ്ങുന്നങ്ങനെയാ ഇങ്ങനെയാ എന്നൊക്കെ ഒരുപാട് ദോഷം പറഞ്ഞൂട്ട നമ്പൂരിച്ചനോട ഒരു വല്യകിഴി വാങ്ങിച്ചോണ്ടു വെളിയിലേക്ക കടത്തി വിടുകേം ചെയ്തു.

തമ്പി—എന്നിട്ടല്ലേ 'ഞാനൊന്നുമറിഞ്ഞില്ലെ രാമനാരായണാ' എന്നു് ആ അധികപ്രസംഗി മുററത്തുവന്നു ഞാൻ വരുംമുമ്പേ ഹാജരുകൊടുത്തതു്? വഞ്ചകനെ ഇന്നുതന്നെ ശകവരുത്തിയിട്ടു മററു കാര്യം.

ചി: അ—തന്നെ. ചിരുതപറേണതു കേക്കുവോ?

തമ്പി—ഇനി കേട്ടിട്ടെന്തുവേണം? കാര്യം തീർന്നില്ലേ?

ചി: അ—ചിരുത ഇല്ലെങ്കി തീർന്നതുതന്നെ. നിലവറേടെ കോണിലെ ാരു കട്ടവാംപരണി ഇല്ല്യോ?

തമ്പി—ഉണ്ടോ?

ചി: അ—അതും പാവത്തിനറിഞ്ഞൂടേ? എന്നാ ഒണ്ടു. അതിലാ പപ്പണൻ കിഴികൊണ്ടുതട്ടിയിരിക്കണതു്.

തമ്പി അവന്റെ വായിൽ മണ്ണിടിക്കാൻ നിന്നെക്കൊണ്ടാകുമോ?

ചി: അ—നോക്കിക്കോണം. അതിനല്ല്യോ എന്നെ ഇവിടെത്തന്നെ കഴിച്ചിട്ടിരിക്കിണതു? അങ്ങുന്നേ, കോതവർമ്മനുവല്ലോ കൊണ്ടാകവോ?

തമ്പി—അയാൾക്കു ഗുണം പിടിക്കുന്ന കാലത്തു വെള്ളക്കാ
ക്കു മലമ്പാറക്കും നമുക്കു കിട്ടുന്ന പത്താളം ലാഭം.

ചി: അ—പെണ്ണുവന്നോ? അന്തരിക്കുന്ന പാവമൊണ്ടോ?

തമ്പി—വന്നും കഴിഞ്ഞു, പോയും കഴിഞ്ഞു. ഇനി കഴിച്ചു വെ
ട്ടേണ്ട താമസമേയുള്ളൂ.

അ: ന—അ......യ്യൂ!

ചി: അ—ഉം!

തമ്പി—മുററത്തു വന്നയുടനെ മറിഞ്ഞുവീണതാണ്. എ
ന്റെ കൂടെ ഇരുന്നു വാഴാൻ ആ സത്വത്തിനു ഭാഗ്യമുണ്ടോ? കഴു
ത്തിന്റെ കുഴിയിൽ ഒരു കിതപ്പുമാത്രം. അതും ഇപ്പോൾ തീർന്നി
രിക്കും.

ചി: അ— കരുത്തംകെട്ടോളെ വരവും കഞ്ഞാറാണന്റെ ചെ
ലവും പോട്ടെ. തൊല്ലയൊഴിഞ്ഞു. നാളെക്കാലത്തെ നമ്പൂരിച്ചു
നെ വിളിച്ചേല്പിച്ചേക്കണേ. അയാടെ ചോദ്യാക്കേണം?

തമ്പി—നമ്പൂരിയുടെ മക്കൾ പട്ടിണികിടന്നല്ലേ ചാക.

ചി: അ—അവർക്കു കൊലക്കൂടെ ഉത്തരം പറേണ്ടല്ലോ.

അ: ന—(അർദ്ധോക്തിയിൽ) മ-ഹാ-പാ-പികളെ!

തമ്പി— നിനക്കു മോളെ കാണണ്ടേ?

ചി. അ—കണ്ടടത്തോളം മതി. ചിതതെക്കു തൈതാരംവേ
ണം. ഈ ചെറുക്കനെക്കൂടെ വല്ലടത്തും കൊണ്ടുപോയികളേമോ?

തമ്പി—അച്യുതൻപിള്ളയോടു പറഞ്ഞിട്ടുണ്ട്. അയാളെ
നാളെ ഏല്പിച്ചേക്കാം.

ചി: അ—ഇതിനകത്തു തീവെട്ടിരിക്കുന്നത് എന്തിരങ്ങുന്നേ!
അയ്യപ്പൻതുള്ളലൊണോ?

തമ്പി—നിനക്കൊന്നും പറഞ്ഞാൽ മനസ്സിലാകുകയില്ല. പി
ന്നെ ആവശ്യമില്ലാത്ത സംഗതി ചോദിക്കുന്നതെന്തിനാണ്?

ചി: അ—എങ്കിലും പറേണം.

തമ്പി—ആ കറുത്ത മരുന്നിരിക്കുന്ന കുപ്പിയെടുക്കു. അതു
മദനകാമേശ്വരി ലേഹ്യം. അതിനടുത്തിരിക്കുന്നതു ആതങ്കസം

ഗ്രഹണ്ഡലികകൾ അതിന്റെ അപ്പുറത്തുമ്മയു മർത്ത്യകാമേഷ്ടി മന്ത്രം. പിന്നെ ചെമന്ന സിന്ദൂരം, ഒന്നു കാണുന്നില്ലേ? അതു നെറ്റി യിൽ തൊട്ടാൽ—ഈ മരുന്നുകളെല്ലാം നീററാനുള്ള അട്ടപ്പുകളാ ണു് മനസ്സിലായോ?

ചി: അ—സിന്ദൂരത്തിന്റെ പേരു പറേണം.

തമ്പി—അനംഗപ്രദീപതിലകം.

ചി: അ—അതുതൊട്ടാ എന്തിരുവരും?

തമ്പി—എന്നെ വിചാരിച്ചുകൊണ്ടു തൊടുകയാണെങ്കിൽ പിന്നെ ഞാൻ വിട്ടുപോകുകയല്ല.

അ. ന—(ആത്മഗതം) അല്ലെങ്കിൽതന്നെ ചിരുത തന്നെ വി ട്ടുപോകുന്ന കാലം ഇനി വരുന്നതല്ല. എന്റെ കഞ്ഞുങ്ങളുടെ ഭാ ഗ്യം. ജാനകി മരിക്കാറായെന്നു പറഞ്ഞതെല്ലാം "സ്ത്രീ പുളികം" എന്നു ജംബുകപ്രവരന്റെ കഥപോലെയാണു്. തന്നിഷ്ട ചേന്ന വരം ചിരുതതന്നെ- സുഖായിട്ടിരിപ്പിൻ.

ചി: അ—എന്നാ ചിരുത അതുകൊണ്ടൊരു പൊട്ടുതൊട്ടോ ട്ട്യോ?

തമ്പി—ഇപ്പോൾ ഏതായാലും വേണ്ടാ. തിടുക്കമെന്തു്? ചെല്ലം പെണ്ണുകളെയെല്ലാം നല്ലവാക്കപറഞ്ഞു പിരിച്ചതിന്റെ ശേഷം മതി.

ചി: അ—ചിരുത പെണ്ണങ്ങളമ?

തമ്പി—അപ്പോൾ ഞാനൊരു പൊട്ടുതൊട്ടാൽമതി

ചി: അ—എത്രതൊട്ടിട്ടും എന്റെ മോളോടു പററില്ലല്ലോ.

അ: ന—(ആത്മഗതം) അതു തറവാട്ടിൽ ജനിച്ചതുകൊണ്ടാ ണു്. "മന്ത്രവുംതന്ത്രവുംമററുള്ളവിദ്യയും മാരുതപുത്രനോടേലുംഫ ലംവരാ".

തമ്പി—തൊട്ടതുകൊണ്ടു പെണ്ണിന്റെ ശവം വന്നു എന്റെ കട്ടിലിലാണു ശയനം. മരുന്നിന്റെ മിടുക്കത്രയുമുണ്ടു്. ഗോമവ ന്മൻ മിറാസവും തൊടുന്നുണ്ടു്. മുഹൂർത്തംകൂടെ നിശ്ചയിച്ചതു നീയ റിഞ്ഞില്ലേ?

ചി: അ—ഇഷ്ടമില്ലാത്തോരെ കെട്ടിക്കാൻ മരുന്നൊണ്ടോ അ ങ്ങുന്നേ?

തമ്പി— ഇല്ലാതെയാണോ കോയിപ്പണ്ടാല ഓടാൻപോകുന്നതു്? വിപ്രയുക്താരിഷ്ടം ഒരിക്കൽ സേവിച്ചാൽ മതി.

ചി: അ—മതി. പൂവാം.

തമ്പിചിത്തയുഗളം അണിയറയിൽ വിരമിച്ചു. സ്വന്തം സുഖദുഃഖദൈവങ്ങളുടെ സഹവാസം അച്ഛൻനമ്പൂതിരിയും കൈക്കൊണ്ടു. ഏകദേശം അഞ്ചുനാഴികചെന്നപ്പോൾ പരിതഃസ്ഥിതികൾ കേവലം നിശ്ശബ്ദമായി. നമ്പൂതിരിപ്പാട്ട് എണീറ്റുനിന്നു. നാലുഭാഗവും ചെവിയോർത്തു കുറേ അകലെയായി സംഗീതംകേട്ടു. ഗോദവർമ്മന്റെ അരങ്ങേറ്റമോ തമ്പിയുടെ സൽക്കാരസമ്മേളനമോ ആയിരിക്കണമെന്നു തീർച്ചപ്പെടുത്തി. പരബാധയില്ലാതെ തന്റെ കാര്യസാദ്ധ്യത്തിനുള്ള ഗതിയെ ആരാഞ്ഞുകൊണ്ടു മുകളിലത്തെ മുറിയിൽ കടന്നു. അവിടെയും ആരും ഉണ്ടായിരുന്നില്ല. പിച്ചനടന്നു നടന്നു ആ മുറി ആസകലം പരിശോധിച്ചു. പുറത്തേക്കുള്ളതു കൂടാതെ ഇടത്തും വലത്തും ഓരോ കതകുണ്ടായിരുന്നു. വലത്തുവശത്തുള്ള കതകു പതുക്കെ തുറക്കാമോ എന്നു പരീക്ഷിച്ചു. അകത്തു കുററിയിട്ടിട്ടുള്ളതുകൊണ്ടു സാധിച്ചില്ല നിലയിൽ ചെവിവച്ചു ശ്രദ്ധിച്ചു ആരോ ദീർഘശ്വാസം വലിക്കുന്നതുകേട്ടു. അല്പംകൂടിസൂക്ഷിച്ചു ചെവികൊടുത്തപ്പോൾ അന്ത്യകാലത്തുള്ള മേഹാന്റെ' സാഞ്ചാരമാണെന്നു് അനുഭവമായി, അന്ധാളിച്ചു പുറകോട്ടുമാറിനിന്നു. കാര്യഗൌരവം മനസ്സിലാക്കി. ഓ! എന്നശബ്ദം നാഭിയിൽനിന്നു തിരക്കി മേല്പോട്ടുപൊന്തി. കണ്ഠനാളത്തിൽവന്നു തടഞ്ഞുനിന്നതല്ലാതെ ജിഹ്വാഗ്രത്തിൽ എത്തിയില്ല. നമ്പൂതിരിപ്പാട്ടിലെ വിശാലമായ ലലാടത്തിൽ സ്വേദമൌക്തികങ്ങൾ നിറഞ്ഞു. കണ്ണുകൾ നിന്നനിലയിലായി. നില്പാൻ ശക്തിയില്ലാതെ ഒരുമൂലയിൽ ചെന്നിരുന്നു. രക്തനാഡികളെല്ലാം പിടിച്ചിരുന്നതു ഒരുവിധം നേരെയായപ്പോൾ ഇപ്രകാരം വിലാപംതുടങ്ങി.

“അയ്യോ! ഗുരുവായൂരപ്പാ! എന്റെ ഇത്രനാളത്തെ അനാസ്ഥയുടെ ക്രൂരഫലം ഇന്നു ഞാൻ അനുഭവിപ്പാൻ പോകുന്നുവല്ലോ. കോയിപ്പണ്ടാലയുടെ വിഷയത്തിൽ അതിശ്രദ്ധ കാണിച്ചുപോയി, തൽക്കാലത്തേക്കു സ്വന്തകാര്യത്തിൽ അലസതപിടിപ്പെട്ടുപോയി, ഈ പതനത്തിലെത്തുമെന്നു വിചാരിച്ചില്ല, ഇങ്ങനെ പശ്ചാത്തപിച്ചാൽ എന്റെ സത്യലംഘനത്തിനു തക്ക പ്രതിശാന്തിയാകുമോ? ഇല്ല, ഒരിക്കലുമില്ല. ഞാൻ ഭരമേററിട്ടുള്ള ജോലി വേണ്ടുംവണ്ണം നിർവ്വഹിച്ചില്ലെന്നുള്ള അപവാദം വലിച്ചുവയ്ക്കാരെ തരമില്ല. പട്ടിണികിടന്നു ചാവണമെന്നായിരിക്കാം എന്റെ കുട്ടിയുടെവിധി. അ

വസാനകാലത്ത് ഒരുതുള്ളി വെള്ളമെങ്കിലും തൊണ്ടക്കുഴിയിൽ ഇററിപ്പാൻ എനിക്കു സംഗതിയാകുന്നില്ലല്ലോ. അടുത്തിരുന്നിട്ടു ഒന്നു കാണ്മാൻ ഭാഗ്യമില്ലല്ലോ. എന്നെപ്പോലെ മഹാപാപി ആരുണ്ട്?

“എന്റെ ഉണ്ണിയുടെ സ്ഥിതി അതിലുംകഷ്ടം. ഉണ്ണിക്കു ശക്തിമത്തായ അന്തരാഗം ഉണ്ടായിക്കഴിഞ്ഞു. കുട്ടിക്കു വല്ലതും വന്നുവെന്നറിഞ്ഞാൽ ഉണ്ണിയുടെ കഥ — ! ഇതിനെല്ലാം കാരണം അച്ഛൻനമ്പൂതിരിതന്നെ. യഥാകാലം കുട്ടികളെ മനസ്സുപോലെ കൊണ്ടുപോയിരുന്നുവെങ്കിൽ ഇതു വല്ലതും വരുമായിരുന്നുവോ? അന്തർജ്ജനക്കുട്ടി എവിടെയാണ്? അവനെക്കണ്ടാൽ വിവരം അറിയാതിരിക്കില്ല. ഏതായാലും ഇങ്ങിനെയിരുന്നു വ്യസനിച്ചതുകൊണ്ടു ഫലമില്ല. എന്തെങ്കിലും ഉടനേ ചെയ്യണം. ഇടത്തുഭാഗത്തുള്ള മുറി ഒന്നു പരിശോധിച്ചാലോ? അതും പൂട്ടിയിരിക്കുകയാണെങ്കിൽ സൂര്യോദയംവരെ ആധിതിന്നുകൊണ്ടിവിടെത്തന്നെ കിടന്നുരുളാതെ എന്താണു നിവൃത്തി”.

അച്ഛൻനമ്പൂതിരി ഇടത്തെമുറിയുടെ കതകുതപ്പി നോക്കിയപ്പോൾ കൊളുത്തു കയ്യിൽ തടഞ്ഞു. കൊളുത്തെടുത്തിട്ടു കതകുതള്ളിയയുടനേ തുറന്നു. വേഗത്തിൽ ഉള്ളിലേക്കുകടന്നു. നല്ല ഇരുട്ടായിരുന്നതിനാൽ ഒന്നും കാണ്മാൻ കഴിഞ്ഞില്ല. സദിരും മേളവുമെല്ലാം അടുത്ത മുറിയിൽ കൊണ്ടുപിടിക്കുന്നുണ്ടായിരുന്നു. അതുകൊണ്ടു തന്റെ പാദശബ്ദം വെളിയിൽ കേൾക്കുകയില്ലെന്നുള്ള ധൈര്യത്തോടുകൂടി മുറിയെല്ലാം തപ്പിക്കൊണ്ടു നടന്നു. പരിഭ്രമത്തിൽ ഒരു കന്നോരമറിച്ചിട്ടു. ഉടനെ അയ്യോ! എന്നു ദീനസ്വരംകേട്ടു ശ്വാസമടക്കിക്കൊണ്ടു അനങ്ങാതെനിന്നു. കുറേക്കഴിഞ്ഞു ശബ്ദംകേട്ടയിടം സങ്കല്പിച്ചു നടന്നു. കാൽപെരുമാററം കേട്ടിട്ടോ എന്തോ, “താൻ പിന്നെയും വന്നിരിക്കയാണെല്ലേ? എന്നെ തൊടുന്ന പക്ഷം ചുവരിൽ എന്റെ തലയടിച്ചു ചെതറിച്ചുകളയും. കൊലപാതകത്തിനു താൻതന്നെ ഉത്തരംപറയണം” എന്നു വീണ്ടും ഒരു പെൺകുട്ടിയുടെ ധ്വനിമാധുര്യ്യം പുറപ്പെട്ടു.

അച്ഛൻനമ്പൂതിരി പിന്നെ ഒരടി മുമ്പോട്ടുവച്ചില്ല. ഹാ! ജന്മസാഫല്യംവന്നു, എന്നു് ഒരു പ്രാണമന്ത്രം ജപിച്ചതു നിശ്വാസനിസ്വനപരമ്പരയിൽ തടഞ്ഞുനിന്നുപോയി. നേത്രധാരയാൽ ഹൃദയഭാരം കുറഞ്ഞു. സാന്ത്വനസ്വരത്തിൽ നമ്പൂതിരിപ്പാടു ജാനകിക്കുട്ടിയോടു ഇപ്രകാരം വർത്തമാനം തുടങ്ങി.

അ: ന—കുട്ടി!

സ്വരംകേട്ടയുടനേ പെൺകുട്ടിക്കു പുതിയ ജീവൻ വന്നു. എണീററിരുന്നു. എന്നാൽ ഉത്തരം ഒന്നും പറവാൻ തോന്നിയില്ല.

അ: ന—ഞാൻ ഇരവിയൻതമ്പി അല്ല. അടുത്തു വരട്ടെ.

“ഇതാരാണു്? എന്റെ—അദ്ദേഹത്തിന്റെ ശബ്ദംപോലെയിരിക്കുന്നല്ലോ. എന്നാൽ അദ്ദേഹമല്ല തീർച്ചതന്നെ. ആരായിരുന്നാലും ഈ സമയത്തിവിടെ വരുവാൻ കാരണമെന്തു്? ഈശ്വരകടാക്ഷംതന്നെ” ഇങ്ങനെ വിചാരിച്ചുകൊണ്ടു് ജാനകിക്കുട്ടി ഉത്തരം പറവാൻ പദങ്ങൾ തേടിത്തുടങ്ങി. എന്നാൽ കടിച്ചുവലിച്ചിട്ടും പുറപ്പെടാത്തതിനാൽ പിന്നെയും മൌനം ഭജിച്ചു.

അ: ന—പരിഭ്രമിക്കേണ്ട. തമ്പിയുടെ ശേഖരത്തിലുള്ള ആളല്ല.

‘പരിഭ്രമിക്കേണ്ട’ എന്ന ശബ്ദം കർണ്ണപുടത്തിൽ തട്ടിയ ഉടനെ ആനന്ദപീയൂഷമയമായ ഭൂതകാലസ്മരണ ജാനകിക്കുട്ടിക്കുണ്ടായി. ആ പദം തന്റെ ജീവസന്ധാരണമന്ത്രമായി കരുതിപ്പോന്നിട്ടുള്ളതാണു്. പത്മനാഭന്റെ ഇടപാതയിൽ കേട്ട മൃദുഗാനത്തിന്റെ പ്രതിഘോഷം ഇപ്പോഴത്തെ ആപൽഘട്ടത്തിലും സമീപത്തിൽ മുഴങ്ങിയതുകൊണ്ടു രോമാഞ്ചകഞ്ചുകയായി എണീററു ഓടിപ്പോയി ജനലു തുറന്നു. നിലാവെളിച്ചം മുറിയിൽ കടന്നപ്പോൾ കുട്ടിയുടെ മുഖം അച്ഛൻനമ്പൂതിരിക്കു നല്ലവണ്ണം കാണാറായി. മകളെ, അന്ധാളിക്കരുതു്, നിന്റെ അച്ഛനാണു് ഇവിടെ നില്ക്കുന്നതു്. ഇങ്ങട്ടു് അടുത്തുവരു, ഇങ്ങനെ അച്ഛൻനമ്പൂതിരി കണ്ഠമിടറിയുംകൊണ്ടു പറഞ്ഞു. രണ്ടുപേരും പരസ്പരം നോക്കി. നമ്പൂതിരിപ്പാടു മകളെ പുണർന്നു ശിരസ്സിലും നെററിയിലും ചുംബിച്ചു, വിശേഷങ്ങൾ ചോദിപ്പാനും പറവാനും തുടങ്ങി.

അ: ന—എന്റെ മകൾക്കു ക്ഷീണം നന്നായിട്ടുണ്ടാവും. വരൂ, കട്ടിന്മേൽ പോയിരിക്കാം. വർത്തമാനം ഇശ്ശി പറവാനുണ്ടു്.

ജാ: കു—അതിലും സുഖം നിലത്തിരിക്കുന്നതാണു്. ഇവിടെ ഇരുന്നുകൊള്ളട്ടേ?

അ: ന—ഉള്ളതുതന്നെ. [illegible]ന്റെ സാധനം തൊട്ടതുകൊണ്ടു ക്ലിഷ്ടതയുണ്ടാവും. ഇങ്ങട്ടു് അടുത്തിരുന്നുകൊള്ളുക.

ജാ: കു—അച്ഛാ, ചിരുതേവിയമ്മ എന്റെയും ചെമ്പകന്റെയും അമ്മയാണോ? ആണെങ്കിൽ എനിക്കു മേലിൽ ജീവിച്ചിരിക്കണമെന്നാശയില്ല.

അ: ന — നിന്നെപ്പോലെ ശീലാവതിയായ ഒരു കുട്ടി സൽപാത്രത്തിനല്ലാതെ ഉണ്ടാവുമൊ? ചിരുതയ്ക്കു നിൻെറ അമ്മയാവാൻ യോഗ്യതയില്ല.

ജാ: ക — അവരെ ഞങ്ങൾ അമ്മയായിട്ടാണല്ലോ കരുതിയിരുന്നതു്.

അ: ന — അവർ നിങ്ങളെ മക്കളായിട്ടു കരുതിയില്ലെന്നു അനുഭവംകൊണ്ടറിയരുതേ.

ജാ: ക — അവരുടെ കൈവശത്തിൽ ഞങ്ങൾ പോയിച്ചേരുവാൻ സംഗതിയെന്തു്? അച്ഛനു ഞങ്ങളോടു വാത്സല്യം ഇല്ലാത്തതുകൊണ്ടല്ലേ?

അ: ന — എന്തോ അങ്ങനെ വന്നു സംഭവിച്ചുവെന്നേ വേണ്ടു. ഇനി എൻെറകൂടെത്തന്നെ കൊണ്ടുപൊയ്ക്കൊള്ളയാം. കഴിഞ്ഞതെല്ലാം മറക്കു.

ജാ: ക — ഞങ്ങളുടെ അമ്മയാരാണു?

അ: ന — അതു ഇശ്ശി വലിയ കഥയാണു്. സ്വസ്ഥമായിട്ടിരിക്കുമ്പോൾ പറയാം. അനുജൻ കുഞ്ഞുകൂടി കേട്ടാലേ ഭംഗിയാവു. അവനെ നീ കണ്ടുവോ?

ജാ: ക — കടപ്പുറത്തുനിന്നു പപ്പൻപിള്ളയുടെ കൂടെ പോകുന്നതുകണ്ടു. എവിടെയാണോ എൻെറ കുഞ്ഞു്?

അ: ന — ഇവിടെത്തന്നെ ഉണ്ടു്. അവനേയും അടച്ചിരിക്കുകയാണു്. കണ്ടുപിടിക്കണം.

ജാ: ക — അച്ഛൻ എങ്ങനെയറിഞ്ഞു?

അ: ന — ചിരുതയുടെ സംസാരത്തിൽനിന്നാണു മനസ്സിലായതു്?

ജാ: ക — അവരിവിടെയുണ്ടോ?

അ: ന — ഉണ്ടു്.

ജാ: ക — അച്ഛാ, വരു. കുഞ്ഞിനെ അന്വേഷിച്ചു പിടിക്കണം. അതിൻെറ ശേഷമേ പൂവാൻ നിവൃത്തിയുള്ളു.

അ: ന — നീ ഇവിടെയിരുന്നാൽ മതി. ഞാൻ പോയി നോക്കിട്ടു വരാം.

ഫൻർ

ജാ: ക— ആശ്ശ്! എനിക്കു പേടിയാവും. കൂടെ ഞാനുമുണ്ട്.

അ: ന— ക്ഷീണം തോന്നുന്നില്ലെങ്കിൽ വന്നോളൂ.

ഇരുവരും എണീററു അച്ഛൻനമ്പൂതിരി വന്ന മുറിയിലേക്കു കടന്നു. ശ്വാസംവലിക്കുന്നതു കേട്ട മുറിയുടെ വാതില്ക്കൽ ചെന്നു. അച്ഛൻനമ്പൂതിരി മുമ്പിലത്തെപ്പോലെ ചെവിയോർത്തു ശബ്ദമൊന്നും കേട്ടില്ല. കതകു വലിച്ചുനോക്കി— അകത്തു പൂട്ടിയിരുന്നതിനാൽ തുറക്കാൻ വൈഷമ്യമായിരുന്നു.

ജാ: ക— ഈ കതകു തുറക്കുന്നതിനുപ്രയാസമാണ്. വെളിയിലേക്കുള്ള വാതലു നോക്കു.

അ: ന— അതെല്ലാം പരീക്ഷിച്ചുകഴിഞ്ഞു. എല്ലാം പൂട്ടിവച്ചിരിക്കുകയാണ്. നീ പേടിക്കുകയില്ലെങ്കിൽ ഞാൻ ഒരു സംഗതി പറയാം.

ജാ: ക— ഇനി, ഇനിക്ക് ഒരുത്തരേയും പേടിയില്ല. പറഞ്ഞോളുക.

അ: ന— നാമൊടെ വന്നപ്പോൾ ഒരാൾ ഇതിനകത്തു ശ്വാസം വലിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ശബ്ദമൊന്നും കേൾക്കുന്നില്ല.

ജാ: ക— ഉറക്കമായിരിക്കും കേട്ടതു്.

അ: ന— ആയിരിക്കാം. ചെമ്പകൻ ഇതിനകത്തുണ്ടെന്നാണ് എന്റെ വിശ്വാസം. ഏതുവിധമെങ്കിലും കതകു തുറക്കണം. വെളക്കുണ്ടെങ്കിൽ ക്ഷണത്തിൽ നോക്കാമായിരുന്നു.

ജാ: ക— എന്റെ കയ്യിൽ ഒരു പിച്ചാങ്കത്തിയുണ്ട്. അതിന്റെ നാരായം ഇട്ടു തിരിച്ചു നോക്കിയാലോ? ഇതാ, ഒന്നു പരീക്ഷിക്കണം.

നാരായമിട്ടു കള്ളൻ തിക്കിയപ്പോൾ അതു മാറിക്കൊടുത്തു. കതകുതുറന്നു രണ്ടുപേരും അകത്തുപ്രവേശിച്ചു. ഒരു നിലവെളക്കു മങ്ങിക്കത്തുന്നുണ്ടായിരുന്നു. മുറിയിൽ കയറിയയുടനെ കണ്ടകാഴ്ചയാൽ രണ്ടുപേരും ഞെട്ടി പുറകോട്ടുമാറി. ഒരു വൃദ്ധസ്ത്രീയുടെ പ്രേതം വെളക്കിന്റെ സമീപത്തിൽ കിടക്കുന്നതുകണ്ടാണ് അവർ നടുങ്ങിയതു്. അവിടെ അധികംനേരം നിന്നില്ല. കതക് അടച്ചിട്ടു മുമ്പേയിരുന്ന മുറിയിലേക്കുതന്നെ മടങ്ങി.

ജാ: ക— അവിടെ ചത്തുകിടക്കുന്ന കിഴവി ആരെന്നറിയാമോ അച്ഛാ?

അ: ന—ശ്രമമില്ല. ഇതിനകത്തു് ഇന്നുരാത്രി പലേസംഭവങ്ങളും നടക്കുന്നുണ്ടു്. വഴിയേ അറിയാറാകും.

ജാ: ക—ചെമ്പകനെവിടെ?

അ: ന—വേറെ എങ്ങും നോക്കാനില്ല. അ! അവൻ ആൺകുട്ടിയല്ലേ? തന്റേടമുള്ള കൂട്ടത്തിലാണു്. അവന്റെ കാര്യത്തിൽ പ്രയാസങ്ങളുണ്ടാവില്ല.

ജാ: ക—നമുക്കിവിടുന്നു പോവാൻ വഴിനോക്കേണ്ടേ?

അ: ന—അതിനു ബദ്ധപ്പാടില്ല. കിടന്നു നല്ലവണ്ണം ഉറങ്ങൂ. വെളിച്ചമായാൽ സഹായത്തിനാളു വരാതിരിക്കില്ല. ചെമ്പകന്റെ വർത്തമാനവും അപ്പോഴേക്കു അറിയാറാവും. ഇനി ഭയപ്പെടുവാനൊന്നുമില്ല. ഞാനല്ലേ കൂടെയുള്ളതു? എനിക്കും ഒന്നു നടുവുനിവർക്കണം.

അപ്പനും മകളും സ്വൈരമായി തമ്പിഅങ്ങുന്നിന്റെ മുറിയിൽ നിലത്തുകിടന്നുറങ്ങുകയും ചെയ്തു.

ചെമ്പകനെ കൊണ്ടുവന്നു് അടയ്ക്കുന്ന ബഹളംകണ്ടിട്ടാണു് അപ്പൻനമ്പൂതിരി തിരിയെ നിലവറയിലേക്കു മടങ്ങിയതു്.

അപ്പൻനമ്പൂതിരി തമ്പിയുടേയും ചിത്രദേവിയമ്മയുടേയും വർത്തമാനം കേട്ടുകൊണ്ടിരുന്നപ്പോൾ ചെമ്പകൻ രക്ഷപ്പെടുവാൻ വേണ്ടുന്ന മാർഗ്ഗം തേടുകയായിരുന്നു.

ജ്യേഷ്ഠത്തിയെ തമ്പി കൂടെ കൊണ്ടുവരാതിരിക്കയില്ലെന്നു തീരുമാനിച്ചു. പകലിൽകണ്ട ഭീമസേനൻ ശങ്കരമേനവനല്ലാതെ ഈ സമയത്തു തനിക്കു ബന്ധു ഉണ്ടാകയില്ലെന്നും തീർച്ചയാക്കി. ഉടനെ സിങ്കേരിമഠത്തിലെത്തുവാനുള്ള ഉപായം ആലോചിച്ചു. മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടുംനടന്നു വെളിയിലേക്കുള്ള വഴികണ്ടു പിടിപ്പാൻ യത്നംതുടങ്ങി. ജനലുതുറന്നു കീഴോട്ടുനോക്കിയപ്പോൾ ഏകദേശം രണ്ടാൾ ഉയരമുള്ളതായികണ്ടു. പിന്നെ ജനലിന്റെ ഇരുമ്പഴികൾ ഇളക്കിയെടുക്കുന്ന ശ്രമമായി. ജ്യേഷ്ഠത്തിയെപ്പോലെ അനുജനും പേനാക്കത്തിയൊന്നുകരുതിയിരുന്നു. കത്തികൊണ്ടു ജനലിന്റെ പടി അറുത്തറുത്തു് ഒന്നുരണ്ടുകമ്പി ഇളക്കിയെടുത്തു. ഇത്രയും ജോലി തീർന്നതിനു് ഒന്നുരണ്ടുമണിക്കൂർ വേണ്ടിവന്നു. ക്ഷീണിച്ചു വ്യഥാസ്ത്രീ ചത്തുകിടന്ന മുറിയുടെ കതകിൽ ചാരിയിരുന്നു് അല്പം വിശ്രമിച്ചു. അപ്പൻനമ്പൂതിരിയെപ്പോലെ ചെമ്പകനും ശബ്ദംകേട്ടു അതെന്താണെന്നറിയുവാൻ കൌതുകംവ

ർക്കിച്ചു. കതകു പൂട്ടിയിട്ടില്ലായിരുന്നു. വലിച്ചുനോക്കിയപ്പോൾ ഉടനേ തുറന്നു. അകത്തുകടന്നപ്പോൾ മരിക്കാറായിക്കിടക്കുന്ന വൃദ്ധയെ കണ്ടു് അനുതാപം തോന്നി. അവർ കിടക്കുന്ന കട്ടിലെല്ലാം പരിശോധിച്ചു. ഒരു താക്കോൽ കണ്ടെത്തി. താൻ കടന്നുവന്ന വാതലിന്റേതാണെന്നു പരീക്ഷിച്ചയുടനേ മനസ്സിലായി. ഉടനേ ആ കതകു പൂട്ടിവെച്ചു.

വൃദ്ധയെ സൂക്ഷിച്ചുനോക്കിയപ്പോൾ അവരുടെ ദേഹമെല്ലാം പേൻ ഓടിക്കൊണ്ടിരിക്കുന്നതുകണ്ടു. ദേഹം ഒരെല്ലുമാത്രമേയുള്ളൂ. വല്ലാത്ത ദുർഗ്ഗന്ധവുമുണ്ടായിരുന്നു. കറുത്തു കരിപോലെയുള്ള പടവയൊന്നു് അരയിൽ ചുററിയിരുന്നു. കട്ടിലിൽ ഒരു തഴപ്പായിട്ടിട്ടുള്ളതിന്മേൽ കീറിയ ഒരു ജവുക്കാളവും വിരിച്ചിരുന്നു. തലയണയെന്നുമില്ല. മലമൂത്രവിസർജ്ജനങ്ങളെല്ലാം കിടന്നേടത്തുതന്നെ. ആ കല്പാടു നോക്കിയാൽ വൃദ്ധയെ വളരെനാളത്തേക്കു് ആരും പരിചരിച്ചിട്ടുള്ളതായി തോന്നുന്നില്ല. കീഴെ ഒരുടഞ്ഞ പിഞ്ഞാണത്തിൽ പുളിച്ചു പതപൊങ്ങിക്കിടക്കുന്ന കഞ്ഞിവെള്ളം മാത്രമേ കണ്ടുള്ളൂ. പുന്നയ്ക്കയെണ്ണ കത്തിച്ചിട്ടുള്ള ഒരു വെളക്കിന്റെ വെളിച്ചംകൊണ്ടു് ഇരുട്ടില്ലെന്നുപറയാം.

ഇതെല്ലാം കണ്ടു ചെമ്പകൻ വളരെ ഞസ്ഥാളിച്ചു. വൃദ്ധയുടെ ശോച്യാവസ്ഥയിൽ അവരെ തൽക്കാലം വിട്ടുപോകുന്നതിനു മനസ്സുവന്നില്ല. അവരെ ശുശ്രൂഷിക്കുന്ന സൽകൃത്യം തനിക്കു ലഭ്യമാകണമെന്നു കരുതി പുളിച്ചകഞ്ഞിവെള്ളം കുറേശ്ശയെടുത്തു വായിൽ ഇററിച്ചുകൊടുത്തു. ഏകദേശം ഉരിവെള്ളം അകത്തുചെന്നു. വൃദ്ധ കണ്ണുതുറന്നു. ഒന്നു രണ്ടുവാക്കുകൾ പുറത്തുകേട്ടു.

വൃദ്ധ—അവനു കണക്കാവൂല്ല. ഞാൻ കെടക്കുന്നപോലെ അവനും കെടക്കണേ, ശ്രീകണ്ഠേശ്വര!

ചെമ്പകൻ—മുത്തശ്ശി! ആരു?

വൃദ്ധ—എന്റെ മകടെ മകൻ; ഇരവിയൻ; തമ്പി അങ്ങുന്നു. കുഞ്ഞേ, വെള്ളം കുറച്ചൂടെ താ.

ചെ—ഇതാ, കുടിക്കണം.

വൃദ്ധ—നല്ല പുളിയും സ്വാദുമാണു്. നീ നന്നായിരിക്കും. എന്റെ കുഞ്ഞു് എവിടുത്തെയാ?

ചെ—ഞാനിവിടെ അടുത്തുള്ളതുതന്നെ. അമ്മച്ചിയുടെകെട്ടുകണ്ടു വന്നതാണു്. എന്റെ പേരു ചെമ്പകൻ. തലയിൽ കൈവെച്ചു് എന്നെയും അക്കനേയും അനുഗ്രഹിക്കണം.

വൃദ്ധ:—ഇങ്ങോട്ടടുത്തിരിക്കു. നീ നൂററിരുപതു വയസ്സുവരെ സുഖമായിട്ടിരിക്കും. എന്റെ മകനു മോക്ഷം വരുമല്ലൊ. എന്റെ മകനമ്മയെയാണോ?

ചെ:--ഇല്ല.

വൃദ്ധ.—എന്നെയെങ്കിലും അവസാനകാലത്തു നോക്കാനാളായല്ലോ. മകനെ, എന്നെ ഒന്നു പുതപ്പിക്കു.

ചെമ്പകൻ പുതച്ചിരുന്ന തോർത്തു മാറിക്കൊണ്ടു് ഉടുത്തിരുന്ന ജഗന്നാഥൻമുണ്ടഴിച്ചു വൃദ്ധയെ പുതപ്പിച്ചു.

വൃദ്ധ:--മതി. നിന്നെക്കണ്ടുകൊണ്ടു മരിച്ചാൽ എനിക്കു സുഖമുണ്ട്. അടുത്തുതന്നെ ഇരുന്നോ. കൂടക്കൂടെ വെള്ളം തൊട്ടുതരണം.

ചെ;—അമ്മച്ചി അധികം സംസാരിക്കേണ്ടാ. ഞാൻ അടുത്തുനിന്നു പോകുകയില്ല. ഒന്നുറങ്ങണം.

വൃദ്ധ കണ്ണടച്ചു. ചെമ്പകൻ വെള്ളവും കൊടുത്തു് അടുക്കൽതന്നെ ഇരുന്നു. ഒന്നുരണ്ടു നാഴികക്കകം ശ്വാസോച്ഛ്വാസം മുറുക വലിച്ചു വൃദ്ധ പരലോകം പ്രാപിക്കയും ചെയ്തു. ഹാ! ഇരവിയൻതമ്പി! അങ്ങുന്നു നിങ്ങൾ എവിടെയാണ്? മഹാദേവാ! മനസ്സിലായി. മോഹിനിയാട്ടം! ഗോദവർമ്മന്റെ അനുഭവങ്ങൾ! മുത്തുലക്ഷ്മിയുടെ ഗിഞ്ചിനാട്ടം! ചെല്ലമ്മയക്കന്റെ ചുംബനസൗഖ്യം! ഇങ്ങേപ്പുറത്തെ മുറിയിൽ നടക്കുന്നതു നിങ്ങളെ സംബന്ധിക്കുന്നതല്ലല്ലോ. നിങ്ങൾക്കു വലിയമ്മച്ചയുടെ ബീഭത്സാവസ്ഥ ഉണ്ടാകുന്നതല്ലല്ലോ. അതുകൊണ്ടു രസിച്ചുകൊള്ളുക!, സുഖിച്ചുകൊള്ളുക!; മദിച്ചുകൊള്ളുക!, ലയിച്ചുകൊള്ളുക!

വലിയമ്മച്ചി മരിച്ചയുടനെ ചെമ്പകൻ കട്ടിലിനു മൂന്നു പ്രദക്ഷിണംവച്ചു പ്രേതത്തിന്റെ കാൽക്കൽ വീണു നമസ്കരിച്ചു. പിന്നെയും കുറെനേരം അതിന്റെ മുഖത്തുതന്നെ നോക്കിനിന്നു. പുതച്ചിരുന്ന മുണ്ടെടുത്തു മുഖം മൂടി. വന്ന വഴിയെ പുറത്തേക്കിറങ്ങി. കതകു പുറത്തുനിന്നും പൂട്ടാമെന്നു കണ്ടപ്പോൾ അതു് അടച്ചുപൂട്ടണമെന്നു തോന്നി. ജനലിന്റെ സമീപത്തിൽ വന്നു. കീഴോട്ടിറങ്ങാനുള്ള ശ്രമമായി. ഉടുത്തിരുന്ന ജഗന്നാഥൻമുണ്ടു് അഴയിൽകെട്ടി ഇറങ്ങണമെന്നാണു് ആദ്യം നിശ്ചയിച്ചിരുന്നതു്. എന്നാൽ തന്റെമുണ്ടു് അമ്മച്ചിയെ പുതപ്പിച്ചുപോയതുകൊണ്ടു് അതിനു തരമില്ലാതെയായി. രണ്ടുമുഴംതോർത്തുകൊണ്ടു് എന്തു ചെയ്യാനാണ്? രണ്ടാളുയരത്തിൽനിന്നിറങ്ങുവാൻ നീളം പോരുകയില്ല.

ഉപകാരം അപകാരമായി തീർന്നേപോയെന്നു മനസ്സാപിച്ചു. എന്നാലും അമ്മച്ചിയുടെ അനുഗ്രഹം വ്യർത്ഥമായിത്തീരുകയില്ലെന്നു ധൈര്യമുണ്ടായിരുന്നു. വരാന്തയിലേക്കുള്ള കതകിൽ താക്കോലിട്ടു നോക്കി. വേഗം തുറന്നു. 'എന്റെ അമ്മച്ചീ! ഞാൻ പോകുന്നിടങ്ങളിലെല്ലാം എന്റെകൂടെ വരണേ! എന്നെ തുണയ്ക്കണേ!' എന്ന് അമ്മച്ചിയുടെ മുറിനോക്കി പ്രാർത്ഥിച്ചുകൊണ്ടു മുറ്റത്തേക്കിറങ്ങി. ബാധകളൊന്നും ഉണ്ടായില്ല. ശുദ്ധവായു ശ്വസിച്ചപ്പോൾ വിശേഷാൽ ഉന്മേഷംവന്നു. വേഗത്തിൽ സിങ്കേരിമഠം ലാക്കാക്കി നടക്കുകയുംചെയ്തു.

ഉത്തരരാത്രിയിൽ തുപ്പൻനമ്പൂതിരിയുടെ അനുഭവങ്ങളെക്കുറിച്ചു പ്രസ്താവിച്ചുകഴിഞ്ഞുവല്ലോ. ശങ്കരമേനവനെ വായനക്കാർക്കു കൂടെക്കൂടി പരിചയപ്പെടുത്തുവാൻ സന്ദർഭം ഇതുതന്നെ,

നമ്മുടെ ഭീമസേനൻ കരുത്തടുത്തമനുഷ്യനെപോലെ കടിയാറവനാണ്. കുട്ടിക്കാലത്തിലേ മനയ്ക്കൽ കണക്കവേലകിട്ടി. എന്നാൽ അയ്യാൾക്ക് അതിൽഅത്ര ഉത്സാഹം ഉണ്ടായിരുന്നില്ല. ഒരു കായികാഭ്യാസക്കളരിയിൽ ഗുസ്തി, കസറത്തുമുതലായവ പരിശീലിച്ചു, വിദഗ്ദ്ധനായി, മലബാർ സർക്കസുകമ്പനിയിൽചേർന്നു, പല രാജ്യങ്ങളിലും സഞ്ചരിച്ചു, ദ്വീപാന്തരങ്ങളിൽപോലും കീർത്തിമുദ്രകൾ സമ്പാദിച്ചു; രാജ്യമൊട്ടുക്ക് അഭിനവഭീമസേനൻ എന്ന നാമധേയത്തിനർഹനായി.

അങ്ങനെയിരുന്നപ്പോൾ കഥകളിയിൽ കുറച്ചു ഭ്രമംതോന്നി. കുഞ്ഞുപിള്ളപ്പണിക്കരുടെ കളിയോഗത്തിൽകൂടി, തനിക്കനുരൂപമായവേഷം താടിയാണെന്നു വേഗം മനസ്സിലാക്കി, പൊതുജനങ്ങളുടെ അനുമോദനഫലമായി 'ഹനുമാൻമേനോൻ' എന്ന ബിരുദു സ്വായത്തമായി. താടിവേഷത്തിൽ ഹനുമാൻമേനോനെപ്പോലെ മലയാളരാജ്യത്തു ഖ്യാതിസമ്പാദിച്ച ആട്ടക്കാരൻ ഉണ്ടായിട്ടില്ല. മുടിവെച്ചാൽ മേനവന്റെ കല പ്രത്യേകമാണ്. ചുണ്ടപ്പൂവിടാതെതന്നെ കണ്ണു രുധിരംപോലെയിരിക്കും. ചുട്ടിയും മനയോലയും മുഖത്തിന് അരച്ചുചേർത്തതുപോലെ യോജിപ്പുണ്ട്. എത്രനേരം ആടിയാലും ചുട്ടി അടർന്നുവീഴുന്ന കാലമില്ല, വിയർക്കുകയില്ല, ക്ഷീണിക്കുകയില്ല, വെള്ളംകുടിക്കുകയില്ല, കലാശവും കരണംമറിച്ചിലും, കുത്തുമുറുക്കം, ചാട്ടവും, തിരനോട്ടവും, ഭീകാട്ടഹാസങ്ങളും അരങ്ങു തരിപ്പണമാക്കിക്കളയും. ഇരട്ടജോടി മേളം ഉണ്ടായാലേ അയ്യാളുടെ ആട്ടക്കോലാഹലത്തിനു യോജിക്കയുള്ളൂ. ചുരുക്കത്തിൽ മേനന്റെ താടി നിരാക്കരണീയം!

ശങ്കരന്റെ താടിയും അച്ഛൻനമ്പൂതിരിയുടെ അരങ്ങും,. ആഹാ! കഥകളി അസ്സലായി, പൊടിപാറി! ശങ്കരന്റെ താടിയില്ലെങ്കിൽ നമ്പൂതിരിപ്പാട്ടിലെ രസംപൊയ്പ്പോയി, അരങ്ങുമുഷിഞ്ഞു; എന്ന അഭിപ്രായത്തിനു മറിച്ചില്ല. നമ്പൂതിരിപ്പാടില്ലാത്ത അരങ്ങത്തു മേന്റെ കാലുളുക്കുന്നതും പതിവായി. തിരുമേനിയോടു മുണ്ടും നേരിയതും വാങ്ങിട്ടുള്ളതിനു കണക്കുണ്ടോ?

ഇങ്ങനെ അരങ്ങത്താരംഭിച്ച സ്നേഹപാശത്തിന്റെ പിരി മുറുകി മുറുകി കാലാന്തരത്തിൽ മേനവൻ മനയ്ക്കലെ ഒരംഗമായിത്തീൎന്നു.

ശങ്കരനില്ലാതെ അച്ഛൻനമ്പൂതിരി ഒരു യാത്രപോകുകയില്ല. ശങ്കരനോടാലോചിക്കാതെ ഒരു കാൎയ്യം തുനിയുകയില്ല. ശങ്കരനില്ലാത്ത ദിവസം നമ്പൂതിരിപ്പാട്ടിലേക്കു പണി മുടക്കംതന്നെ. മനയ്ക്കലെ പാല്പായസം ഒരു ദിവസം കുടിച്ചില്ലെങ്കിൽ മേനവനു വയറിളകുന്നതു നിശ്ചയം.

അച്ഛൻനമ്പൂതിരിക്കു മൂക്കടച്ചാൽ മേനവനു തുമ്മലും ചീററലും കലശലുതന്നെ. തിരുമേനിയുടെ മുഖത്തു കാറുകണ്ടാൽ വൎഷിക്കുന്നതു മേനവന്റെ നേത്രങ്ങളാണു്. നമ്പൂതിരിപ്പാടു ഭാഗവതം കൈയിലെടുത്താൽ ശങ്കരൻ വൈകുണ്ഠത്തിലെത്തിക്കഴിഞ്ഞു. എന്നുവേണ്ട, ശങ്കരന്റെപ്രാണൻ അച്ഛൻനമ്പൂതിരി; അച്ഛൻനമ്പൂതിരിയുടെ പ്രാണൻ ശങ്കരൻ എന്നറിഞ്ഞുകൊള്ളുക. നമ്പൂതിരിപ്പാട് അന്തഃപുരത്തിൽ 'ശങ്കരാ' എന്നു മൂളുന്നതും മേനവൻ 'തിരുമനസ്സ്' എന്നു വിളികേൾക്കുന്നതും തമ്മിൽ മാററമുണ്ടായിരിപ്പാൻ പ്രയാസം.

മേനവൻ ആളൊരു ഗോലിയാത്തുതന്നെ. വണ്ണം ചക്കക്കുററിപോലെ. പന്തങ്ങളുടെ മിനുസത്തിൽ കഷണ്ടിത്തല. അതുകൊണ്ടു വിശേഷാൽ നഷ്ടമില്ല. ഇരുമ്പുകമ്പിപോലുള്ള രോമം ദേഹമാസകലമുണ്ടു്. അതു തഴച്ചു തിരണ്ടാണു നില്ക്കുന്നതു്. രോമക്കമ്പികൊണ്ടു് ആനവാലുമോതിരം തീൎത്തു കുട്ടികൾക്കു കൊടുക്കുന്ന പതിവുള്ളതിനാൽ ചെറിയകുട്ടികൾക്കെല്ലാം ശങ്കരമ്മാവനെ വലിയകാൎയ്യമാണു്. വയസ്സൻപതിനകം ഇരിക്കും. ഇനിയും ഒരു രോമംപോലും നരച്ചിട്ടില്ല. വയററിന്റെ വലിപ്പം വെളിയിലൊന്നും കാണ്മാനില്ല. അകത്തിറങ്ങി നോക്കിയാൽ പാതാളംപോലെയാണു്. സിങ്കേരിമഠത്തിൽ വരുന്ന പകൎച്ചയെല്ലാം തീൎക്കുന്നതിനു അമ്മാവന്റെ കൊച്ചുവയറുമതി. വായ് പതുക്കെത്തുറന്നാൽ പണ്ടു സൎപ്പത്തിന്റെ വായിലേക്കു കടന്ന ഗോപാലന്മാരുടെ ന്യാ

സൈന്യത്തിന്ന് ഒന്നിച്ചു പ്രവേശിപ്പാൻകഴിയും. കൈ നിവൎത്തി തൂക്കിയിട്ടാൽ മുട്ടുവരെ എത്തും. കഷണ്ടിത്തലയും നെററിയുംചേൎന്നാൽ ആനയുടെ മസ്തകമായി. പുരികം ഒരു കടക്കണ്ണുതൊട്ടു മററതുവരെ സഹ്യാദ്രിയുടെ വൃക്ഷനിരപോലെ തിങ്ങിനില്ക്കുന്നുണ്ട്. കണ്ണുതുറിച്ചാൽ മോട്ടോർവണ്ടിയുടെ വൈദ്യുതവെളക്കുകളാകും. അമ്മാമന്ന് ഒരു ചെപ്പടിവിദ്യയറിയാം. ആനയെപ്പോലെ ചെവിവിശ്ശുവാൻ നല്ല വശമാണ്. ഭൂഗോളംതാങ്ങുന്നത് അററ്ലസ് എന്നു പേരുള്ള രാക്ഷസനാണെന്നു പാശ്ചാത്യന്മാരുടെ ഇടയിൽ ഐതിഹ്യമുണ്ട്- അച്ഛൻനമ്പൂതിരിയുടെ അനുവാദമില്ലാഞ്ഞിട്ടാണു അയാറം അമ്മാമന്റെ സഹായത്തിനപേക്ഷിക്കാഞ്ഞതു്. അങ്ങേരുടെ ചുമലിനു നാലുഭൂഗോളം താങ്ങുവാനുള്ള ശക്തിയും വിസ്താരവുമുണ്ട്. മാൎവ്വിടം നൂറുവെററപ്പാട്ടു വിസ്താരമുള്ളതാണ്. മൎമ്മപ്രദേശങ്ങളിലെല്ലാം മൊട്ടും മൊഴകളും ധാരാളം. എല്ലാം കായികാഭ്യാസത്തിൽ സമ്പാദിച്ച മാംസപേശികളാണ്. കത്തികൊണ്ടുകുത്തിയാൽ കയറുകയില്ല. വലലന്റെ ആശ്ലേഷത്തിൽ കീചകന്റെ എല്ലുനുറുങ്ങിപ്പോയതു വാസ്തവം. എന്നാൽ ധൂളിയാക്കാത്തതുകൊണ്ട് അയാളോട്ട് അമ്മാമന്ന് അല്പം പുച്ഛമാണ്.

കഷണ്ടിത്തലയുടെ വലിപ്പത്തിന്നനുസരിച്ചുള്ള ഘനമില്ല. സൃഷ്ടിയിലുള്ളബദ്ധപ്പാടിൽ തലച്ചോറു് അല്പം അമാന്തമാക്കിക്കളഞ്ഞുവെന്നാണു തോന്നുന്നതു്. വലിയ ബുദ്ധിശക്തിയുണ്ടെന്നു മൂപ്പരു് അഭിമാനിക്കുന്നില്ല എന്നാൽ വേണ്ടുന്ന വിശേഷജ്ഞാനം ഉണ്ടുതാനും. ലോകത്തിലെ കപടതന്ത്രങ്ങളൊന്നും അങ്ങേക്കു വശമില്ല. അച്ഛൻനമ്പൂതിരിയുടെ കുട്ടികളെ തേടിപ്പോയസമയങ്ങളിൽ നായ അങ്ങാടിക്കുപോയതുപോലെ മടങ്ങിയതിന്റെ കാരണം ഇതാണ്. എന്നാൽ ഈ സംഗതിയിൽ നമ്പൂതിരിപ്പാട്ടിലേക്കുപോലും ജാള്യം പററിയിട്ടുള്ള സ്ഥിതിക്കു മേനവനെ കുററംപറവാനില്ല. ഒരുത്തരോടും ദ്വേഷമോ അസൂയയോ ഇല്ല. മനസ്സിന്ന് എപ്പോഴും സ്വൈരതയുണ്ട്. അച്ഛൻനമ്പൂതിരിയെ കാണാതിരുന്നാൽമാത്രമേ അസഹ്യതയുണ്ടാകയുള്ളൂ. ഉണ്ണണം, ഉറങ്ങണം, നിഴലുപോലെ അച്ഛൻനമ്പൂതിരിയെ പിൻതുടരണം. ഇത്രയുമാണു ശങ്കരമേനവന്റെ ജീവിതോദ്ദേശങ്ങൾ. അല്പപ്രാണികളോട് അനുകമ്പ മേനവന്റെ ജാതിസ്വഭാവമത്രേ. തന്റെ ഭാൎയ്യയേയും അഞ്ചാറുകുട്ടികളേയും സ്നേഹമില്ലാതില്ല. എങ്കിലും തന്റെ ജീവസന്ധാരണൻ അച്ഛൻനമ്പൂതിരിയാണ്.

മേനവന്റെ പ്രവൃത്തികളെല്ലാം അപ്പോഴപ്പോഴുണ്ടാകുന്ന ഭൂതോദയത്തിൽ ഭവിഷ്യത്തോൎക്കാതെചെയ്തുപോകുന്നവയാണ്. ഇങ്ങ

ത്വംകൊണ്ട് അതെല്ലാം സന്മാർഗ്ഗനിബന്ധനകളെ അനുസരിച്ചു വന്നുകൊള്ളും. നിരപരാധിയായ തന്റെ മനസ്സു ദുർമ്മാർഗ്ഗങ്ങളിൽ കടുകിട വ്യതിചലിച്ചിട്ടില്ല.

ഉറങ്ങുവാൻ വിശേഷസാമഗ്രികളൊന്നും മൂപ്പിലേക്കാവശ്യമില്ല. പ്രത്യുത മെത്തമേൽക്കട്ടിയെല്ലാം തന്റെ സുഖനിദ്രയ്ക്കു വിഘാതങ്ങളാണ്. എവിടെയെങ്കിലും കിടന്നാലുടനെ ഉറങ്ങും. മേനവന്റെ ഉറക്കത്തിനു രാത്രി ഒട്ടും മതിയാകുകയില്ല.

ഇന്നുരാത്രി മേനവനു ഉറക്കത്തിനു സുഖമില്ല, ഉറക്കം വരുന്നില്ല, മേലെല്ലാം അരിക്കുന്നുണ്ട്, നേരം എന്തുചെയ്തിട്ടും പോകുന്നില്ല. കിടന്നുകഴിഞ്ഞാൽ ഉടനെ എണീക്കും, എണീററാൽ മുറുക്കും, മുറുക്കിയാൽ പിന്നെയും കിടക്കും. ഇങ്ങനെ കഴിഞ്ഞുകൊണ്ടിരുന്നു. അച്ഛൻനമ്പൂതിരി അകത്തില്ലാത്തതുകൊണ്ടാണ് ഈവിധം വൈഷമ്യങ്ങളുണ്ടായതു്. വെളുക്കുന്നതിനു മുമ്പു മഠംവിട്ടുപോകുന്നതിനും കല്പനയില്ലായിരുന്നു. ആജ്ഞയെ യാതൊരു വിരോധമായി ചെയ്വാൻതക്ക കാരണവും ഉണ്ടായില്ല. ആകപ്പാടെ മൂപ്പർക്കു വലിയ പരിഭ്രമമായി. എന്തുചെയ്യട്ടെ? എല്ലാവരും അനുഭവിക്കുന്നതിന്റെ ഒരംശം അങ്ങേരും കവിൾക്കൊള്ളാതെ കഴിയുമോ?

ചെമ്പകൻ മഠത്തിന്റെ വാതിൽക്കൽ എത്തി. അമ്മാമൻ മുറുക്കിക്കൊണ്ടിരുന്നു. ശകുനം നല്ലതുതന്നെയെന്നുള്ള സന്തോഷത്തോടുകൂടി ചെമ്പകൻ ഇപ്രകാരം പറഞ്ഞു.

ചെ—അമ്മാമാ! എന്താ ഉറങ്ങാതിരിക്കുന്നതു്?

ശ: മേ—എന്തുപറയുന്നു കുട്ടീ? ഉറക്കം വരുന്നില്ല. പകലേ വന്നു പ്രഥമൻകുടിച്ചു പള്ളുന്നല്ലേ നീ?

ചെ—തന്നെ. എനിക്കൊരുപകാരംകൂടെ വേഗം ചെയ്തു തരണം. എന്റെ അക്കനെ ഇന്നലത്തെപ്പോലെ മുറിയിലിട്ടു പൂട്ടിയിരിക്കുന്നു.

ശ: മേ—ആരു? ചന്ത്രക്കാരനാണോ?

ചെ—അല്ല, അയ്യാളുടെ അനുജൻ, ഇരവിയൻതമ്പി അനുജൻ.

ശ: മേ—അയ്യാളല്ലേ സംബന്ധം ചെയ്വാൻ പോണെന്നു പറഞ്ഞതു്.

ചെ—തന്നെ. അതെല്ലാം ദുർബ്ബുദ്ധികളുവാണ്.

ശ: മേ—നിന്റെ അക്കൻ എവിടെയാണ്?

ചെ—തമ്പിയുടെ വീട്ടിൽ അമ്മാമൻ എന്റെ കൂടെവന്ന അക്കനെ കൂട്ടീട്ടുവരണം. ഇപ്പോൾതന്നെ വേണംതാനും.

ശ: മേ—എനിക്കൊരു മടിയുമില്ല.

ചെ—എന്നാലെണീക്കണം. പുവാം.

ശ: മേ—ഇപ്പോൾ തരമില്ല. നാളെ രാവിലെ സ്വല്പംജോലിയുണ്ട്. അതു തീൎത്തിട്ടാവാം.

ചെ—അമ്മാമനങ്ങനെ പറയരുത്. എന്റെ അക്കനെ ഇപ്പോൾതന്നെ കൊണ്ടുവന്നില്ലെങ്കിൽ വലിയ ആപത്താണ്. അവർ എന്തെല്ലാമോ ചെയ്യാൻ ആലോചിച്ചിട്ടുണ്ട്.

ശ: മേ—എന്നാൽ വേറെയാരെയെങ്കിലും അന്വേഷിക്കുന്നതാണു നന്ന്. എന്നെക്കൊണ്ടാവില്ല.

ചെ—(വാവിട്ടു കരഞ്ഞുംകൊണ്ട്, അമ്മാമനും കരുണയില്ലയോ? എന്റെ ആപത്തിൽ അമ്മാമനല്ലാതെ വേറെയാരെയാണ് അന്വേഷിക്കേണ്ടതു്. എനിക്കും അക്കനും തുണ ആരുമില്ലേ?

ശ: മേ—(ആൎദ്രതയോടുകൂടി) കുഞ്ഞേ! കരഞ്ഞാലും നടപ്പില്ല. എനിക്കിവിടംവിട്ടു പോയ്ക്കൂടാ. കല്പിച്ചിരിക്കുന്നതിനു വിരോധമായി ഞാൻ ചെയ്യില്ല. പ്രഭാതമയെന്നു വരട്ടെ. നിന്റെ കാൎയ്യംതന്നെ നടാടെ ചെയ്തുകളയാം. ഇപ്പോൾ നിൎബ്ബന്ധിക്കണ്ട.

ചെ—അമ്മാമൻ ഇങ്ങനെ പറയുമെന്നു നിരുപിച്ചില്ല. വെളിച്ചയായാൽ എന്റെ അക്കന്റെ പൊടിപോലും കാണുകയില്ല. ഞാനും ജീവനെ കളഞ്ഞുകളയും. രണ്ടുപ്രാണൻ പോകുന്നതു കാണാമെങ്കിൽ അമ്മാമൻ ഇരുന്നുകൊള്ളണം. ഞാൻ പോകട്ടെ.

ശ: മേ—എന്താണിങ്ങനെയൊക്കെ പറയുന്നതു്?

ചെ—എന്റെ സങ്കടംകൊണ്ട്.

ശ: മേ—എന്റെ കുട്ടീ! പറയുന്നതു കേൾക്കു. എന്തുതന്നെയായാലും പോകരുതെന്നാണു കല്പന. അച്ഛൻനമ്പൂതിരിയുടെ കല്പനയാണ്. അതു ഞാൻ നിരസിക്കേ? ഇണ്ടാവില്ല. അദ്ദേഹത്തേക്കാൾ വലുതു് എനിക്കു വേറില്ല. ഞാൻ എന്തുചെയ്യട്ടെ. നീതന്നെപറയു. നീയാണെങ്കിൽ ചെയ്യുമോ? കുറച്ചു ക്ഷമിക്കു. അതിനിടയ്ക്കു് അക്കൻ ഉരുകിപ്പോകില്ല.

ചെ അച്ഛൻനമ്പൂതിരിപ്പാട്ട് എന്തിനാണ് അങ്ങനെ കല്പിച്ചിട്ടു പോയതു?

ശ: മേ—അതെല്ലാം ചോദിക്കുന്ന പ്രതിവചനിക്കില്ല. പറഞ്ഞാൽ കേട്ടാൽ പോരേ? ഉത്തരമില്ലാതെ അവിടുന്നു കല്പിക്കില്ല. നിനക്കും അനുസരണശീലം കാൎയ്യാവശ്യമാണ്.

ചെ—അദ്ദേഹം ഇവിടെയുണ്ടോ?

ശ: മേ—ഇല്ല. എവിടെയെഴുന്നള്ളിയിരിക്കുന്നുവെന്നും അറിയില്ല. ഏറെയും അതുകൊണ്ടാണു ഞാൻ ഉറങ്ങാത്തതു.

ചെ—തിരിച്ചെഴുന്നള്ളുന്നതെപ്പോഴാണ്. വല്ലതും കല്പിച്ചോ?

ശ: മേ—രാവിലെ എഴുന്നള്ളും. ഇല്ലെങ്കിൽ അന്വേഷിച്ചു പോണം.

ചെ—പോകുമ്പോൾ വേറൊന്നും കല്പിച്ചില്ലേ?

ശ: മേ—ആ! ആ! നീ വന്നുവെങ്കിൽ ഇവിടെ ഇരിക്കണമെന്നും കല്പിച്ചിട്ടുണ്ട്. ഇവിടെ ഇരിക്കു. നിനക്കും പോയിക്കൂടാ.

ചെ:—എന്നെ ആജ്ഞാപിക്കാൻ അദ്ദേഹത്തിനധികാരമെന്താണ്?

ശ: മേ:—അച്ഛൻനമ്പൂതിരിയുടെ ആജ്ഞക്കു വിപരീതം വന്നുകൂടാ. നീ ചെറുപ്പമാണ്. അനുസരിക്കു. ദോഷംവരില്ല. അദ്ദേഹം ഒന്നാലോചിക്കാതെ പറയില്ല.

ചെ:—മകൻനമ്പൂതിരിപ്പാടില്ലേ?

ശ: മേ:—അദ്ദേഹം സുഖമില്ലാതെ കിടക്കുകയാണ്.

ചെ—രാവിലെ എവിടെയന്വേഷിക്കണമെന്നാണു കല്പന?
ശ: മേ—വിവരമെല്ലാം എഴുതിത്തന്നിട്ടിണ്ട്.

ചെ—അമ്മാമൻ വായിച്ചില്ലേ?

ശ: മേ—സമയംവരുന്നതുവരെ എന്തിനു വായിക്കുന്നു? ചുമ്മാ തല പുണ്ണാക്കുകേ?

ചെ—എഴുത്തെവിടെ? നോക്കട്ടെ.

ശ: മേ—നിനക്കതുകണ്ടിട്ടെന്തുവേണം?

ചെ—അതും കാണിച്ചുകൂടെന്നു കല്പനയുണ്ടോ?

ശ: മേ—ഇല്ല. നിന്റെ കരച്ചിലും പിഴിച്ചിലുംകൊണ്ടു ബുദ്ധിമുട്ടിക്കില്ലെങ്കിൽ കാണിക്കാം.

ചെ:—ഇല്ല. കാണട്ടെ-

എഴുത്തുവാങ്ങി വായിച്ചു- അമ്മാമനെ മടക്കാൻ വിദ്യ കണ്ടുപിടിച്ചുവെന്നു ബോധം വന്നു. ഒരു ദീർഘശ്വാസം വിട്ടതിന്റെ ശേഷം—

ചെ.—അമ്മാമാ! ഞാൻ ഒന്നു ചോദിക്കട്ടെ?

ശ: മേ—ഓഹോ!

ചെ: - അച്ഛൻ നമ്പൂതിരിക്ക് അപകടം വന്നാൽ—?

ശ: മേ—ഞാനിരിക്കുമ്പോഴം അപകടം വരികേ?

ചെ:—വരാതിരിക്കട്ടെ. അഥവാ അദ്ദേഹത്തെ ആരെങ്കിലും ഉപദ്രവിപ്പാൻ ഭാവിക്കുന്നുവെന്നറിഞ്ഞാൽ അമ്മാമൻ എന്തു ചെയ്യും?

ശ: മേ—ഉടനെ പുറപ്പെടുകയായി. അവനെ കാററിൽ പറപ്പിക്കില്ലേ?

ചെ:—രാവിലെന്നല്ലേ പോകാൻ തരമുള്ളു? ഇപ്പോഴം പുറപ്പെടുവാൻ കല്പനയില്ലല്ലോ?

ശ: മേ—അച്ഛൻ നമ്പൂതിരിപ്പാട്ടിലേക്ക് ആപത്തു എന്നു കേട്ടാൽ---ഇന്ദ്രന്റെ കല്പന വകവയ്ക്കുമോ?

ചെ:---(ഒരു പൊടിക്കൈ പ്രയോഗിക്കാമെന്നുറച്ച്) എന്നാൽ നമ്പൂതിരിപ്പാട്ടിലേക്കും വലിയ ആപത്തുവന്നു. അദ്ദേഹത്തിനേയും അടച്ചിട്ടിരിക്കുകയാണ്.

ശ: മേ—എന്ത്? പൊളിപറയാതിരിക്ക. നീ അറിഞ്ഞുവെങ്കിൽ നേരത്തെ പറയാഞ്ഞതെന്ത്?

ചെ—പൊളിയല്ല. എന്റെ ദുഃഖംകൊണ്ടു പറവാൻ വിട്ടുപോയതാണ്.

ശ: മേ—എവിടെയാണ്?

ചെ:- —നാളെ രാവിലെ അറിഞ്ഞാൽ പോരേ? കല്പന ലംഘിക്കുന്നതെന്തിന്? ഞാനും തിരുമേനിയെ അനുസരിച്ചുകളയാം. അമ്മാമൻ സ്വസ്ഥനായിട്ടു കിടന്നുറങ്ങണേ.

ശ: മേ—എനിക്കുറക്കം വരില്ല. ഇതുവരെ ഞാൻ കണ്ണടച്ചിട്ടില്ല. തിരുമനസ്സിലേക്ക് എന്തെങ്കിലും അത്യാപത്തില്ലാതെ എ

നിക്ക് ഇങ്ങനെ സുഖക്കേടുണ്ടാവില്ല. അപ്പനേ പറയൂ, എന്നെ വ്യസനിപ്പിക്കാതിരിക്ക.

ചെ. അനന്തരവന്റെ കാൎയ്യത്തിൽ ചൂട്ട തോന്നുമല്ലേ? മററുള്ളവൎക്കും ഇങ്ങനെയാണെന്ന് അമ്മാമൻ കരുതേണ്ടയോ? എന്റെ കാൎയ്യം സാധിച്ചുതന്നാൽ പറയാം. അല്ലെങ്കിൽ നേരം വെളുത്താൽ ട്ട് അമ്മാമന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളണം.

ശ: മേ—സംഗതി ഇത്രവലുതാണെന്ന് ഓൎത്തില്ലപ്പനേ. വേഗം പറയൂ.

ചെ—അച്ഛൻനമ്പൂതിരി തന്റേടമുള്ള പുരുഷനല്ലേ?

ശ: മേ—ഞാനില്ലെങ്കിൽ അദ്ദേഹത്തിന്റെ തന്റേടമെല്ലാം പൂജ്യംതന്നെ. ഉപദ്രവം ചെയ്യാതെ എവിടെയാകുന്നു മാത്രംപറഞ്ഞേതക്ക.

ചെ—എത്രയായാലും അദ്ദേഹം ആണല്ലേ? പെൺകുട്ടികളെ വേണ്ട മുമ്പേ സഹായിപ്പാൻ? എന്റെ അക്കനെ ആദ്യം രക്ഷിക്കാമെന്നു കൈയടിച്ചു പറയൂ. അതു കഴിഞ്ഞിട്ടുമതി അദ്ദേഹത്തിന്റെ കാൎയ്യം.

ശ. മേ—അങ്ങനെതന്നെ. സത്യം. ഇനിപറയരുതേ.

ചെ—രണ്ടുപേരും തമ്പിയുടെ ഗൃഹത്തിൽതന്നെയാണ് അതുകൊണ്ട് അമ്മാമന് ബുദ്ധിമുട്ട് അശേഷം ഉണ്ടാകുകയില്ല.

ശ: മേ—മടയാ, ഇതു മുൻപേ പറയരുതായിരുന്നോ?

ചെ—കല്പനപിടിച്ചു തുങ്ങുന്ന അമ്മാമനോടു എന്തു പറഞ്ഞാലും കേൾക്കുമോ?

ശ: മേ—ഈ വിവരം നീയറിഞ്ഞതെങ്ങനേ?

ചെ—ഞാനവിടുന്നല്ലേ വരുന്നതു്. അമ്മാമൻ എഴുത്തു വായിച്ചിരുന്നുവെങ്കിൽ അറിയുമായിരുന്നു.

ശ: മേ—ഉറക്കെ വായിക്ക. കേൾക്കട്ടെ.

ചെമ്പകൻ വായിക്കുന്നു.

ശ്രീ

ഞാൻ കുട്ടികളെ അന്വേഷിച്ചു പോകുകയാണ്. പത്തുമണിക്കു മുമ്പേ വന്നില്ലെങ്കിൽ നീ തമ്പിയുടെ വീട്ടിൽ വരണം. ചെമ്പകൻ വന്നാൽ ഇവിടെത്തന്നെ ഇരിക്കാനും ശട്ടംകെട്ടണം. നിനക്കു ഉറക്കച്ചൊരുക്കുകൊണ്ടു രാത്രിയിൽ ബുദ്ധിമുട്ടണമെന്നില്ല. ഉണ്ണി എന്നെ കാത്തിരിക്കേണ്ട. രാവിലെ ജലജപത്തിനു പോകാൻ പറയണം.

അ: ന:

ചെ - അമ്മാമാ, സംഗതിയുടെ ഗുരുലഘുത്വം ഗ്രഹിച്ചുവോ?

ക: മേ — (പരിഭ്രമത്തോടുകൂടി) ഉവ്വ്. ഇനി താമസിക്കരുത്. പുറപ്പെടാം.

അദ്ധ്യായം ൧൪.

പ്രണയകലഹം.

"അന്യാസക്തിമുഴുത്തുതന്നെയുമുപേക്ഷിച്ചിട്ടുവൃന്ദാവനേ
വന്യാനാംപ്രവരേകളിക്കുമജനെക്കണ്ടിട്ടൊഴിഞ്ഞാളവൾ
ധന്യാരാധനനാന്തരംഗതവതീകഞ്ജേനില്ക്കുന്നാകടൽ-
കന്യാകാമുകകാംക്ഷകൊണ്ടുകരവൂതും ചെയ്യുവോരുൽസഖിം"

അച്ഛൻനമ്പൂതിരി ഝടിതിയിൽ വടക്കെക്കൊട്ടാരത്തിൽനിന്നു പുറപ്പെട്ടു കോയിപ്പണ്ടാലയുടെ സമീപത്തിൽ വന്നുചേർന്നു. കോയിത്തമ്പുരാനാകട്ടെ പള്ളിമെത്തയിൽ കിടന്നുരുളുകയും വാവിട്ടുകരകയും ചെയ്യുകയായിരുന്നു. പ്രകൃതക്ഷോഭത്തിനു കാരണം എന്തായിരിക്കുമെന്നൂഹിപ്പാൻപോലും അച്ഛൻനമ്പൂതിരിക്കു സാദ്ധ്യമായില്ല. ചോദിക്കുന്നതൊന്നും അദ്ദേഹം കേൾക്കുന്നില്ല; നമ്പൂതിരിപ്പാടു വന്നതേ അറിയുന്നില്ല. അച്ഛൻനമ്പൂതിരി വല്ലാതെ വിഷമിച്ചു. കൊട്ടാരസിൽബന്തികളെല്ലാം ഓരോരോ മൂലയിൽ ഒതുങ്ങി. വിവരം ചോദിച്ചറിവാനും നിവൃത്തിയില്ലാതായി തന്റെ മിത്രത്തിന്റെ പ്രാണസങ്കടം കണ്ടുകൊണ്ടുനില്പാനല്ലാതെ അച്ഛൻനമ്പൂതിരിക്കു സാന്ത്വനോപായങ്ങൾ ഒന്നും തോന്നിയില്ല. സ്വശക്തി വിട്ടുപോയ അവസ്ഥയിൽ എന്തുചെയ്യാനാണ്?

ഏകദേശം മദ്ധ്യാഹ്നമായപ്പോഴേക്കും കോയിപ്പണ്ടാലയുടെ രോദനം ശമിച്ചു. അച്ഛൻനമ്പൂതിരി തപസ്സുചെയ്യുന്നതുകണ്ട് 'വന്നിട്ടധികം നേരമായോ?' എന്നു ഗദ്ഗദസ്വരത്തിൽ ചോദിച്ചു.

അ: ന — അധികായില്ല. എന്തു ഭ്രാന്താണു കാട്ടിക്കൂട്ടിയതു്? ഇതിന്നെന്താ അർത്ഥം? ഇങ്ങനെ സമാധാനമില്ലാതെ വരാമോ?

കോ. ത — രാജാവു നിഷ്കാസിച്ചതിനെ തുടർന്ന് എന്റെ അഭയമായി കരുതിയിരുന്ന രാജ്ഞിയും എന്നെ നിഷേധിച്ചുകളഞ്ഞു. ഇനി ഇരുന്നിട്ടു പ്രയോജനമില്ല.

അ: ന — എന്തുകഥയാണു്? അവിടുന്നു സ്വപ്നംകാണുകയാണോ? അഹിഭയം പകരുന്ന വ്യാധിയല്ല! അങ്ങനെ ശങ്കിക്കണ്ടാ. ഒരുകാലത്തും മഹാരാജ്ഞി ഉപേക്ഷിക്കില്ല! മഹാപാപം പറയാതിരിക്കുക.

കോ: ത — ഇവിടുത്തേക്കുമാത്രമേ ധർമ്മബുദ്ധി കാണുന്നുള്ളു. എന്നെ സംബന്ധിച്ചവർക്കു ശ്രീ വിശാഖനെ ഒഴിച്ച്, ഒരുക്രസലമില്ല. പുനർവിവാഹം നിശ്ചയിച്ചുകഴിഞ്ഞു. മുഹൂർത്തം നോക്കിക്കഴിഞ്ഞു. ആറവുങ്ങൽ മൂത്തതമ്പുരാൻ മന്ത്രകോടി ഉടുത്തുകഴിഞ്ഞു. ഇനിയും ഇവിടുത്തേക്കു സംശയം തീർന്നില്ലേ?

അ. ന — തീർന്നില്ല. ഈ അസംബന്ധങ്ങളെല്ലാം അവിടുത്തെ ധരിപ്പിച്ചതു ആരാണു്? ഞങ്ങളാരും പ്രസ്താവംകൂടി കേട്ടില്ല.

കോ. ത രാജകുടുംബത്തെപ്പററി അപമാനസൂചകമായ വർത്തമാനം പത്രങ്ങളിലും മാസികകളിലും പരസ്യപ്പെടുത്തുകയില്ല. നിശ്ചയമല്ലേ?

അ: ന — പ്രവർത്തകന്റെ നിലയും വിലയും അനുസരിച്ചിരിക്കും. രണ്ടും കല്പിച്ചിറങ്ങിയിരിക്കുന്നവർക്ക് എന്തും ചെയ്തുകൂടേ?

കോ: ത — എന്നാലും അതിനൊരതിരുണ്ട്. ഈ വർത്തമാനം അസത്യമായിരിപ്പാൻ കണക്കില്ല. ഈമാസിക ഇന്നു പുറപ്പെട്ടുതുടങ്ങിയിരിക്കുന്നതാണു്. അതിന്റെ പേരുവായിക്കുക.

അ. ന — 'തക്ഷകൻ' എന്നാണു മാസികയുടെപേരു്. ഇരവിയൻതമ്പിയുടെ ആധിപത്യത്തിൽ സഞ്ചരിക്കുന്നതാണെന്നു നോക്കാതെ പറയാമല്ലോ.

കോ: ത — അതെ, ഇരവിയൻതമ്പിതന്നെയാണു പത്രാധിപർ. രക്ഷാധികാരി ആരെന്നറിയാമോ?

അ. ന—(മാസികവാങ്ങിനോക്കി.) രക്ഷാധികാരി! അമ്പോ! മഹാമഹിമശ്രീ ഗോദവർമ്മൻകോയിത്തമ്പുരാൻ, കെ. സി. എം. ഐ, എഫ്. ററി എസ്സ്. തിരുമനസ്സുകൊണ്ടു്!

(പൊട്ടിച്ചിരിച്ചുകൊണ്ടു്) ഇതിന്നാണോ ഇവിടുന്നു നെഞ്ഞു പൊളിച്ചതു്? ഉള്ളിലേക്കു കടക്കാം. നേരംപോക്കിനു വക ധാരാളമുണ്ടെന്നാ തോന്നിണതു്.

കോ: ത—മംഗളശ്ലോകം വായിക്കുക. ഗോദവർമ്മൻേറതാണു്.

അ. ന—(ശ്ലോകം വായിക്കുന്നു)

പക്ഷാപക്ഷംവളർത്താൻപലപലകപടംചേർച്ചപോലേയുരച്ചും
ശിക്ഷാഹീനന്മാരെയെല്ലാംതരമൊടുവെളിയിൽതള്ളിവേഗംജനത്തിൻ
രക്ഷാമാർഗ്ഗംതുറക്കുംകരുവതിബലമായ് വാക്കുമിച്ഛക്ഷകന്നായ്
സാക്ഷാൽശ്രീപത്മനാഭൻകനിവിനൊടനിശംമംഗളംനൽകിടട്ടേ?

ഇതിൽ ചിരിപ്പാനുള്ളവകയല്ലാതെ കരവാനൊന്നും കാണുന്നില്ല.

കോ: ത—(കുറേശ്ശ ഉന്മേഷംതോന്നീട്ടു്)

വൃത്താന്തസഞ്ചിക വായിക്കുക. അതിൽ പലനേരംപോക്കുകളും ഉണ്ടു്.

അ: ന—ന്യൂസുകറം ചമല്ക്കാരം നിറഞ്ഞതാണെന്നല്ലേ ഗോദവർമ്മൻേറ അഭിപ്രായം? വായിക്കാം.

ഒന്നു്; “ദിവാൻ മിസ്റ്റർ ശേഷയ്യാശാസ്ത്രിക്കു് ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുകയില്ലെന്നു കാണുന്നതു് അഭിമാനജനകംതന്നെ. വിദേശിയക്കു് ഉദ്യോഗംകൊടുക്കുന്ന നയം മഹാരാജാവുതിരുമനസ്സുകൊണ്ടു് അഭിനന്ദിക്കുന്നില്ലാത്തതു കരുണാനിധിയായ പൊന്നുതമ്പുരാൻേറ ഭരണനൈപുണ്യം പ്രത്യക്ഷപ്പെടുത്തുന്നു. അടുത്ത അവകാശിയും നാട്ടുകാരനുമായ പേഷ്കാർ നാണുപിള്ളയെ തന്നെ നിയമിക്കുമെന്നറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു”.

രണ്ടു്; “ഭാഷാപോഷണക്കമ്മിററി അഗ്രാസനാർസ്ഥാനത്തിന്നു് അധികം താമസിയാതെ ഒഴിവു വരുന്നതാണെന്നും പണ്ഡിതസാർവ്വഭൗമനായ മഹാമഹിമശ്രീ ഗോദവർമ്മകോയിത്തമ്പുരാനെ നിയമിക്കുന്നതാണെന്നും അറിയുന്നു. അദ്ദേഹത്തെപ്പോലെ തൽ

സ്ഥാനത്തിനു യോഗ്യതയുള്ളവർ ആരും ഉണ്ടാകുകയില്ല. സാഹിത്യവിശാരദനായ മഹാരാജാവിനെ പ്രകൃതിനിയമനത്തിൽ ഞങ്ങൾ മനഃപൂർവ്വം അനുമോദിക്കുന്നു.

മൂന്ന്; ഏതോ രാജദ്രോഹകരമായ കുററത്തിന് ആററിങ്ങൽ വലിയകോയിത്തമ്പുരാൻ തിരുമേനിയെ അരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിൽ ബന്ധനസ്ഥനാക്കണമെന്ന് ആലോചന നടക്കുന്നതായറിയുന്നു. അദ്ദേഹത്തിനോടും ബന്ധുമിത്രങ്ങളോടും ഞങ്ങൾക്കുള്ള മനഃപൂർവ്വമായ അനുതാപത്തെ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

നാല്; ബ്രിട്ടീഷിലെ പീനൽകോഡും, ക്രിമിനൽ നടപടികളും രാജ്യസ്ഥിതിക്കാവശ്യം വേണ്ടതായ ഭേദഗതികളോടുകൂടി നടപ്പിൽ വരുത്തിയതും, ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി തിരുവനന്തപുരത്തു സെൻട്രൽജയിലും, നാലുഡിവിഷനിലും ഓരോ ജയിലുകളും, ആലപ്പുഴ ഇയ്യിടയ്ക്കു വിശേഷാൽ ഒരു ജയിലും, ഏർപ്പെടുത്തിയതും, നീതിശാസ്ത്രനിപുണനായ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടാണെന്നും ഇവിടെ പ്രത്യേകം സ്മരണീയമാണ്.

അഞ്ചു്; മഹാരാജാവിന്റെ കല്പനയനുസരിച്ചു വക്കലത്തുരങ്കംപണി തകൃതിയായി നടക്കുന്നുണ്ടെന്നും ഒന്നിന്റെ ഉൽഘാടനക്രിയ മഹാമഹിമശ്രീ കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ലക്ഷദീപത്തുമുഹൂർത്തത്തിൽ നടത്തപ്പെട്ടുമെന്നും അറിയുന്നു

ആറു്; കരുണാവാരിധിയായ പൊന്നുതമ്പുരാൻതിരുമനസ്സിലെ പ്രത്യേകയനുഭാവത്താൽ ആററിങ്ങൽ വലിയതമ്പുരാൻതിരുമനസ്സിലേക്കു ഭർത്തൃദുഃഖം നിമിഷംപോലും അനുഭവിപ്പാൻ ഇടവരികയില്ലെന്നും കോയിപ്പണ്ടാലയുടെ എഴുന്നള്ളത്തുബോട്ടു വക്കലത്തുരപ്പിന്റെ ഗതാഗതസൌകര്യം ആദ്യമായി പരീക്ഷിക്കുന്ന ശുഭാവസരത്തിൽ തിരുമനസ്സിലെ പള്ളിക്കെട്ടുമഹോത്സവം നടത്തപ്പെട്ടുമെന്നും കല്പനയായിരിക്കുന്നു.

ഏഴ്; തിരുമനസ്സിലെ ഇച്ഛാനുസരണം തിരഞ്ഞെടുക്കപ്പെട്ടു വരൻ ഞങ്ങളുടെ രക്ഷാധികാരിയായ മഹാമഹിമശ്രീ ഗോദവർമ്മകോയിത്തമ്പുരാനാണെന്നറിയുന്നതിൽ രാജ്യവാസികൾക്കു വിശേഷാൽ ചാരിതാർത്ഥ്യമുണ്ടെന്നു വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വിശിഷ്ടയോഗ്യതകളെക്കുറിച്ച് ഇവിടെ ചർവ്വിതചർവ്വണംചെയ്തു സ്ഥലംമുടക്കണമെന്നു വിചാരിക്കുന്നില്ല.

എട്ട്; മഹാരാജ്ഞിത്തിരുമനസ്സിലെയും പുതിയ കോയിപ്പണ്ടാലയുടെയും ഒന്നിച്ചുള്ള പടമെടുക്കുവാൻ തിരുമനസ്സുകൊണ്ട് ഞങ്ങളുടെ ആർട്ടിസ്റ്റിനു കല്പിച്ചനുമതി നല്കിയിരിക്കുന്നു. ദമ്പതിമാരുടെ വർണ്ണവൈചിത്ര്യത്തോടുകൂടിയ ബ്ളോക്ക് അടുത്ത ലക്കത്തിൽ പ്രസിദ്ധം ചെയ്യുന്നതാണ്.

ഒൻപതു്: ദമ്പതിമാക്ക് ആയുരാരോഗ്യസന്താനസമൃദ്ധിയെ ഞങ്ങൾ സർവ്വാത്മനാ ആശംസിച്ചുകൊള്ളുന്നു.

പത്തു്; മഹാരാജ്ഞിത്തിരുമനസ്സുകൊണ്ട് അനുഭവിക്കേണ്ടിവന്ന ദുഃഖത്തെ അനുസ്മരിപ്പിക്കുന്നതു് അനുചിതമെന്നു കരുതി തിരുമനസ്സിലെ ആജ്ഞാനുസരണം പഴയ കോയിപ്പണ്ടാലയുടെ ഛായാപടംപോലും ഞങ്ങൾ പരസ്യപ്പെടുത്തുന്നില്ല.

പതിനൊന്നു്; ഞങ്ങളുടെ ഉത്തമബന്ധുവായ തിരുമനസ്സുകൊണ്ടു സദയം അയച്ചുതന്ന സംഭാവനയെ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു.

പന്ത്രണ്ട്; ഞങ്ങളുടെ ആശയങ്ങളേയും ആദർശങ്ങളെയും അനുമോദിച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു ഞങ്ങളെ പലവിധത്തിലും പ്രോത്സാഹിപ്പിക്കുന്നതാണെന്നു തിരുവെഴുത്തു കല്പിച്ചയച്ചുതന്നിരിക്കുന്നു.

പതിമ്മൂന്നു്; പഴയ കോയിപ്പണ്ടാലയുടെ അപേക്ഷയനുസരിച്ചു പെൻഷൻതുക കുറവില്ലാതെ കൊടുത്തുകൊള്ളാമെന്നു ഗവർമ്മെണ്ടു നിശ്ചയിച്ചിരിക്കുന്നു.

പതിന്നാലു്; വിവാഹമഹോത്സവം മംഗളമായി പര്യവസാനിക്കുന്നതിനു മഹാരാജ്ഞിത്തിരുമനസ്സുകൊണ്ടു പന്ത്രണ്ടുദിവസത്തെ ഭജനം ഉള്ളൂർ സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ ആരംഭിച്ചിട്ടുള്ളതു് ഇന്നോടെ കാലംകൂടി തേവാരത്തുകോയിക്കലേക്കു മടങ്ങിയെഴുന്നള്ളുന്നതാണ്..

കോ: ത —ഇതു വാസ്തവമാണ്. ദിവസവും സ്വാമിദർശനത്തിനു പോകുന്നതായി എനിക്കറിയാം.

അ: ന—പൂർവ്വാഹ്ലത്താലുണ്ടായിരിക്കുന്ന അരിഷ്ടതകൾ അതുകൊണ്ടേ നീങ്ങുകയുള്ളൂ. വിവാഹാലോചനയുണ്ടെങ്കിൽ അതിനെ നിരോധിപ്പാൻ മഹാരാജ്ഞി ഈശ്വരസേവചെയ്കയാണു്. വല്ലവരും അസംബന്ധങ്ങൾ പറയുന്നതുകേട്ട് അവിടുന്നു വിശ്വ

സിക്കേ. ഇവിടത്തേക്കുള്ള വിശേഷബുദ്ധി ഇതിനാണോ ഉപയോഗിക്കുന്നത്?

കോ. ത—ഇരിക്കട്ടെ। ഇനി വിജ്ഞാപനം വായിക്കുക.

അ: ന—(വായിക്കുന്നു)

“വിജ്ഞാപനം.”

“രാജകീയമായും സാമുദായികമായും പലേ പരിഷ്കാരപദ്ധതികളേയും നിർവ്വഹിച്ച് അനുഭവത്തിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞങ്ങൾ പുറപ്പെട്ടിരിക്കുന്നത്. പണ്ഡിതനെന്നും പാമരനെന്നും, ധനികനെന്നും ദരിദ്രനെന്നും, രാജാവെന്നും രാജ്ഞിയെന്നും, ബന്ധുവെന്നും ശത്രുവെന്നും വ്യത്യാസമില്ലാതെ നീതിന്യായത്തെ പരിപാലിച്ചുപോരുന്ന പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഗുണപ്രാഗത്ഭ്യം മുൻനിർത്തിക്കൊണ്ടു വഞ്ചിരാജ്യമഹിമയെ ലോകമൊട്ടുക്കു പ്രചരിപ്പിക്കുവാൻ ഞങ്ങൾക്കു സന്ദർഭമുണ്ടാകട്ടെ! സ്വന്തം കണക്കപ്പിള്ള സ്വന്തം ഭവനത്തിൽ മുഖം നോക്കി കണ്ണെഴുതിയതിന്നു പെരുവിരൽ രണ്ടും വെട്ടിക്കളഞ്ഞിട്ടു രാജഭക്തിയും ന്യായബുദ്ധിയും മതമായ സ്വീകരിച്ച വന്ദ്യനായ വേലുത്തമ്പിദളവായുടെ ചരിത്രമാണ് പൊന്നുതമ്പുരാന്റെ മാർഗ്ഗദർശിയായിത്തീർന്നിട്ടുള്ളത്. പെരുവിരൽപോയ കണ്ണെഴുത്തു മല്ലൻപിള്ളയുടെ ചരിത്രം ആലോചിച്ചാൽ കോയിപ്പണ്ടാലയ്ക്ക് ആരോടും പരിഭവിപ്പാൻ കാരണമില്ല; പൊന്നുതമ്പുരാനെ കുറ്റപ്പെടുത്തുവാനില്ല. കോയിപ്പണ്ടാലയുടെ കക്ഷിയിൽ ചേർന്ന ചില കപടതന്ത്രികൾ അസത്യവാദം പുറപ്പെടുവിക്കുന്നതിനെ ഖണ്ഡിക്കുന്നതു ഞങ്ങളുടെ പ്രധാന കൃത്യമാണ്. നിഷ്പക്ഷവാദികളായ ഞങ്ങളുടെ അഭിപ്രായത്തിനുള്ള നിലയും വിലയും മഹാജനങ്ങൾ മതിക്കട്ടെ.

ഞങ്ങളുടെ പ്രഥമരംഗപ്രവേശനത്തിൽ ഒരു സംഗതികൂടിയേ പറവാനുള്ളു. മഹാരാജ്ഞിയുടെ ദ്വിതീയവിവാഹത്തെപ്പറ്റി ആക്ഷേപസൂചകങ്ങളായ പലേ ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിക്കാണുന്നുണ്ട്. അവയിലെ വാദമുഖങ്ങളെ വഴിയേ മർദ്ദനം ചെയ്തുകൊള്ളാം. ശിശുവിവാഹത്താലുണ്ടായ ദുരിതങ്ങളെ നിവാരണം ചെയ്വാൻ മഹാരാജാവു തിരുമനസ്സിലെ വിപുലഗുണപൂരിതമായ സംരംഭം ഏറ്റവും അഭിലഷണീയമാണെന്നേ ഞങ്ങൾ തൽക്കാലം നിർവ്വഹിക്കുന്നുള്ളു. രാജകൊട്ടാരം സാമാന്യസമുദായനിയമത്തിനു വ്യത്യസ്തമല്ല. ഇങ്ങനെ ബഹുവിധപരിഷ്കാരേച്ഛുക്കളായ ഞങ്ങളെ

മാന്യവായനക്കാർ വേണ്ടുംവണ്ണം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമെന്നുള്ള പരിപൂർണ്ണബോധത്താൽ ബഹുജനസമക്ഷം ഞങ്ങളെത്തന്നെ സമർപ്പിച്ചുകൊള്ളുന്നു.

എന്നു്, തക്ഷകൻ

അ: ന—(ചിരി പൊട്ടിച്ചുകൊണ്ടു്) അതിശായി! അസ്സൽവിജ്ഞാപനം.

കോ: ത—ഇനി ചില വർത്തമാനക്കുറിപ്പുകൾ ഉണ്ടു്. അതുകൂടെ നോക്കുക.

അ: ന—എത്രാം വശത്താണു്?

കോ: ത—പതിനെട്ടാംപുറത്തിൽ

അ: ന—(കുറിപ്പുകൾ വായിക്കുന്നു)

(ലേഖകന്മാരുടെ അഭിപ്രായപ്രകടനങ്ങൾക്കു ഞങ്ങൾ ഉത്തരവാദികളല്ല: പ)

ഒന്നു, "മാന്യപത്രാധിപർ അവർകൾക്കു്.

സർ

നിങ്ങളുടെ വിലയേറിയ കാളങ്ങളുടെ ഒരു ചെറിയമൂല എനിക്കും സമയം അനുവദിക്കണമെന്നപേക്ഷ. മഹാരാജത്തിരുമനസ്സിലെ പള്ളിക്കെട്ടു സമയത്തു പഴയ കോയിപ്പണ്ടാല ആത്മഹത്യ ചെയ്യാൻ പോകുന്നുവെന്നു സൂക്ഷ്മമായ സംഗതി എനിക്കുമാത്രമേ അറിയാവൂ. പുതിയ ക്രിമിനൽ നടപടി അനുസരിച്ചു് ഇതൊരു വലിയ കുറ്റമാണു്. കോയിപ്പണ്ടാലയാണല്ലോ എന്നുവെച്ചു് അനാസ്ഥ കാണിക്കാതെ അധികൃതന്മാർ ദൃഷ്ടിവച്ചു കുറ്റക്കാരനെ ശിക്ഷയ്ക്കുകൊണ്ടുവരുമെന്നു വിശ്വസിക്കുന്നു. നമ്മുടെ പോലീസുഡിപ്പാർട്ടുമെൻറുകാർ കൈമടക്കിൽ മയങ്ങുന്നവരാണെന്നു പണ്ടേ അപവാദമുള്ളതിൻെറ വാസ്തവാവാസ്തവം ഈ കേസിൻെറ തെളിവുശേഖരത്തിൽനിന്നു് അനുമാനിക്കേണ്ടതാണു്. ശേഷം വഴിയെ"

എന്നു്, നാരദൻ.

രണ്ടു്, 'തക്ഷകൻ' പത്രാധിപരവർകളുടെ ശ്രദ്ധയ്ക്കു്.

മാന്യരെ,

മഹാരാജാവു തിരുമനസ്സിലെ രാജപൌരുഷവും കാരണവാധികാരവും വാത്സല്യഭാജനമായ ഭാഗിനേയിയുടെ നേരേ എതിർക്കണമെന്നു വന്നപ്പോൾ അദ്ദേഹം വളരെ മനസ്താപിക്കയുണ്ടായി.

ഇപ്പോൾ മഹാരാജ്ഞിതന്നെ അദ്ദേഹത്തിൻെറ കണ്ഠിതം തീൎത്തു പുനൎവ്വിവാഹം ചെയ്യാമെന്നു സമ്മതിച്ചു നമ്മുടെ തറവാടുകളിലെ ഉൽതോന്ന്യാസക്കാരായ പെൺകുട്ടികൾ മഹാരാജ്ഞിയെ മാതൃകയായി കൈക്കൊണ്ടാൽ മരുമക്കത്തായ സമുദായത്തിനു നാശമില്ലാതെ കഴിച്ചുകൂട്ടാം.

എന്നു്, ഒരു കാരണവൻ.

മൂന്നു്, "ബഹുമാനപ്പെട്ട 'തക്ഷക'പത്രാധിപരവർകൾ സമയം അറിവാൻ.

മാന്യസുഹൃത്തേ,

'കോയിപ്പണ്ടാലയെ അണ്ടമാനിൽ അയച്ചാൽ എനിക്കു ഭൎത്താവുവേണ്ടേ അമ്മാവാ' എന്നു മഹാരാജ്ഞിതിരുമനസ്സുകൊണ്ടു നിവൎന്നുനിന്നു ചോദിച്ചതായി എനിക്കറിവുണ്ടു്. എൻെറ സഹോദരികൾ, രാജ്ഞിയുടെ ഇപ്രകാരമുള്ള ധൈൎയ്യപ്രകടനം അനുകരിക്കണമെന്നപേക്ഷ. 'തക്ഷകൻ' ദിവസവും വായിച്ചാൽ ഉജ്ജ്വലങ്ങൾ ഉണ്ടാകുന്നതല്ലെന്നു ഇടയ്ക്കു ഘോഷിച്ചുകൊള്ളട്ടെ. അനന്തിരവർ കുട്ടികൾക്കു ഭൎത്താക്കന്മാർ വേണമെന്നു് അമ്മാമന്മാൎക്കറിഞ്ഞുകൂടേ? അങ്ങോട്ടു കേറി ചോദിച്ചു ഉണൎത്തിക്കേട്ട സമ്പാദിക്കാമോ? 'കോയിപ്പണ്ടാലയെ അയയ്ക്കുവാൻ നിശ്ചയിച്ചിട്ടില്ല' എന്നു മഹാരാജാവു് അരുളിച്ചെയ്തപ്പോൾ രാജ്ഞി കരഞ്ഞു. അതുകണ്ടു ചൊന്നു തമ്പുരാൻ വിഷണ്ണനായി (നിനക്കു വേറെ സംബന്ധം ആലോചിച്ചിട്ടുണ്ടു) എന്നു രണ്ടാമതു തിരുവുള്ളമുണ്ടായപ്പോൾ മൂത്തതമ്പുരാൻ കണ്ണു തുടച്ചു മന്ദസ്മിതത്തോടുകൂടി അമ്മാമനെ നമസ്കരിച്ചു. (രാഘവവൎമ്മ നിനക്കനുരൂപനായ ഭൎത്താവാണു്.) എന്നു ചൊന്നു തമ്പുരാൻ കല്പിച്ചപ്പോൾ റാണിതിരുമനസ്സുകൊണ്ടു തറയിൽകിടന്നുരുണ്ടു് ചെടാപാടെല്ലാംപെട്ടു. 'എനിക്കു ഗോദവൎമ്മനില്ലെങ്കിൽ ഈജന്മം ഭൎത്താവുവേണ്ട' എന്നുഉച്ചത്തിൽ നിലവിളിച്ചു. എന്തുണ്ണുഘോഷിച്ചിട്ടും കേട്ടില്ല. ഒടുക്കം മഹാമനസ്കനായ മഹാരാജാവു് 'ഗോദവൎമ്മനിഷ്ടമുണ്ടെങ്കിൽ എനിക്കു സന്തോഷംതന്നെ' എന്നു കല്പിച്ചപ്പോൾമാത്രമേ രാജ്ഞിയുടെ മുഖം തെളിഞ്ഞുള്ളു. പെണ്ണുങ്ങളുടെ ധൈൎയ്യം! പിടിച്ചെടം ജയിക്കാതെ അവർ മാറുകയില്ല. എൻെറ സഹോദരികൾ, അമ്മാമന്മാരോടു് ഇങ്ങനെ ധ[illegible]ം ചെയ്യരുതെന്നുള്ള അപേക്ഷയോടുകൂടി തൽക്കാലം വിരമിച്ചുകൊള്ളുന്നു.

എന്നു മഹിളാമണി"

(ഇതിൽ കണ്ട വിഷയങ്ങൾ വാസ്തവമാണു്. പ)

നൂഫർ

നാല്, മ. രാ. രാ. ശ്രീ. തക്ഷകപത്രാധിപർ അവർകൾ,
തിരുവനന്തപുരം.

മാന്യപത്രാധിപരെ,

മഹാരാജ്ഞിയുടെ പുനർവിവാഹം ആലോചിച്ചിരിക്കുന്നതു നിയമവിരുദ്ധമാണെന്നു ചില അജ്ഞാനമൂലകളിൽ അഭിപ്രായമുണ്ട്. രാജദ്രോഹക്കുററം ചുമത്തപ്പെട്ടവന്റെ സകല സ്വത്തുക്കളും സർക്കാരിലേക്കു അധീനമായിത്തീരുന്നതാണ്. ഇതു സകല നിയമവിധികളുടെയും അസ്ഥിവാരം എന്നു എല്ലാവരും ധരിച്ചുകൊള്ളട്ടെ. അന്യഥാവായുള്ള അഭിപ്രായങ്ങൾ ഇതിനാൽ ഖണ്ഡിതമായിരിക്കുന്നു.

എന്നു നിയമവിശേധൻ."

(ഈ ലേഖകൻ നിയമശാസ്ത്രപാരംഗതനാണ്. പ)

അഞ്ച്, "ശ്രീമാൻ തക്ഷകപത്രാധിപർ അവർകൾക്കു.

എന്റെ പ്രിയപ്പെട്ട പത്രാധിപരെ,

നിങ്ങളുടെ വിലയേറിയ പത്രദ്വാരാ, അടിയിൽകാണുന്ന വിവരം മഹാജനങ്ങളെ അറിയിക്കണമെന്നപേക്ഷ. മഹാരാജ്ഞിയുടെ പാതിവ്രത്യനിഷ്ഠയെ അനുമോദിച്ചു സി. ഐ. ബിരുദ നൽകുവാൻ ചക്രവർത്തിതിരുമനസ്സുകൊണ്ടാലോചിച്ചുവരുന്നതായറിയാമല്ലോ. എന്നാൽ, പുനർവിവാഹംകൊണ്ടു ബിരുദ നഷ്ടമായിപ്പോയേക്കുമോയെന്നു റാണിത്തിരുമനസ്സിലേക്കു സഹജമായശങ്ക ജനിച്ചിരിക്കുന്നു. അങ്ങനെയുള്ള സംശയം അസ്ഥാനത്തിലാണെന്നു നിയമവിചക്ഷണന്മാരായ മഹാരാജാവും രാജ്ഞിയുടെ അഭ്യുദയകാംക്ഷികളായ മററെല്ലാവരും തിരുമേനിയെ അറിയിച്ചിട്ടും ബോധ്യം വരുന്നില്ല. സംശയനിവൃത്തിക്കായി മഹാരാജാവുതിരുമനസ്സുകൊണ്ടു വൈസ്രായിയോടുകൂടി ആലോചിപ്പാൻ ഉടനേ കൽക്കത്തായ്ക്കു എഴുന്നള്ളുന്നുണ്ട്. വിവാഹമുഹൂർത്തം തൽക്കാലത്തേക്കു മാററിവെച്ചിരിക്കുകയാണെന്നാണ് എന്റെ അറിവ്. മഹാരാജ്ഞിയുടെ ഇഷ്ടാംശം സ്വായത്തമായതിനാൽ കുണ്ഠിതത്തിനിടയില്ലല്ലോ. എങ്കിലും ഗോദവർമ്മൻ തിരുമനസ്സിലേക്കു മഹാരാജ്ഞിയെ കാണ്മാനും സംസാരിപ്പാനും സ്വാതന്ത്ര്യക്കുറവില്ല.

എന്നു സൂക്ഷ്മഗ്രാഹി"

[ഇനിയും പ്രസ്തുത വിഷയത്തെക്കുറിച്ച് അനവധി ലേഖനങ്ങൾ കൈപ്പറ്റിക്കൊണ്ടിരിക്കുന്നു. പ്രസിദ്ധപ്പെടുത്തുവാൻ യോഗ്യതയുള്ളവ അടുത്ത ലക്കത്തിൽ കാണാവുന്നതാണ്. പ:]

അ: ന—ഇനി രസാവഹങ്ങളായ ഭാഗങ്ങൾ വല്ലതും നോക്കുവാനുണ്ടോ?

കോ: ത—ഉപേക്ഷിക്കപ്പെട്ട ലേഖനങ്ങളുടെ സംഖ്യ നോക്കണം. ഇരുപത്തഞ്ചാംവശത്തിൽ കാണാം.

അ. ന —ഇതു വളരെയുണ്ടെന്നു തോന്നുന്നല്ലോ.

കോ: ത —ഈ മാസികയിൽ എഴുതുന്നവർക്ക് പ്രത്യേകയോഗ്യതകൾ വേണമെന്ന് അറിയരുതേ. ആദ്യംമുതല്ക്കു വായിക്കുക. വളരെ നേരംപോക്കുള്ളതാണ്. പത്രാധിപരുടെ കുറിപ്പുകളാണ് അതിവിശേഷം.

അ: ന—(വായിക്കുന്നു)

ഒന്നു—'മഹാരാജാവിന്റെ അഭിഷേകം'—'ലേഖകനെ കോയിപ്പണ്ടാലയുടെ പിന്നാലെ അയച്ചാലേ മതിയാകു'.

രണ്ടു — 'ചരിത്രം ആവർത്തിക്കും'—'ചരിത്രം നല്ലവണ്ണം വായിച്ചിട്ടു ലേഖനമെഴുതുവാൻ പുറപ്പെട്ടാൽമതി'.

മൂന്നു—'രാജകുടുംബത്തിലെ അത്യാപത്ത്'—'കോയിപ്പണ്ടാലയുടെ മാജാപ്പാർട്ടു തന്നെപ്പോൾ നിങ്ങിപ്പോയി'.

നാല് — 'മഹാരാജ്ഞിയുടെ ധർമ്മസങ്കടം'—'തീർക്കുന്നതിനു ലേഖകന്റെ ഒത്താശ ആവശ്യമില്ലെന്നു തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നു'.

അഞ്ച്—'മയൂരസന്ദേശത്തിന്റെ പ്രഭാതകിരണങ്ങൾ'—'പ്രകാശിക്കുകയും അണയുകയും ഒന്നിച്ചുകഴിഞ്ഞു'.

ആറ്—'കേരളകാളിദാസൻ'—'ചവറുകുഴിയിൽ മറഞ്ഞു'.

ഏഴ്—'ഋതുപല്ലവൻ നപുംസകമാണോ?'—'പരിശോധിച്ചിട്ടു ലേഖനം എഴുതിയാൽ മതി'.

അ: ന—ഹൈ! കഷ്ടം! ഇതു എഴുതിയ വിദ്വാനെ കണ്ടാൽ കൊള്ളാം. എന്നാൽ അസ്സലായിട്ടു സമ്മാനം കൊടുക്കാതിരിക്കില്ല.

കോ: ത—ഇവിടത്തേക്കു ഗോദവർമ്മനെ പരിചയമുണ്ടോ?

ന.ഖ

അ: ന—. അയാളെക്കുറിച്ചു പാഠകം പറഞ്ഞാലും പറഞ്ഞാലും തീരില്ല. ഒരു ചാക്യാരെ വരുത്തി പഠിപ്പിച്ചു് ഈ കഥ പറയിക്കണം. ഇവിടത്തെ പരിഭ്രമം അപ്പോഴേ തീരുള്ളൂ.

കോ: ത—അയാളെക്കുറിച്ചു പ്രസ്താവമുള്ളതു വാസ്തവമാണോ?

അ: ന—കോയിപ്പണ്ടാല എന്റെ മുൻപിൽ ഇരിക്കുന്നതു വാസ്തവമാണോ? എന്നാൽ ഗോദവർമ്മൻ ശിഖണ്ഡിയാണു്.

തമ്പിയുടെ ഗൃഹത്തിൽ വച്ചറിഞ്ഞ സംഗതികൾ മുഴുവനും വിസ്തരിച്ചു പറഞ്ഞുധരിപ്പിച്ചു.

കോ: ത—ആ—വൂ! ഇവിടുന്നു് ഈ സമയത്തു വന്നിരുന്നില്ലെങ്കിൽ എന്റെ പ്രാണൻ പോകുമായിരുന്നു.

അ: ന—'പലരോടും നിനയാതെ ഒരുകാര്യം തുടങ്ങൊല്ല' എന്നു് ഇനിയെങ്കിലും പഠിച്ചുകൊള്ളുക. 'കാളപെററു കതിരുകെട്ടി രണ്ടു്', എന്നു കേട്ടയുടനെ വിശ്വസിക്കുന്നതു മൌഢ്യത്തിലും മൌഢ്യം.

കോ: ത—എനിക്കു് ഉണ്ടാക്കിവെച്ച മാനനഷ്ടത്തിനു മഹാരാജാവിനും അല്പം ജളത്വം പററാതെ കഴിയുമോ? ശേഷം ലേഖനങ്ങളുടെ പൊരുൾ വായിക്കുക.

ശ്രീ: ന—(വായിക്കുന്നു.)

എട്ടു്—'ഗോദവർമ്മന്റെ പണം അപഹരിച്ചതാരാണു്?'—'സാമർത്ഥ്യമുള്ളവർ'.

അ: ന—ഇരവിയൻതമ്പി സാമർത്ഥ്യക്കുട്ടിതന്നെ. അതിനു സംശയമില്ല.

ഒൻപതു്—'ബാലി അരുണന്റെ പുത്രൻ; ഇരവിയൻതമ്പിയോ?'—'അമ്മയുടെ മകൻ'.

പത്തു്—'വഞ്ചിക്ഷ്മാപന്റെ അഹിമയാവേശം'—'ചേററിലാണ്ട മയൂരസന്ദേശം ചരിത്രത്തിൽ കാണുന്നില്ല'.

('ലേഖനങ്ങളെല്ലാം നന്ദിപൂർവ്വം ഉപേക്ഷിച്ചിരിക്കുന്നു' പകർപ്പു സൂക്ഷിച്ചിട്ടില്ലാത്തവർക്കു ലേഖനം മടക്കിയയയ്ക്കുന്നതല്ല.—പ:)

അ: ന—സന്ദേശത്തിനു ഇപ്പോൾ ശോഭയില്ലെങ്കിലും ഒരു കാലത്തുണ്ടാവും. കുപ്പയിൽ ഒളിഞ്ഞു മാണിക്കക്കല്ലാണെന്നു പരീക്ഷകപത്രാധിപർ അറിയുന്നില്ല.

കോ: ത — രണ്ടാമത്തെ സംബന്ധം ആലോചിച്ചതു വാസ്തവമായിരിക്കുമോ? എന്നോടു വിരോധത്തിനു കാരണമുണ്ടെന്നുതന്നെ ഇരിക്കട്ടെ. എന്നാൽ രാജ്ഞിയുടെ മുഖത്തു കരിതേക്കത്തക്കവണ്ണം അതു എന്തപരാധമാണു ചെയ്തതു.

അ: ന — എല്ലാം ഇരവിയൻതമ്പിയുടെ വേലയാണു. ഇങ്ങനെയുള്ള ക്രൂരത വിചാരിപ്പാൻ മഹാരാജാവിനു ശക്തിക്ഷയം സംഭവിച്ചിരിക്കില്ല

കോ: ത — ഈ മാമ്പിക അദ്ദേഹം കാണാതിരിക്കുമോ?

അ: ന — അയ്യോ! പിന്നെയും ശിശുബുദ്ധിയാണല്ലേ? അവിടത്തേക്കു മാത്രമല്ലാതെ ഇതു അയച്ചിരിക്കില്ല. രാജ്യത്തിൽ പരസ്യപ്പെടുത്തുവാൻ ഇരവിയൻതമ്പിക്കു ധൈര്യംവരുമോ? തൽക്കാലം കോപം തോന്നിയെന്നല്ലാതെ മഹാരാജാവിനു കഠിനത പ്രവർത്തിപ്പാൻ സന്മനസ്സുനു പകുക്കുമോ? ഈ വിവരമൊന്നും രാജ്ഞിയും അറിഞ്ഞിരിക്കില്ല.

കോ: ത — അവിടുന്നു പറഞ്ഞപ്പോൾ കുറച്ചു തണുപ്പു തോന്നുന്നുണ്ടു.

അ: ന — ഒരു ദുഃഖവും വേണ്ടാ. ഊണുകഴിച്ചു സുഖമായിട്ടു കിടന്നുറങ്ങുക. ക്ഷീണം പോകട്ടെ. ഞാൻ പിന്നെവരാം. ചെമ്പകനെ നല്ലവണ്ണം നോക്കിക്കൊള്ളുന്നേ. അച്ഛനമ്മമാരില്ലാത്ത കുട്ടിയാണു.

കോ: ത — ഇവിടുന്നു എന്തായാലും ഊണു കഴിച്ചിട്ടു പോയാൽ മതി. ഇവിടുന്നുകൂടെയുണ്ടെങ്കിലേ എനിക്കു ഊണു സുഖമാവുകയുള്ളു. ചെമ്പകൻ വരാൻതാമസിക്കുന്നതെന്താണു? വടക്കേക്കൊട്ടാരത്തിൽ ഇത്രയധികം പ്രവൃത്തിയുണ്ടോ?

പട്ടക്കാരൻ (പ്രവേശിച്ചിട്ടു) ഒരു കുട്ടി മുഖംകാണിപ്പാൻ വന്നിരിക്കുന്നു.

കോ: ത — വിളിക്കു.

ചെമ്പകൻ പ്രവേശിച്ചു.

കോ: ത — കുട്ടീ നിനക്കു ആയുസ്സു നന്നായുണ്ടു. ഇപ്പോൾ നിന്റെ കാര്യംപറഞ്ഞു നാക്കെടുത്തതേയുള്ളു.

ചെ — വടക്കേക്കൊട്ടാരത്തിലെ കല്പനപ്രകാരം അടിയൻ കോഴിക്കൽ വിടകൊണ്ടു.

കോ: ത—രാജ്ഞിയെ കണ്ടുവോ?

ചെ—റാൻ.

കോ: ത—നിന്ന ബോധിപ്പിച്ചുവോ?

ചെ—റാൻ. അടിയന്റെ വർത്തമാനമെല്ലാം പറഞ്ഞു തിരുമനസ്സുകൊണ്ട് ഒരു തിരുവെഴുത്തു തന്നയച്ചിട്ടുണ്ട്.

കോ: ത—സമർത്ഥൻ! തന്നേക്കു.

കോയിപ്പണ്ടാല എഴുത്തു പൊളിച്ച് ഇപ്രകാരം വായിച്ചു.

കോമ്പിക്കൽ,

൧൧൦൬-൯-൮-

ശ്രീ.

എന്റെ മകനെ ഇന്നു കാലംക്രട്ടുകയാണ്. വൈകുന്നേരം ദയ ചെയ്തു ഇങ്ങോട്ടു വരുവാൻ തിരുമനസ്സുണ്ടായാൽ കൊള്ളാം. വളരെ കാര്യങ്ങൾ പറവാനുണ്ട്. ശേഷം കാഴ്ചയിൽ.

എന്ന് ഈ വിട്ടത്തെ "ല"

ചെ: —വരംവഴക്ക പപ്പൻപിള്ള എഴുത്തു തട്ടാൻ വളരെ ശ്രമിച്ചു

അ. ന—സാധിച്ചില്ലല്ലോ. ഈശരാധീനം.

കോ. ത—(ദീർഘശ്വാസം വിട്ടിട്ട്) ഇപ്പോൾ കുറച്ചു സമാധാനമായി. എല്ലാവിവരവും ഇന്നുവൈകുന്നേരം അറിയാം. പോകാം ഊണുകഴിക്കാം.

'തക്ഷക'മാസികയുടെ ഒരുകാപ്പി മഹാരാജ്ഞിതിരുമനസ്സിലേക്കും അയച്ചുകൊടുത്തിട്ടുണ്ടായിരുന്നു. അതിനെ തിരുമനസ്സുകൊണ്ട് ആദ്യന്തം വായിക്കുകയുംചെയ്തു. എങ്കിലും ഭർത്താവിന്റെപ്പോലെതന്നെ ധൈര്യംവിട്ടില്ല. എല്ലാം നിസ്സാരമാക്കി തള്ളിക്കളഞ്ഞു. പക്ഷേ, സ്വഹൃദയത്തിൽ കാരമുള്ളൊന്നു തറച്ചിട്ടുള്ളതു പറിച്ചുകളവാൻ ധൈര്യവതിയായ അവിടത്തേക്കും സുസാധ്യമല്ലായിരുന്നു. 'അമ്മാമന്റെ ജുഗുപ്സാവഹമായ ക്രൗര്യമല്ലേ ഈ അപകീർത്തിക്കു കാരണം?' എന്നുള്ള വ്യസനം മഹാറാണിയെ എല്ലാകാലത്തുംവിട്ടുപിരിയുമോ?

വേലായുധൻതന്നെ ശരണമെന്നോൎത്തു സായാഹ്നത്തിൽ മഹാരാജ്ഞി ഉള്ളൂരിലേക്കു സ്വാമിദർശനത്തിനെഴുന്നള്ളി. ഇടയിൽ വേലുത്തമ്പിദളവായുടെ ചരിത്രം ഓർമ്മവന്നു. ദളവായുടെ അന്തർഭാവം തന്റേതിനോടു് ഇപ്രകാരം ഒത്തുനോക്കി.

"ഏകദേശം ദളവായെ അപമാനിച്ചതുപോലെതന്നെയാണു് എന്നോടും ചെയ്തിരിക്കുന്നതു്. ദളവായുടെ മൃതശരീരംകൊണ്ടു കണ്ണമ്മൂലയിൽ ഒരു കമ്പത്തേൽ കൂത്താട്ടം നടത്തി. എന്നെ എന്തുചെയ്യാനാണു നിശ്ചയിച്ചിരിക്കുന്നതു്? എന്റെ ജീവച്ഛവം കഴുത്തപ്പുറത്തെഴുന്നള്ളിക്കുക; പട്ടണപ്രവേശം നടത്തുക; മുല്ലപ്പന്തലിലേക്കു് ആനയിക്കുക; പള്ളിക്കെട്ടു നടത്തുക. അതു കഴിഞ്ഞിട്ടോ? വേലുത്തമ്പിയുടെ പ്രേതം കഴുമരത്തിൽ ചീഞ്ഞഴുകിയതുപോലെ തേവാരത്തുകോയിക്കലെ മഹാരാജ്ഞിയും പുതിയ കോയിൽപ്പണ്ടാലയാകുന്ന കഴുവിൽ കാകകഴുകന്മാൎക്കു് ഇരയായിത്തൂങ്ങുക!; ഇതു കാണ്മാൻ അമ്മാമന്നു രസമാണല്ലോ! ഇരിക്കട്ടെ! വേലുത്തമ്പിയുടെ രക്തം കലക്കിയ സംഭവം നടന്നിട്ടു് ഒരു തലമുറ കഴിഞ്ഞിട്ടില്ല. ദളവാ തൂങ്ങിക്കിടക്കുന്നതു കണ്ണുകൊണ്ടു കണ്ട ആളുകൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടു്. ബലവീര്യപരാക്രമശാലിയും ദേശാഭിമാനിയും ബുദ്ധിമാനുമായ ദളവായ്ക്കു വരുവാനിരിക്കുന്ന അപമാനം അദ്ദേഹം അറിയാതെ കഴിപ്പാൻ മണ്ണടി ഭഗവതി സഹായിച്ചു. എന്റെ അധഃപതനം എനിക്കും കണ്ടുകൊണ്ടിരിപ്പാൻ വഹിയാ. ഉള്ളൂർ സ്വാമി എന്നെ വാങ്ങിക്കൊള്ളും. പള്ളിക്കെട്ടു കഴിക്കുന്നതു മഹാരാജ്ഞിയുടെ ജീവച്ഛവം വേണ്ടാ, പ്രേതശവംതന്നെ ആയിക്കൊള്ളട്ടെ! അമ്മാവന്റെ ഭാവം കണ്ടിട്ടു പള്ളിയട്ടക്കമുക്കിൽ പോലും കല്യാണമണ്ഡപം നിർമ്മിക്കാതെ അടങ്ങുകയില്ലെന്നാണു തോന്നുന്നതു്.

"ആറുങ്കൽ തമ്പുരാക്കന്മാരേ! നിങ്ങളുടെ ഭരണസ്വാതന്ത്ര്യം വേണാടന്മാൎക്കു വിട്ടുകൊടുത്തിട്ടു് അടിമത്തം സ്വീകരിച്ചതെന്തിനു്? രാജ്യഭാരക്ലേശത്താൽ സൗന്ദര്യത്തിനു കുറവു വന്നുപോയോ? അല്ല്യാ, വേണാട്ടു രാജകുടുംബത്തിൽ പുരുഷന്മാരില്ലാതെ വരുമ്പോൾ അതും ചേൎത്തു വലിയ രാജ്യം ഭരിക്കാമെന്നുദ്ദേശിച്ചിട്ടോ? ഏതായാലും നല്ല കാലത്തല്ല ആറുങ്കൽ മൂത്തതമ്പുരാന്നു പണ്ടു് അങ്ങനെയൊരു ധൎമ്മബുദ്ധി തോന്നിയതു്."

"ഇപ്പോഴത്തെ ആയില്യം തിരുനാളമ്മാമനു മാൎത്താണ്ഡവർമ്മകാലത്തിലുള്ള ഉടമ്പടിവരിയോല ദ്രവിച്ചുപോയെന്നാണു ഭാവമെങ്കിൽ, ഇപ്പോഴത്തെ ആറുങ്കൽ മൂത്തതമ്പുരാൻ ഭരണിതിരുനാളിനു അങ്ങനെയൊരു സന്ധിവ്യവസ്ഥ ഇല്ലെന്നു ഭാവിക്കാൻ

അവകാശമില്ലേ? എന്റെ പാതിവ്രത്യക്കോട്ടയെ ആക്രമിപ്പാൻ വന്നാൽ വേലുത്തമ്പിദളവായുടെ സൈന്യശേഖരം ഞാനും ചെയ്യാതെ മാർഗ്ഗാന്തരമില്ല. അതോടുകൂടെ ആറുവൎഷങ്കൽ രാജ്യത്തിന്റെ നശിച്ചുപോയ സ്വാതന്ത്ര്യവും പുനൎജ്ജീവിക്കാതെ കഴിയുമോ? ഈ സാധുസ്ത്രീയ്ക്ക് അതിനു വേണ്ടുന്ന ധൈൎയ്യവും തന്റേടവുമുണ്ടെന്നു എന്റെ അമ്മാമാ! ധരിച്ചുകൊള്ളുകയേവേണ്ടു. അമ്മാമാ! പതിനെട്ടായുധത്തിനു കച്ചകെട്ടാതിരിക്കുക; എന്നാൽ എല്ലാവരും മാനമായി കാലക്ഷേപം കഴിക്കാം. കോയിപ്പണ്ടാല സ്വാപക്ഷേയം ഉണ്ടാക്കിയെങ്കിൽ ഞാനെന്തുപിഴച്ചു?

"എന്റെ ഭർത്താവ് ഈ ഭൂകമ്പം നടക്കുന്നതൊന്നും അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ ചെവിയിൽ ഇതിന്റെ ലേശം വല്ലതും കേൾക്കുകയാണെങ്കിൽ—വേണാട്ടു രാജകുടുംബത്തിന്റെ ചരിത്രം അൻപത്തൊന്നാമാണ്ടു മകരമാസത്തിനപ്പുറം എഴുതുവാൻ കാണുകയില്ല. പഴയകാലത്തു പാശ്ചാത്യരാജ്യങ്ങളിൽ ഭടവേഷധാരികൾ സ്ത്രീകളുടെ മാനാഭിമാനം രക്ഷിപ്പാൻ ദേശാടനം ചെയ്തിട്ടുള്ളതായി കഥകളുണ്ട്. എന്റെ കോയിപ്പണ്ടാല, അവരുടെ ജാതിയിൽപെട്ട ക്ഷത്രിയയുവാവാണ്. നീഡ്ജ്ഹത്തെ ഹനിച്ചു ബ്രിച്ചുലോഡർ, എണ്ണയിട്ടു മിനുക്കിവച്ചിട്ടുണ്ട്. അപമാനത്തിന്റെ മുൻപിൽ നടക്കുന്നതു മൃത്യുവാണ്. വേലുത്തമ്പിദളവായുടെ ജീവചരിത്രം സാക്ഷിയല്ലേ?

"അമ്മാമാ! എന്താണ് അവിടുത്തെ ഉദ്ദേശം? വെള്ളക്കാരെ ധിക്കരിപ്പാൻ അവിടുത്തേക്ക് അധികാരമുണ്ടെന്നു സന്നദു വാങ്ങിവെച്ചു. അവിടുത്തെ ശൂരത്വത്തിനു വേറെയും ദൃഷ്ടാന്തങ്ങളുണ്ട്. എന്റെ ഭർത്താവിനോടു വച്ചുരച്ചു പറവാനും അവിടുത്തേക്കു ക്ലേശമുണ്ടായില്ല. വെള്ളമില്ലാതിരിക്കിൽ വള്ളം നടത്തുവാനാണ് ഇനിയുള്ള ശ്രമം. വർക്കലത്തുരങ്കത്തിന്റെ പണി തീരുമ്പോൾ അതും സാധിച്ചുവെന്നുവരാം. എന്നാൽ തേവാരത്തുകോയിക്കൽ കൊട്ടാരത്തിലും തുരങ്കവേലയാരംഭിച്ചാൽ—അഹിതത്തിന് ഇങ്ങനെയും ചേഷ്ടകളുണ്ടോയെന്ന് ഇതുവരെ അവിടുത്തെ ഹിതാനുസാരിണിയായിരുന്ന അനന്തിരവൾ നേരേ നോക്കി ചോദിച്ചാൽ അപ്രിയം തോന്നരുതേ. തിരുവിതാംകൂർ രാജ്യം ബ്രിട്ടീഷിലേക്ക് എടുത്തുകളയുമെന്നൊരു ഭീതിയുണ്ടായിരുന്ന കാലം അവിടുത്തേയ്ക്ക് ഓൎമ്മയുണ്ടോ? അവിടുത്തെ മാതൃകാരാജ്യത്തെ, രക്ഷിച്ചതാരാണ്? എന്റെ നാമധേയം വഹിച്ച സ്ത്രീരത്നം, ലക്ഷ്മീറാണി. അതുകൊണ്ടു ഗുണവതിയായ ആ മഹാരാജ്ഞിയുടെ പേരുള്ള എന്നോടു കരുണ കാണിക്കേണ്ടതു അവിടുത്തെ ധർമ്മമാണ്. ഇല്ലെങ്കിൽ

അവിട്ടത്തേക്ക എന്നെയും രാജ്യത്തെയും ഭരിക്കാൻ സന്ദർഭമുണ്ടാക്കിത്തന്ന് എന്റെ മൂത്ത മൂത്തശ്ശിയോട്ടകൃതജ്ഞതയില്ലെന്നുവന്നോക്കം. അടിമക്കച്ചവടം നിൎത്തിയതും എന്റെ മൂത്തശ്ശിയല്ലേ? അതുകൊണ്ട് അവിട്ടത്തേക്ക കണ്ടിതമുണ്ടോ? അടിമക്കച്ചവടത്തിന പുറപ്പെട്ടാൽ ആപത്താണേ! ഒന്നരണ്ടെന്നു തുടങ്ങി ക്രയവിക്രയം എത്ര ചെയ്യാനാണ് അവിടുന്നു നിശ്ചയിച്ചിരിക്കുന്നത്? ഞാൻ ആട്ടമാടല്ല. ആറവങ്കൽ മൂത്തതമ്പുരാനാണ്. ബുദ്ധിശക്തി അവിട്ടത്തയോളം തന്നെയെങ്കിലും വിശേഷജ്ഞാനം എനിക്കും ഇല്ലെന്നില്ല. അതിനാൽ എടുത്തുവച്ച കാലു പുറകോട്ടു വലിക്കുക."

പതിവിലധികം ഭക്തിയോടുകൂടെ തൊഴുകലും വഴിപാട്ടുമെല്ലാം കഴിച്ചിട്ടു മടങ്ങിയെഴുന്നള്ളുന്നതിന വണ്ടിയിൽ കയറാൻഭാവിച്ചപ്പോൾ അതിൽ ഒരുസ്ത്രീ ഇരിക്കുന്നതുകണ്ടു. ആ സ്ത്രീ ആരാണെന്നു വണ്ടിക്കാരനോട്ട തിരുമേനിയുടെ സഖിയെ വിട്ടു ചോദിച്ചപ്പോൾ അയാൾക്ക ഒരുത്തരവും പറവാൻ സാധിച്ചില്ല. വാസ്തവത്തിൽ അന്യദേഹം വണ്ടിയിൽ സ്ഥലംപിടിച്ചതു അയാൾ അറിഞ്ഞിരുന്നില്ല. സഖിയാനു സ്ത്രീയോട്ട പുറത്തുപോവാൻ പറഞ്ഞു.

സ്ത്രീ:—നീ പറയുന്നതു തിരുമനസ്സിലെ ആജ്ഞയാണോ?

സഖി—ആരുടെ കല്പനയായാലെന്തു? തിരുമനസ്സിലെ വണ്ടിയിൽ അന്യ ജനങ്ങൾക്ക കയറാമോ?

സ്ത്രീ:—എനിക്ക ചില വൎത്തമാനങ്ങൾ തിരുമേനിയോട്ട പറവാനുണ്ട്. എന്നെക്കൂടെ വണ്ടിയിൽ കൊണ്ടുപോകണം, എന്നരാജ്ഞിയോട്ട നീതന്നെ പറഞ്ഞനുസരിപ്പിക്കുക.

സഖി:—മുഖംകാണിക്കണമെങ്കിൽ സമയംനോക്കി കൊട്ടാരത്തിൽ വരണം തിരുമേനിയോടൊപ്പം സവാരിചെയ്യാൻ നിവൃത്തിയില്ല.

സ്ത്രീ:—ഇതു നിന്റെ സ്വാഭിമതമോ തിരുമേനിയുടെ അഭിപ്രായമോ?

സഖി:—ആരുടെയായാലെന്തു? കൊട്ടാരത്തിലെ ശട്ടമാണ്

സ്ത്രീ:—എനിക്കുവേണ്ടി ശട്ടമൊന്നുമാറാണമെന്നുപറ

സഖി:—ഞാൻ പറയുകയില്ല.

സ്ത്രീ.—നിനക്ക തിരുമേനിയോടൊപ്പം പോകാമോ?

സഖി:—ഞാൻ വണ്ടിയുടെ പുറകിലാണിരിക്കുന്നത്. അകത്തല്ല.

സ്ത്രീ:—ശരി; ഞാൻ പോയെന്നു തിരുമേനിയോട്ട പറഞ്ഞേക്ക.

മഹാരാജ്ഞിതിരുമനസ്സുകൊണ്ടു വണ്ടിയിൽ എഴുന്നള്ളിയിരുന്നു. കണ്ണുമടച്ചു യാതൊരു ചിന്തയുംകൂടാതെ തിരുമേനി ചാരിയിരുന്നുകഴിച്ചു. ഒരുമൈൽ വന്നപ്പോൾ 'തിരുമനസ്സുകൊണ്ടു!" എന്നു സഖിയുടെ ശബ്ദംകേട്ടു കണ്ണുതുറന്നു.

രാജ്ഞി ആ! എന്തു്?

സഖി—ഇറങ്ങിപ്പോകാൻപറഞ്ഞ സ്ത്രീ നില വിളിച്ചുകൊണ്ടു വരുന്നു; വണ്ടി നിറുത്താൻപറയുന്നു.

രാജ്ഞി—നിനക്കെന്തു് പിച്ചുണ്ടോ? എന്റെ വണ്ടിനിറുത്താൻ പറയുകേ!

സഖി—ഇതാ, അവൾ വണ്ടിയെപ്പിടിച്ചുകഴിഞ്ഞു; വണ്ടിക്കു മുൻപിൽപോയി തല്ലിയലച്ചുകിടക്കുന്നു, നിർത്തിയില്ലെങ്കിൽ അവളുടെമേൽ വണ്ടി കയറാതിരിക്കയില്ല.

സഖി പറഞ്ഞുതീർന്നതിനുമുമ്പിൽതന്നെ കുതിരയെ വലിച്ചുനിർത്തി.

വണ്ടിക്കാരൻ—പോ! കഴുതെ! വഴിയിൽനിന്നു മാറിക്കിടന്നു 'കർത്താവെ' വിളി.

സ്ത്രീ - വേലായുധ!

വ—മാറിയില്ലെങ്കിൽ നിന്റെ മേലേക്കൂടെ വണ്ടി ഓടിക്കും.

സ്ത്രീ---ശ്രീവിശാഖാ!

വണ്ടിക്കാരനു ഇറങ്ങി സ്ത്രീയെ ചാട്ടകൊണ്ടൊന്നു പ്രഹരിച്ചു

സ്ത്രീ – (ഉച്ചത്തിൽ നടുക്കത്തോടുകൂടി) കുമാരസ്വാമീ! സുബ്രഹ്മണ്യാ! ഉള്ളൂർ വേലായുധ! വടക്കേക്കൊട്ടാരത്തിലെ ശ്രീവിശാഖ! മയിൽവാഹനാ!

രാജ്ഞി—രാമാ!

വ—അടിയൻ

രാജ്ഞി—ആ സ്ത്രീയോടു് എണീററു എന്റെഅടുത്തു വരുവാൻ പറയൂ.

വ:—എന്തുപറഞ്ഞിട്ടും കേൾക്കുന്നില്ല.

രാജ്ഞി ഇറങ്ങി സ്ത്രീയുടെ അടുക്കലേക്കു എഴുന്നള്ളി.

രാജ്ഞി:—എണീക്കുക, എന്റെകൂടെ വണ്ടിയിൽവന്നു ഇരുന്നുകൊള്ളുക

സ്ത്രീ.—കീഴ്ശമ്പളക്കാരെല്ലാം അവിടുത്തെ സൽസ്വഭാവം കണ്ടുപഠിക്കട്ടെ!

രണ്ടുപേരും വണ്ടിയിലിരുന്നു വർത്തമാനംതുടങ്ങി.

രാജ്ഞി: നിങ്ങൾ ആരാണെന്നു ചോദിക്കാമോ? എന്നെ കാണണമെന്നു പറഞ്ഞതെന്തിനാണ്?

സ്ത്രീ—സാധുക്കളുടെ സങ്കടങ്ങൾ മഹാരാജ്ഞിയായ അവിടുത്തേക്ക് അറിഞ്ഞിട്ടെന്താവശ്യം? ഞാൻ നാടുകടത്തു വിടുകൊള്ളുന്നതെന്തിന്? എന്റെ മുഖം തുറന്നുപാർക്കുന്നതും ദുഃഖമേതാനുമുണ്ടോയെന്നു തിരുമനസ്സിലേക്കറിയാറാകും.

രാജ്ഞി—മഹാരാജ്ഞിക്കു ദുഃഖം വരികയില്ലെന്നാണോ നിങ്ങളുടെ അഭിപ്രായം?

സ്ത്രീ—സർവൈശ്വര്യത്തോടുകൂടിയിരിക്കുന്ന മഹാരാജ്ഞിക്ക് ഈ ലോകത്തിൽ ദുഃഖമുണ്ടെന്ന് ആരാനും പറയുമോ?

രാജ്ഞി–ജനങ്ങൾ വസ്തുതയറിഞ്ഞിട്ടാണോ മഹാരാജ്ഞി ഭാഗ്യവതിയെന്നു പറയുന്നത്? ഞാൻ തീ തിന്നുന്നതു മറ്റൊരുവൻ എങ്ങനെയറിയും?

സ്ത്രീ:—തിരുമനസ്സിലേക്ക് എന്താണു ദുഃഖം?

രാജ്ഞി:—നിങ്ങൾ ആരാണെന്നറിയുന്നതിനുമുമ്പേ എനിക്കു പറവാൻ മടിയുണ്ട്.

സ്ത്രീ:—വിശ്വസിച്ചുകൊള്ളുക. തിരുമനസ്സിലെ ബന്ധുവാണ്.

രാജ്ഞി:—എല്ലാവരേയും വിശ്വസിച്ചിട്ടാണ് എനിക്കു വ്യസനിക്കാനിടയായത്. എന്റെ അമ്മാമൻതന്നെ എനിക്കു വിരോധിയായിത്തീർന്നു. ഇതിനേക്കാൾ ദുരിതം വരാനുണ്ടോ?

സ്ത്രീ:—പറവാൻ മടിയുണ്ടെങ്കിൽ വേണ്ടാ. പക്ഷേ, ഞാൻ നോക്കീട്ട് ഇവിടുത്തേക്ക് വ്യസനിപ്പാൻ മതിയായ കാരണമില്ല.

"ഒന്നിച്ചുരതിനമലർശരലീലക-
ളുന്നതസുഖമോടുചെയ്തുവസിച്ച" ഇവിടുത്തേക്കു ഭർത്താവിനെ ആമം വെക്കുന്നതുകാണ്മാൻ മനസ്താപം ഇല്ലെന്നു പറയുന്നില്ല. എന്നാൽ പകരം കോയിപ്പണ്ടാലയെ അവിടുത്തേക്കു തരുവാൻ അമ്മാമൻ നിശ്ചയിച്ചിട്ടുണ്ടല്ലോ. പിന്നെ അദ്ദേഹത്തിനോടു പരിഭവിക്കുന്നതെന്തിന്?

രാജ്ഞി:—(കണ്ണുച്ചെമന്നിട്ട്) ദുഷ്ടേ! നിന്നോട് അനുകമ്പ തോന്നി ഒന്നിച്ചിരുത്തിയതിനു പ്രതിപ്രയോജനം ഇതാണല്ലേ? പോ പുറത്തു! നിന്നെ അരനിമിഷം കണ്ടാലുള്ള പാപം തീരാത്തതാണ്.

സ്ത്രീ:— ഓഹോ! തീരാത്തതാണല്ലേ? എന്നോടെടുത്ത കപട വിദ്യ അമ്മാമന്റെ മുൻപിൽ കാണിക്കാത്തതെന്തു്?

രാജ്ഞി। അമ്മാമനല്ല പരമാത്മാവു് ഈവിധം നിന്ദ്യവാക്കുകൾ പറഞ്ഞാൽ ഞാൻ ബഹിഷ്കരിച്ചുകളയും. നിന്നോടു എനിക്കു സംസാരിപ്പാൻ രസമില്ല പൊയ്ക്കൊള്ളുക.

സ്ത്രീ:—തിരുമനസ്സുകൊണ്ടു ക്ഷമിക്കണം! ഇത വ്യസനവും കോപവും വരുമെന്നറിഞ്ഞെങ്കിൽ വിടകൊള്ളുകയില്ലായിരുന്നു. പറഞ്ഞതു തിരിയെയെടുത്തിരിക്കുന്നു പ്രായശ്ചിത്തം എന്തു കല്പിച്ചാലും തൃപ്തിയാണു.

രാജ്ഞി:—"കാട്ടുതീവെന്താൽവനംപിന്നെയും തളുത്തീടും
കേട്ടുകൂടാത്ത വാക്കാമായുധം പ്രയോഗിച്ചാൽ
കണ്ണുങ്ങൾക്കകംപൂകപ്പുണ്ണായാലതുപിന്നെ
പൂർണ്ണമായ്ശമിക്കയില്ലൊട്ടുനാൾ ചെന്നാൽപോലും"

സ്ത്രീ:—അടിയൻ സ്വമേധയായിപ്പറഞ്ഞതല്ല. ജനങ്ങളുടെ ഇടയിലുള്ള സംസാരം വിടകൊണ്ടുവെന്നേയുള്ളു അടിയങ്ങളോടു കരുണയുണ്ടാവണം. തിരുമനസ്സിലേക്കു അടിയനാലായ സഹായം ചെയ്യാനാണു വിടകൊണ്ടിരിക്കുന്നതു.

രാജ്ഞി—നിന്നെക്കൊണ്ടു എന്തുചെയ്യാൻ കഴിയും?

സ്ത്രീ—അതിപ്പോൾ പറഞ്ഞിട്ടു കാര്യമില്ല ഇവിടുത്തെ ഭർത്താവു വിട്ടുകഴിഞ്ഞാൽ ശത്രുപക്ഷത്തുനിന്നും വരാനിരിക്കുന്ന ശരവർഷം ഏററു പ്രാണസങ്കടാവസ്ഥയിൽ എത്തുന്നസമയത്തു ഞാനുണ്ടെന്നു തിരുമനസ്സുണ്ടായിരുതിക്കൊള്ളുക. ഇവിടുത്തെ രക്ഷിപ്പാൻ വഴി ഞാൻ കണ്ടിട്ടുണ്ടു. ശ്രീ വിശാഖന്റെ ആജ്ഞയാണു.

രാജ്ഞി – നീ അത്ര മിടുക്കിയാണെങ്കിൽ എന്റെ ഭർത്താവിനെ ഈ സമയത്തു സഹായിച്ചുകൂടെ?

സ്ത്രീ—അതു എന്നാൽ സാദ്ധ്യമല്ല-ശ്രീവിശാഖനും അതിനനുമിക്കയില്ല കോയിപ്പുണ്ടാല അനുഭവിക്കാനിരിക്കുന്നതു അനുഭവിച്ചേ മതിയാവൂ. മഹാരാജാവിനെ കുററംപറവാനില്ല അദ്ദേഹം വിധിനിയുക്തമായ വെറും ആയുധംമാത്രമാണു.

രാജ്ഞി— എന്നോടു കാണിക്കുന്നതും വിധിനിയോഗം എന്നു പറഞ്ഞുതള്ളരുതേ

സ്ത്രീ—അല്ല, മനുഷ്യസ്വഭാവത്തിന്റെ ചപലതയാണു്. മി

ഹാരാജ്ഞിയോടു പ്രയോഗിച്ച നയം അദ്ദേഹത്തിന്റെ നാശഹേതുവായിത്തീരും.

രാജ്ഞി—കോയിപ്പണ്ടാലയുടെ അനുഭവംമാത്രം ശ്രോലിഖിതമെന്നെന്താണു പറഞ്ഞതു്?

സ്ത്രീ—ലീലാരണ്യത്തിൽ അന്തരിക്ഷധ്വനി കേട്ടതുമുതൽ അമംഗളമല്ലാതെ കാണുന്നുണ്ടോ? ഇപ്പോൾ എന്നെ നോക്കുക.

ഇങ്ങനെ പറഞ്ഞുകൊണ്ടു് സ്ത്രീ തന്റെ പുതപ്പുമാററി കഴുത്തു കാണിച്ചുകൊടുത്തു. മഹാരാജ്ഞി ബാഷ്പധാരയോടുകൂടി ആ സാധുസ്ത്രീയെ നോക്കിക്കൊണ്ടിരുന്നു.

സ്ത്രീ—എന്നെക്കണ്ടിട്ടു നല്ല ശകുനമാണോ? കഴുത്തു പറിച്ച സ്ത്രീകളെ കാണുന്നതു സുമംഗലികൾക്കു ശോഭനമല്ലെന്നറിയരുതേ.

രാജ്ഞി—അറിയാം.

സ്ത്രീ—നോക്കുന്നിടത്തെല്ലാം ദുർന്നിമിത്തങ്ങൾ കാണുന്നതുകൊണ്ടു് അവിടുത്തേക്കു വൈധവ്യം വരുമോ എന്നു ചോദിക്കണോ? അതുകൊണ്ടാണു വിധിബലം എന്നു പറഞ്ഞതു്.

രാജ്ഞി—നിനക്കെങ്ങനെയാണു വൈധവ്യം വന്നതു്?

സ്ത്രീ—എല്ലാവരും എന്നെ സുഖമായിരുത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു കഠിനഹൃദയൻ എന്റെ ഭർത്താവിനെ മുക്കിക്കൊന്നുകളഞ്ഞു. എന്റെ ചരിത്രം മുഴുവൻ പറഞ്ഞാൽ അവിടുത്തെ ദുഃഖം വർദ്ധിക്കുകയേയുള്ളു. പറയാനുള്ള കാലം വന്നെങ്കിൽ അപ്പോൾ പറഞ്ഞുകൊള്ളാം. അവിടുത്തെ അത്യാപത്തിൽ ഈ വിധവ എപ്പോഴും കൂടെയുണ്ടെന്നു വിചാരിച്ചുകൊള്ളുക.

രാജ്ഞി നിന്നെ ഇനി എപ്പോൾ കാണും? നാളെ കൊട്ടാരത്തിലേക്കു വരുമോ?

സ്ത്രീ—ഇല്ല ഞാൻ ഇന്നു യാത്രയാണു്. എന്റെ കഷ്ടകാലം തീരുമോയെന്നു പരീക്ഷിക്കണം: വടക്കുംനാഥക്ഷേത്രത്തിൽ ഭജനം നേർന്നിട്ടുണ്ടു് അതു തീർക്കാനാണു പോകുന്നതു് സംഗതിവശാൽ ഇവിടെ വരേണ്ടകാര്യമുണ്ടായിരുന്നു വന്നകാര്യം ഏകദേശം സഫലവുമായി.

രാജ്ഞി!—ത്രിശ്ശിവപേരൂർ പോയാൽ എന്നെ സഹായിക്കുന്നതെങ്ങനെ?

സ്ത്രീ. —അവിടത്തേക്കു് ഒഴിക്കാൻവയ്യാത്ത ഉൽഘടങ്ങൾ വരുമ്പോൾ ഞാനുണ്ടു്. അത്രേ ഇപ്പോൾ പറവാൻ തരമുള്ളൂ. അവിടത്തെ സ്വഭാവത്തിനു് ഇതരസഹായം വേണ്ടിവരുമെന്നു തോന്നുന്നില്ല. എങ്കിലും ഞാനില്ലാതിരിക്കുന്ന സമയത്തു് അവിടത്തേക്കു തുണയായിരിപ്പാൻ ഒരു ഗുണദോഷം പറഞ്ഞുതരാം. ഈശ്വരഭജനം മുടക്കരുതു്. അതോടുകൂടെ അമ്മാമന്റെയും മററു കാര്യങ്ങളിൽ കുറച്ചനുസരിക്കുക. ലൌകികത്വത്തിനെങ്കിലും നടിക്കാതെ പോയാൽ ഉപദ്രവങ്ങൾ അധികമായേക്കാം. കൊട്ടാരം സമീപിക്കാറായി. വണ്ടി നിൎത്തുവാൻ അരുളിച്ചെയ്യുക. ഭൎത്താവു കാത്തുണ്ടു്. എഴുന്നള്ളി സമാധാനം പറയുക. അവിടത്തേക്കു മുഷിച്ചിലുണ്ടായിട്ടുള്ളതു ഇന്നെങ്കിലും അദ്ദേഹത്തിനോടു കാണിക്കാതിരിക്കുക. പ്രണയകലഹത്തിനു സമയം ഇതല്ല. അവരുമിവരും പറയുന്നതു കേട്ടില്ലെന്നും വയ്ക്കുക. അവിടത്തേക്കു ദോഷം വരികയില്ല. സൎവ്വവും മംഗളമായി കലാശിക്കും. വിധവയുടെ വാക്കാണെന്നു തള്ളിക്കളയരുതു്. ശേഷം പിന്നെ മുഖം കാണിക്കുമ്പോൾ. എന്നെക്കണ്ട വിവരം ഭൎത്താവിനോടുപോലും പറയരുതു്. മനസ്സിൽ വച്ചുകൊണ്ടിരിക്കേയാവൂ. ശ്രീവിശാഖൻ തുണയ്ക്കട്ടെ!

തന്നിട്ടു് ഇത്ര ധൈൎയ്യമായി വണ്ടിയിൽ കടന്നുവന്നു വൎത്തമാനം ആരംഭിച്ച സ്ത്രീ ആരാണെന്നറിവാൻ മഹാരാജ്ഞിക്കു അത്യാഗ്രഹം തോന്നിയെങ്കിലും സാധിക്കാത്ത വിധം തന്ത്രം പ്രയോഗിച്ചു ഝടിതിയിൽ അവർ യാത്രയായി. ഭൎത്താവു വന്നിട്ടുള്ള വിവരം അവർ മനസ്സിലാക്കിയതെങ്ങനെയെന്നു അത്ഭുതപ്പെട്ടു- ഈ കൂടിക്കാഴ്ചയെപ്പററി പിന്നീടു സ്വസ്ഥമായിരിക്കുമ്പോൾ ആലോചിക്കാമെന്നുള്ള സമാധാനത്തോടുകൂടി ഭൎത്താവിനെ കാണ്മാൻ ബദ്ധപ്പെട്ടു തിരുമനസ്സുകൊണ്ടു് അകത്തെക്കെഴുന്നള്ളുകയും ചെയ്തു.

കോയിപ്പണ്ടാല പള്ളിക്കുറിപ്പുണൎന്നപ്പോൾ മണി അഞ്ചടിച്ചു. ആഹ്ലാദചിത്തനായി കാഴ്ചബംഗ്ലാവിലേക്കു സവാരി എഴുന്നള്ളി മാൎഗ്ഗമദ്ധ്യേ കരകൌശലശാലയ്ക്കു പുരോഭാഗത്തായിപ്പോകുന്ന ഉള്ളൂർ റോഡിൽ മഹാരാജാവിന്റെ സവാരിസാററു തുറപ്പുകാരുടെ അകമ്പടിയോടുകൂടി പോകുന്നതുകണ്ടു. കോയിത്തമ്പുരാന്റെ മുഖം ക്ഷണമാത്രത്തിൽ മ്ലാനമായി. പ്രയാസപ്പെട്ടു തന്റെ വണ്ടിയെ പുറകോട്ടുതിരിച്ചു രാജ്ഞിയുടെ കൊട്ടാരത്തിലേക്കു മടങ്ങി. പ്രിയതമയുടെ വരവിനെ അക്ഷമതയോടെ പ്രതീക്ഷിച്ചു

രവിവൎമ്മാ തുലികയിൽ പ്രതിഫലിപ്പിച്ചിട്ടുള്ള രാജ്ഞിയുടെ രണ്ടു ഛായാപടങ്ങൾ ഒന്നിനൊന്നഭിമുഖമായി എതിൎത്തു ചുവരു

കളിൽ കൈയെത്താത്ത ഉയരത്തിൽ തൂക്കിട്ടുണ്ടായിരുന്നു. അതിന്റെ മദ്ധ്യത്തിൽ എഴുന്നള്ളിയിരിപ്പാൻ തോന്നി. പ്രസ്തുത പടങ്ങളിൽ ഒന്നു പള്ളിക്കെട്ടുകാലത്തിൽ എഴുതിട്ടുള്ളതും മറ്റേതു രണ്ടു സംവത്സരത്തിനു മുമ്പുള്ളതും ആയിരുന്നു.

ആദ്യമായി തിരുമേനിയുടെ ശ്രദ്ധയെ ആകർഷിച്ചതു പള്ളിക്കെട്ടുസമയത്തെടുത്ത എട്ടുവയസ്സു മാത്രം പ്രായമുള്ള കൊച്ചുതമ്പുരാട്ടിയുടെ പടമായിരുന്നു. മുപ്പത്തുനാലാമാണ്ടു പള്ളിക്കെട്ടു നിശ്ചയിച്ചതും, തന്റെ ഉപനയനം മുതലായതു നടത്തി പള്ളിക്കെട്ടിനു വേണ്ടുന്ന സ്വരൂപയോഗ്യത സമ്പാദിപ്പാൻ കിളിമാനൂർ കൊട്ടാരത്തിൽ എഴുന്നള്ളിയതും, അവിടെ താമസിക്കുന്ന കാലത്തു വിദ്വാൻ കോയിത്തമ്പുരാന്റെ കവിതകളെ ധാരാളം ആസ്വദിച്ചതും, വശ്യവാക്കായ ആ മഹാകവിയുടെ ഉൽകൃഷ്ടപദത്തിലെത്തുവാൻ താനും യത്നിക്കണമെന്നു നിശ്ചയിച്ചതും, തിരുവനന്തപുരത്തു വന്ന കാലത്തു തനിക്കു കൊച്ചുതമ്പുരാട്ടിയോടു പരിചയത്തിനിടയായതും, കവണിപമ്പരങ്ങളെക്കൊണ്ടു രാജ്ഞിയുടെകൂടെ കളിച്ചു സഹചരിച്ചതും, തമ്മിൽത്തമ്മിൽ നിർമ്മലമായ സഹോദരസ്നേഹം ഉത്ഭവിച്ചതും, കിളിമാനൂർ കൊട്ടാരത്തിൽവച്ചുതന്നെ കഠിനമായ വിയോഗദുഃഖം തോന്നിയതും തന്നിമിത്തം തന്റെ ദിവ്യപ്രേമം വളർന്നതും, കൊച്ചുതമ്പുരാട്ടിക്കു പ്രണയമസൃണങ്ങളായ സന്ദേശശ്ലോകങ്ങൾ എഴുതിയയച്ചതും, തമ്പുരാട്ടി കസ്തൂരിപരിമളങ്ങൾ നിറഞ്ഞ മറുപടിക്കുറിപ്പുകൾ അയച്ചതും, അവയെ തന്റെ അഖണ്ഡായുരാരോഗ്യൈശ്വര്യശാഖങ്ങളുടെ ബാലകിരണങ്ങളെന്നു കരുതി അദ്യാപി അമൂല്യരത്നമായി കാത്തു സൂക്ഷിച്ചുവരുന്നതും, പള്ളിക്കെട്ടിനു ശേഷം തന്റെ പ്രാണപ്രിയയോടുകൂടി ഓരോരോ കളികളിൽ നിമഗ്നനായി സ്വർഗ്ഗസുഖം അനുഭവിച്ചതും, പ്രഥമദ്വിതീയാദിതിഥിഘട്ടങ്ങളെകടന്നു ബാലചന്ദ്രൻ പൗർണ്ണമിചന്ദ്രനായി ക്രമേണ വളരുന്നതുപോലെ മഹാരാജ്ഞി പ്രൗഢശ്രീബിംബമായി വഴിയ്ക്കു വഴിയേ വിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നതിനെ ഭർത്താവായ താൻ കണ്ടാനന്ദിച്ചതും, ഇപ്പോൾ മരണയന്ത്രഭ്രമണത്തിന്റെ സംഘർഷണോദ്വേഗയന്ത്രാന്തർവിശദിക്ഷുകാണ്ഡപടലീലീലയേ വഹിച്ചു താനു കേളിരംഗത്തിൽനിന്നു വിരമിക്കേണ്ടിവരാവുന്നതും, ആയ ഓരോ ഓർമ്മകൾ ബയസ്കോപ്പുചിത്രംപോലെ തന്റെ മനോമുകുരത്തിൽ പ്രതിബിംബിക്കയും മറയുകയും ചെയ്തു.

പൂർവ്വസ്മരണകളെ ഉജ്ജ്വലിപ്പിച്ചതായ ഈ നിർമ്മലച്ഛായയിൽ രണ്ടുമൂന്നു നിമിഷം നിന്നിമേഷനായി നോക്കിക്കൊണ്ടിരുന്നു-

പ്പോൾ കണ്ണിൽ വെള്ളം നിറഞ്ഞു. പടം കാണാതായി. കണ്ണു തുടച്ചുകൊണ്ടു മററെ പടത്തിൽ ദൃഷ്ടിയുറപ്പിച്ചു.

വാമഹസ്തം കസാലക്കൈയിൽ ദൃഢമായുറപ്പിച്ചും ദക്ഷിണകരം ശിരസ്സുത്താങ്ങിയും കൊണ്ടു ക്ഷുധാക്രാന്തങ്ങളായ തന്റെ നേത്രയുഗളം രാജ്ഞിയുടെ അംഗസുഷമയെ ഗ്രസിക്കുവാൻ തുടങ്ങി. തിരുമനസ്സിലെ പ്രതിച്ഛായയിൽ ഓരോ അവയവത്തിൽ നിന്നും തേജഃപുഞ്ജങ്ങൾ വർണ്ണവൈവിധ്യത്തോടുകൂടി ഉദ്ഗമിക്കുന്നുണ്ടോ എന്ന വ്യാമോഹം തോന്നി. പടത്തിനു ചൈതന്യംകൊണ്ടു ചലിക്കുന്നതായി സംശയിച്ചു. തന്നോടടുത്തടുത്തു വരുന്നതായി പ്രമാദംപൂണ്ടു ഗാഢാശ്ലേഷത്തിൻ കൈയെടുക്കുമ്പോൾ വീണ്ടും സ്വസ്ഥാനത്തെ പ്രാപിക്കുന്നതായിക്കണ്ടു. അങ്ങനെയിരിക്കുമ്പോൾ രാജ്ഞി അകലെയകലെയായി പിൻവാങ്ങിക്കൊണ്ടു ദൃഷ്ടിപഥത്തിൽനിന്നുമറഞ്ഞുപോയോ എന്നു ശങ്കിച്ചു. കണ്ണടച്ചു മനോദൃഷ്ടിയിൽ തിരുമനസ്സിലെ തേജോരൂപം ആവാഹിച്ചു ചില അംഗപ്രത്യംഗങ്ങൾ, മിന്നൽപോലെ വന്നുംപോയുമിരുന്നു. പൂർണ്ണമായ ഒരു പ്രതിമ രൂപവൽകരിച്ചില്ല. ഹൃദയാന്തരാളത്തിൽ ഒളിച്ചു കളിക്കുന്നുവോ എന്ന ആശങ്കയാൽ പരിഭ്രമചിത്തനായി. "ആകാരത്തിൻ സുഷമായിതുപോലേതുപക്ഷിക്കുപോരം" എങ്ങിനെ ഉച്ചത്തിൽ ഉന്മാദകരചാപല്യങ്ങളോടുകൂടി ചൊല്ലിയതും ആരോ തന്റെകണ്ണുകൾ ഇറുക്കിപ്പൊത്തിയതും ഒന്നിച്ചുകഴിഞ്ഞു. "ഇതാ, പക്ഷിയുടെ ആകാരസുഷമയെ പ്രത്യംഗംതൊട്ടുകണ്ടു സ്വച്ഛന്ദം അനുഭവിച്ചുകൊള്ളുക." ഇപ്രകാരം അഭിവാദനം ചെയ്തുകൊണ്ടു തൃക്കൈകളെ നീട്ടി മഹാരാജ്ഞി ഭർത്താവിന്റെ പുരോഭാഗത്തു അവതരിച്ചു. കോയിപ്പണ്ടാലയും "സ്വപ്നം ചിലർക്കു ചിലകാലമൊത്തിടും" എന്നു ചൊല്ലിയുംകൊണ്ടു ഉണർന്ന മുഖത്തോടുകൂടി ഉത്ഥാനംചെയ്തു നീട്ടിയ കരവല്ലികളെ ദേഹത്തോടു ചുററിക്കെട്ടി മാറോടു മുറുകണച്ചു തഴുകി നെററിയിലും കവിൾത്തടങ്ങളിലും, അധരങ്ങളിലും, നേത്രങ്ങളിലും തുടരെത്തുടരെ തീവ്രമായ ചുംബനവർഷങ്ങൾ പൊഴിച്ചു ആനന്ദസാഗരത്തിൽ മുങ്ങിപ്പൊങ്ങിക്കളിച്ചു. വിരമിച്ചപ്പോൾ അമൃതേത്തിനു സമയമായി. അത്താഴംമൃത്തു കഴിച്ചു പള്ളിയറയിലെഴുന്നള്ളിയിരുന്നു ഇപ്രകാരം രസസല്ലാപമാരംഭിച്ചു.

രാജ്ഞി.—അവിടുന്നെന്നെ പക്ഷിയോടുപമിച്ചതെന്തിനു? സന്ദേശം തെററിപ്പോയോ?

കോ: ത—അവിടുത്തെ ഉദ്ദേശിച്ചല്ല ചൊല്ലിയതു. അവിടുത്തെ മൂർത്തിയായ വേലായുധന്റെ മയിൽവാഹനത്തെ ഉദ്ദേശിച്ചാ

ണ്ട്. സംശയനിവൃത്തിയ്ക്കായി അടുത്ത പാദം ചൊല്ലാം; കേട്ടുകൊള്ളുക.

"കേകാരാവം ശ്രവണസുഖദം കേൾക്കിലോതൃപ്തിയാകാ"

രാജ്ഞി:—ഭേഷ്! ഇപ്പോൾതന്നെ കവിരാജന്റെ പട്ടാഭിഷേകം നടത്തണം! എന്നെപ്പോലെയുള്ള സാധാരണക്കാർക്ക് മയിൽശബ്ദം കർണ്ണശൂലമാണ്. കാവ്യപരമ്പരയിൽ കയിൽനാദമല്ലാതെ മയിലിന്റെ രാഗവിസ്താരം വർണ്ണിച്ചിരിക്കുന്നതായി അറിവില്ല. "ആശാനും അടവുപിഴയ്ക്കും" ഇല്ലേ?

കോ:ത—ഇതു കവിയുടെ ആദർശമാണ്. "യത്രാകൃതിസ്തത്ര ഗുണാവസന്തി" എന്ന സാമുദ്രികലക്ഷണമുണ്ട്. അതിനെ നിർദ്ദേശിച്ചു ചൊല്ലിപ്പോയതാണ്. സന്ദർഭോചിതമായി മയിലിന്റെ ശബ്ദം ആനന്ദപ്രദമായിരിക്കുമെന്നു സ്വാനുഭവം തെളിയിക്കുന്നില്ലേ?

രാജ്ഞി:—ഇതുപോലെയുള്ള അവാസ്തവങ്ങൾ എന്നെക്കുറിച്ചും നവീനകാളിദാസൻ കവിസങ്കല്പത്താൽ നിർദ്ദേശിക്കുന്നുണ്ടോ?

കോ:ത—അവിടത്തെക്കുറിച്ചു നിർദ്ദേശിച്ചിട്ടുള്ളതെല്ലാം വാസ്തവമാണ്. പക്ഷേ, അല്പം കുറഞ്ഞുപോയിട്ടുണ്ട്. അവിടത്തെ ആകൃതിയും പ്രകൃതിയും കവിഹൃദയം കവിയുന്നതാകയാൽ എത്ര വിസ്തരിച്ചാലും അപൂർണ്ണമായിത്തന്നെയേയിരിക്കയുള്ളൂ.

രാജ്ഞി:—അവിടത്തേക്കും ഞാൻ അഗാധയാണോ? ഇതുവരെ പരിഗണിച്ചിട്ടില്ലേ?

കോ:ത—ഇല്ലല്ലൊ, ആഴം കണ്ടുപിടിപ്പാൻ സാധിച്ചിട്ടില്ല.

രാജ്ഞി:—"കേകാരാവശ്രവണസുഖ"ത്തിലേക്കു കവിഹൃദയം പായുന്നതു അതുകൊണ്ടായിരിക്കുമോ?

കോ:ത—അതെ; കല്പനയിൽ കുറച്ചു പിശകുവന്നാലും ക്ഷന്തവ്യമാണ്.

രാജ്ഞി:—ആട്ടെ, എന്നെക്കുറിച്ചു എത്രമാത്രം അറിഞ്ഞിട്ടുണ്ട്?

കോ:ത—അവിടുന്നു മഹാറാണിയാണെന്നു ഞാൻ അറിഞ്ഞിട്ടുണ്ട്. കോയിപ്പണ്ടാലയുടെ പ്രേമഭാജനമെന്നു പരക്കെ ബോധ്യം. മംഗല്യാംഗീമണിമകുടമെന്നു ലോകപ്രസിദ്ധം.

രാജ്ഞി:—ശരി; ഈ വിഷയത്തെപ്പററി ഒരു ശ്ലോകം നിർമ്മിക്കുക. "കേകാരാവംശ്രവണസുഖദം"പോലെയാവരുതേ!

കോ: ത— എന്നാൽ കഴിയുന്നതു ചെയ്യാം. അപൂർണ്ണമായിട്ടുണ്ടെങ്കിൽ എന്നെ കുറ്റം പറയരുതേ. ശ്രദ്ധിച്ചു കേൾക്കുക.

"ഓജസ്സൂർജ്ജസ്വലമുലകിലില്ലേവമന്യാംഗനാനാം
തേജസ്സോടൊത്തുടലിനിതുപോലാർക്കു സൌന്ദര്യമോർക്കിൽ?
സൌജന്യത്തെപ്പറകിലതസാധാരണം തന്നെയാണേ
രാജന്യസ്ത്രീമണിയുടെ ഗുണൌഘങ്ങളന്യാദൃശങ്ങൾ."

രാജ്ഞി:— പൌരസ്ത്യകവികൾക്ക് അതിശയോക്തി അത്യന്തമിത്രമാണെന്നു പണ്ടേതന്നെ ഒരു ദോഷാരോപണമുള്ളതാണ്. ഈ ദോഷം അവിടുന്നും പരിഗ്രഹിച്ചിരിക്കുകയാണോ? ഭർത്താവിന്റെ കണ്ണിൽ ഭാര്യയുടെ രൂപഗുണത്തിന് അതിരില്ലെന്നു സാധാരണ പറഞ്ഞുവരുന്നുണ്ട്. അതിനാൽ പൂർവ്വാർദ്ധം വളരെ തെറ്റിപ്പോയെന്നു പറയുന്നില്ല. എന്നാൽ എന്റെ 'സൌജന്യം' അസാധാരണമായിരുന്നു കല്പിക്കുന്നതു് അധികമാണു. ഭാര്യാലമ്പടന്റെ ആത്മപ്രശംസയാണെന്നേ എല്ലാവരും കരുതുകയുള്ളൂ.

കോ. ത:— അവിടത്തെക്കുറിച്ചങ്ങനെ പറവാൻ ഒരുത്തരും ഒരുമ്പെടുകയില്ല. അവിടത്തെ സ്വഭാവഗുണം അറിയാത്തവർ ഇപ്പോൾ മലയാളത്തിലും പരദേശത്തിലും ഒരുത്തരുമില്ല. ഭാവിസന്താനങ്ങളുടെ പ്രയോജനത്തിനു ഭർത്താവുതന്നെ എഴുതിവെച്ച അവ്യഭിചരിതമായ ചരിത്രം അത്യാവശ്യകമാണു്. അപ്രകാരം ഒരു ചരിത്രമെഴുതുവാൻ യോഗ്യത അവിടത്തോടുകൂടെ നിത്യപരിചയമുള്ള എന്നെക്കല്ലാതെ സാധിക്കയുണ്ടോ?

രാജ്ഞി.— ആട്ടെ; അന്ത്യപാദത്തിൽ സൂചിപ്പിച്ചിട്ടുള്ള എന്റെ അന്യാദൃശഗുണങ്ങൾ വിസ്തരിക്കുക.

കോ. ത— വിസ്തരിക്കാം. എന്റെ പരിധിയിൽ ഉൾപ്പെടുന്നതും അനുഭവമായിട്ടുള്ളതുമായ ഒന്നുരണ്ടു സംഗതികൾ ശ്ലോകരൂപത്തിൽ ഉദ്ധരിക്കാം.

"സ്വന്താനന്താപരിവൃഢമഹൈശ്വര്യസന്താപ്യപാസ്യാ-
ഹന്താഭന്താവളഗതിദയാധീനചേതാവിനീതാ—
സന്താപന്താർമധുമൊഴിയകറ്റീട്ടഭീഷ്ടങ്ങളെല്ലാം
സന്താനന്താനടിമലർപണിഞ്ഞിട്ടുവോർക്കേകിടുന്നു."

ഇതിൽ അവിടുന്നു കുറ്റം കാണുകയില്ല. അവിടത്തെ ഗുണസഞ്ചയങ്ങളിൽ നൂറിലൊരംശത്തിനുമാത്രമേ എനിക്കു ഭാഷ കിട്ടിയിട്ടുള്ളൂ.

രാജ്ഞി—ആ, ഭാഷയ്ക്കു സ്വാരസ്യവും പോറിയില്ല.

കോ: ത—അമ്മാമനെപ്പോലെ അവിടുന്നും എന്റെ കവിതയ്ക്കു ദോഷം പറഞ്ഞുതുടങ്ങിയോ?

രാജ്ഞി—ദോഷംകണ്ടാൽ പറയാതെ കഴിയുമോ?

കോ: ത—കിളിമാനൂർ കൊട്ടാരത്തിൽനിന്നു അയച്ച ശ്ലോകങ്ങൾ അവിടുന്നിപ്പോഴും ജീവസന്ധാരണമന്ത്രമായി ഉരുക്കഴിക്കുന്നുണ്ടല്ലോ. എനിക്കു കാളിദാസപട്ടം അവിടുന്നു അന്നു തന്നിട്ടില്ലേ?

രാജ്ഞി—അന്നുള്ള കാലം നാം രണ്ടുപേരും ചെറിയ കുട്ടികളായിരുന്നില്ലേ? നിരൂപണശക്തി ഇത്രത്തോളമുണ്ടായിരുന്നുവോ?

കോ: ത—ഇപ്പോൾ മഹാരാജാവിനെപ്പോലെ അവിടുന്നും ചതുശ്ശാസ്ത്രപാരംഗതയായിത്തീർന്നുവോ?

രാജ്ഞി—അങ്ങനെതന്നെ വച്ചുകൊള്ളുക.

കോ: ത—മഹാരാജാവിന്റെ പ്രോത്സാഹനക്രമം അവിടുന്നും പരിശീലിക്കുക. അനന്തശയനത്തിൽ—തേവാരത്തുകോയിക്കൽ—മഹാരാജ്ഞിയുടെ സമീപത്തിൽ—എന്റെ—ഞാൻ വിവാഹം ചെയ്തിട്ടുള്ള—ധർമ്മപത്നിയുടെ സാഹചര്യത്തിൽ—എനിക്കു കവിതാലക്ഷ്മി പ്രസാദിക്കുകയില്ലെന്നല്ലേ വലിയ കൊട്ടാരത്തിലെ ആത്മവിശ്വാസം. അതുകൊണ്ടല്ലേ ശതകം എടുത്തെറിഞ്ഞതു? തിരുവനന്തപുരം വിട്ടാലേ—രാജ്ഞിയെ ഉപേക്ഷിച്ചാലേ—അല്ലെങ്കിൽ, രാജ്ഞിയാൽ ഉപേക്ഷിക്കപ്പെട്ടാലേ—എനിക്കു കവിതയുണ്ടാകയുള്ളു എന്നു് ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടു് അഭിപ്രായപ്പെട്ടുവത്രേ! അവിടുന്നും മഹാരാജാവിന്റെ അഭിപ്രായത്തോടുയോജിച്ചു പ്രവർത്തിച്ചുകൊള്ളുക. ഞാൻ തപസ്സുചെയ്യാനുള്ള ഗുഹ കാണിച്ചുതരിക; ഇവിടുത്തെ സഹായമില്ലാതെയാണു മഹാരാജാവു വിഷമിക്കുന്നതു്. വേഗം രണ്ടുപേരുമിരുന്നു ആലോചിച്ചു തീർച്ചയാക്കുക. വരവും വാങ്ങിക്കൊണ്ടു വരുവാൻ ശ്രമിക്കാം. ഫലിച്ചില്ലെങ്കിൽ കേരളവർമ്മയുടെ ചരിത്രം ഇതോടുകൂടി മണ്ണടിയിൽ മറയട്ടെ.

രാജ്ഞി—അയ്യോ അവിടുത്തെ നിർബ്ബന്ധശക്തി അപാരം! ഈ പ്രസംഗത്തിനൊന്നും കാരണം ഞാൻ കണ്ടില്ല. ഇക്കാലത്തു ഭർത്താവിനോടുപോലും സ്വാതന്ത്ര്യം പ്രയോഗിക്കുന്നതു അപകടമാണു്. മൊട്ടും മൊഴയുമായുള്ള ഈ ഗദ്യരീതി എവിടുന്നു

പറ്റില്ല? എന്റെ ഗുണദോഷം കേൾക്കാൻ വയ്യെങ്കിൽ അവിടുത്തെ ഇഷ്ടംപോലെയാകട്ടെ. ഞാൻ പറഞ്ഞില്ലെന്നു വെച്ചുകൊള്ളുക.

കോ: ത—നേരമ്പോക്കു പറഞ്ഞതേയുള്ളൂ. അവിടുന്നു ദ്വേഷ്യപ്പെടേണ്ട. അവിടുത്തെ ദാസനാണു ഞാൻ, പറഞ്ഞുകൊള്ളുക.

രാജ്ഞി—ഞാൻ അവിടുത്തെ ദാസിയുമാണ്.

കോ: ത—മഹാരാജാവിനു ടിയറവെച്ച ആറു ശ്ലോകത്തിൽ ഇതും ചേർന്നിട്ടുണ്ട്. ഒരു ദോഷം ഇതു കണ്ടിട്ടായിരിക്കും അദ്ദേഹത്തിനു കോപംവന്നു വലിച്ചെറിഞ്ഞതു്. അവിടുത്തെ അഭിപ്രായപ്രകാരം ശ്ലോകം പരിഷ്കരിക്കാം.

രാജ്ഞി:—ഈ പൊട്ടപ്പെണ്ണു പറയുന്നതും അല്പം കേട്ടുകളയാമെന്നുള്ള കാലം മഹാനായ കോയിപ്പണ്ടാലയ്ക്കുണ്ടായോ?

കോ: ത—ലോകം ഭരിക്കുന്നതു പെണ്ണുങ്ങളല്ലേ? കൈലാസനാഥന്റെ ശരീരാർദ്ധം അപഹരിച്ചതാരാണ്? മലപ്പെണ്ണല്ലേ? ഭാര്യയെ ഭർത്താവെന്നും ഭർത്താവിനെ ഭാര്യയെന്നും വിളിക്കാതെ നിത്യപദങ്ങളെ ഭാഷയിൽ ഏറ്റവുമതിചെയ്ത ഗോവർകഴുതകളെ പറകൊട്ടി നിങ്ങൾതന്നെ എഴുന്നള്ളിക്കണം.

രാജ്ഞി.—ഞാൻ ഒന്നു ഭരിക്കാമോയെന്നു നോക്കട്ടെ. ശ്ലോകത്തിന്റെ ഉത്തരാർദ്ധത്തിൽ 'ർ' 'ൻ' ആക്കിയതുകൊണ്ടു വൈഷമ്യം ഒന്നും വരാനില്ല. ഒരർദ്ധാക്ഷരമല്ലേ മാറുന്നുള്ളൂ.

കോ: ത—ഒരു ചില്ലു മാറിയതുകൊണ്ട് അർത്ഥത്തിനു വളരെ ഭേദം വന്നുപോയി ഞാൻ ഉദ്ദേശിച്ച അർത്ഥം വരുന്നില്ല. പൂന്തേൻമൊഴി എന്നു വരണ്ടേ?

രാജ്ഞി:—ശരി; 'പൂ' എന്നു വച്ചുകൊള്ളണം. 'പൂമധുമൊഴി' എന്നു പറഞ്ഞാൽ സരളതയ്ക്കു കുറവു വരികയില്ലല്ലോ.

കോ: ത—രാജ്ഞിയുടെ പാഠം ഇതാണെന്നു് എഴുതിക്കൊള്ളുക.

രാജ്ഞി:—ഈ സന്താനത്തിനു സന്താനമുണ്ടാകാത്തതെന്തു്? ധർമ്മം അധികമായിപ്പോയതുകൊണ്ടോ?

കോ: ത—ആയിരിക്കാം. കവചകുണ്ഡലങ്ങൾ കൊടുത്തു കർണ്ണൻ പാപ്പരായില്ലേ?

രാജ്ഞി:—ഈ സന്താനം ഒരിക്കലും പുഷ്പിച്ചു കായ്ക്കയില്ലയോ?

കോ: ത—അതിനായിരിക്കാം കോയിപ്പണ്ടാലയെ മാററണമെന്നു നിശ്ചയിച്ചതു്.

രാജ്ഞി—ഇതാണോ എൻെറ ധമ്മത്തിൻെറ ഫലം?

കോ: ത—അങ്ങനെയല്ലേ കാണുന്നതു്?

"കലൌ കൃതയുഗന്യായം
യോനരഃ കത്തുമിച്ഛതി
സ്വാമിദ്രോഹീ ഭവേന്മത്യാ
നിതരാം ബാധതേ കലിഃ"

എന്നു പ്രമാണമുണ്ടല്ലോ.

രാജ്ഞി:- അങ്ങനെ പരിണമിക്കാനാണു ഭാവമെങ്കിൽ നിവൃത്തിയില്ലല്ലോ. എന്നുവച്ചിട്ടു ധമ്മം കൈവിടാൻ നിശ്ചയിച്ചിട്ടില്ല.

റാണിത്തിരുമനസ്സുകൊണ്ടു സാധാരണ സ്ത്രീകളെപ്പോലെ വാവിട്ടു കരഞ്ഞുതുടങ്ങി. കോയിപ്പണ്ടാല ശ്ലോകാർത്ഥം ചൊല്ലുന്നു.

"വണ്ടാർപൂവേണികൾ പണിയുമെൻകാന്തവാഴുന്നതല്ലേം
കണ്ടാലാരും കരയു,മലിയും കല്ലിനൊത്തോരു ഹൃത്തും"

രാജ്ഞി (കണ്ണുതുടച്ചുകൊണ്ടു) മതി, മതി, മുഖസ്തുതി പാടില്ല.

കോ: ത—എന്താണു ദേഷ്യപ്പെടുന്നതു്? അന്ത്യഘട്ടത്തിൽ പ്രണയകലഹം ഹൃദയംഗമമല്ലായിരിക്കാം.

രാജ്ഞി—എന്താണവിടുത്തെ കവിഹൃദയം? എനിക്കു മനസ്സിലാകുന്നില്ല.

കോ: ത—തിരുമുമ്പിൽ കാര്യാലോചനനടത്തുന്നതു ഞാനല്ലല്ലോ. എനിക്കു അവിടെയും ഇവിടെയും അരിച്ചുവരുന്ന വത്തമാനമല്ലേ കിട്ടുന്നുള്ളു. അവിടുന്നറിയാത്ത സംഗതി എനിക്കു സുലഭമാണോ? അവിടുത്തെ പ്രതാനുഷ്ഠാനങ്ങളുടെ തിരക്കുകൊണ്ടു എനിക്കു കാണാനും സൌകര്യംകിട്ടുന്നില്ല.

രാജ്ഞി—ഇതിനും കവിധമ്മമുണ്ടോ?

കോ: ത—ഞാൻ കവിയല്ല കവിതയുണ്ടായിരുന്നെങ്കിൽ മണ്ണു വിണ്ണെന്നു ചൊല്ലി രക്ഷാമാർഗ്ഗം ആലോചിക്കാമായിരുന്നു. ഉള്ളു വാസ്തവത്തെ അലങ്കാരമില്ലാതെ പറഞ്ഞതുകൊണ്ടല്ലേ ഭരാപത്തുവന്നുപെടിക്കുടിയതു്. അവിടുത്തെ ജോലിത്തിരക്കിനെക്കുറിച്ചു് ഒരു നാലുവരി തീർത്തിട്ടുണ്ടു്. കവിതയാണോയെന്നു് അവിടുന്നു് അഭിപ്രായം പറയുമോ?

“സൂക്ഷിച്ചംഗംപ്രതിസുരുചിരസ്ഫാരസൌന്ദര്യസാരം
ഭ്രൂക്ഷേപംശന്നിന്നതിലകമാംപ്രേയസിമസ്സതീയാം
വീക്ഷിക്കാനപ്പൊഴുതവസരംകിട്ടുകില്ലൊട്ടുമംഭോ-
ജാക്ഷിക്കോരോനിയമമതിന്നായാത്തുപോകേണ്ടതുണ്ടാം”

രാജ്ഞി:—ഇവിടുത്തെ നന്മയെയുദ്ദേശിച്ചുതന്നെയാണ് ഉള്ളൂരിൽ പോയി പാട്ടുകിടക്കുന്നതു്.

കോ:ത:—ക്ഷേമക്കമാസിക അങ്ങനെയല്ല പറയുന്നതു്.

രാജ്ഞി—അവിടുത്തേക്കും സ്വപക്ഷഭയം ഉണ്ടായാൽ ഞാൻ ഉത്തരവാദിയല്ല. എന്നെയുള്ള ഭയംകൊണ്ടാണോ ഇങ്ങോട്ടു എത്തിനോക്കുവാൻകൂടി മടിക്കുന്നതു്?

കോ: ത—അവിടുത്തെയോടുള്ള ഭയമല്ല. മഹാരാജാവിനെ പ്പേടിച്ചാണ്. എനിക്കു ഇവിടെ വരുവാൻ അർഹതയില്ലെന്നല്ലേ മഹാരാജാവു കല്പിച്ചിരിക്കുന്നതു്? അതുകൊണ്ടു ഭയപ്പെടാതെ കഴിയുമോ?

രാജ്ഞി—എന്നാൽ ഒരു പ്രതിനിധിയെ അയച്ചേക്കുക.

കോ: ത—കാലംവരുമ്പോൾ തന്നാലെ വരുന്നതാണ്.

രാജ്ഞി—ആരു്?

കോ: ത—മയിൽക്കോഴി; ശ്രീവിശാഖന്റെ പത്രം?

രാജ്ഞി—‘കേകാരവം’ കേട്ടു രസിപ്പാനാണല്ലേ? അയ്യോ! കഷ്ടഗതി! ഇപ്പോഴേ സന്ദേശമെഴുതുവാൻ ആരംഭിച്ചുകഴിഞ്ഞോ?

കോ: ത—എഴുതി അടിയറ വച്ചു സമ്മാനവും വാങ്ങിയവിവരം പറഞ്ഞുകഴിഞ്ഞില്ലേ? ഇനി അവിടുത്തെ തോഷമോ രോഷമോ മാത്രമേ ബാക്കിയുള്ളൂ. അതറിവാനാണ് ഉൽക്കണ്ഠ.

രാജ്ഞി:—മയിലിനെ അയയ്ക്കുന്നതിന്റെ കാരണം കേൾക്കട്ടെ.

കോ: ത—രാജാവിനെയുള്ള ഭയംതന്നെ.

തത്താട്ടക്കാംനരപതിഭയംകൊണ്ടുമററാരുമിപ്പോ-
ളെത്താനന്തൽപുരമതിൽ മഹാരാജ്ഞിയെക്കാണുവാനും
വൃത്താന്തംമേ പറവതിനുമാളല്ല, നീതന്നെവേണം
ചിത്തംശപം സംരുചിരചികരായ്ക്കുകവാൻകേകിവര്യ!”

തമ്മിലോനോക്കി കാര്യം സാധിപ്പാൻ വീലകണ്ടുനമാത്രമേ പ്രാപ്തിയുള്ളൂ.